വേദപ്രചാര
# മദ്ധ്യസ്ഥൻ
വാല്യം 94 ലക്കം 12 | 2022 ജൂൺ



The official organ of the Archeparchy of Changanacherry

## അതിരൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ എക്യുമെനിക്കൽ സമ്മേളനം







## സംയുക്ത മദ്യവിരുദ്ധ സമിതിയുടെ പ്രതിഷേധ റാലിയും പൊതുസമ്മേളനവും











"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 94 ● ലക്കം 12 ● ജൂൺ 2022

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സന്ദേശം - മാർപാപ്പാ ... 05
സന്ദേശം - ലോക മാധ്യമദിനം 2022 (മാർപാപ്പാ) ... 11
കെ.സി.ബി.സി. സർക്കുലർ - കേരള സഭാനവീകരണം ... 18
കച്ചേരിക്കാര്യം ... 24
സംയുക്ത മദ്യവിരുദ്ധസമിതി പ്രതിഷേധറാലി - റിപ്പോർട്ട് ... 31
136-ാമത് അതിരൂപതാദിനാചരണറിപ്പോർട്ട് ... 32
പി.ആർ.ഒ ... 38
MAAC (Media Apostolate Archeparchy of Changanachery) ... 39
സന്ദേശനിലയം ... 40
ചെറുപുഷ്പ മിഷൻലീഗ് ... 43
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ... 45
ഫാമിലി അപ്പോസ്റ്റലേറ്റ് ... 49
യുവദീപ്തി - എസ്.എം.വൈ.എം ... 56
കെ.സി.എസ്.എൽ ... 59
CARP ... 60
ചാസ് ... 61
ജീവകാരുണ്യനിധി ട്രസ്റ്റ് ... 68
ആതുരശുശ്രൂഷാ മേഖല ... 70
പ്രവാസി അപ്പോസ്തലേറ്റ് ... 72
കെ.എൽ.എം. ... 74
കത്തോലിക്കാ കോൺഗ്രസ് ... 75
ആത്മതാകേന്ദ്രം ... 76
ദീപിക ഫ്രണ്ട്സ് ക്ലബ് ... 78
ദലിത് കത്തോലിക്കാ മഹാജനസഭ ... 80
ഫ്രാൻസിസ്കൻ അല്മായസഭ ... 81
വിൻസെൻഷ്യൻ വേദി ... 83
കരിസ്മാറ്റിക് നവീകരണം ... 85
പൗരോഹിത്യ ആദ്ധ്യാത്മികത ... 86
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ... 91
Engagements ... 101

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3702/K-5/KCBC/OL/DS 07.05.2022

# 2022 ലെ ദൈവവിളികൾക്കായുള്ള ലോക പ്രാർഥനാദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## മാനവകുടുംബം പണിതുയർത്താൻ വിളിക്കപ്പെട്ടിരിക്കുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ,

യുദ്ധത്തിന്റെയും മർദ്ദനത്തിന്റെയും ശീതക്കാറ്റ് വീശുകയും നിരന്തരം ധ്രുവീകരണത്തിന്റെ അടയാളങ്ങൾ അഭിമുഖീകരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലാണ് നാം സഭയെന്ന രീതിയിൽ സിനഡാത്മക പ്രക്രിയ ഏറ്റെടുത്തിരിക്കുന്നത്: അടിയന്തിരമായി ഒരുമിച്ചു സഞ്ചരിക്കുന്നതിന്റെയും ശ്രവിക്കാനും, പങ്കുചേരാനും, പങ്കുവയ്ക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുന്നതിന്റെയും ആവശ്യം നാം മനസ്സിലാക്കുന്നു. നല്ല മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരോടും ചേർന്നു മാനവകുടുംബം പണിയുന്നതിൽ സഹായിക്കാനും അതിന്റെ മുറിവുകൾ ഉണക്കാനും അതിനെ കൂടുതൽ നല്ല ഒരു ഭാവിയിലേക്കു നയിക്കാനും നാം താത്പര്യപ്പെടുന്നു. ദൈവവിളികൾക്കായുള്ള ഈ 59-ാം ലോക പ്രാർഥനാദിനത്തിൽ സിനഡാത്മക സഭയുടെ പശ്ചാത്തലത്തിൽ ''ദൈവവിളി'' യുടെ വിശാല അർഥത്തെക്കുറിച്ച് നിങ്ങളോടൊത്ത് വിചിന്തനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു; സഭതന്നെയും ദൈവത്തെയും ലോകത്തെയും ശ്രവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

### സഭയുടെ ദൗത്യത്തിൽ ഒരുമിച്ച് മുഖ്യപ്രണേതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്

സിനഡാത്മകത, അഥവാ ഒരുമിച്ചുള്ള സഞ്ചാരം, സഭയുടെ മൗലികമായ വിളിയുടെ ഭാവമാണ്. ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു വ്യത്യസ്തങ്ങളായ ദൈവവിളികളെയും സിദ്ധികളെയും ശുശ്രൂഷകളെയും തിരിച്ചറിയുകയും അവയെ വിലമതിക്കുകയും ചെയ്യാനാകൂ. സുവിശേഷപ്രഘോഷണം നടത്താനും മുന്നോട്ടു ഗമിച്ചുകൊണ്ട് സുവിശേഷത്തിന്റെ വിത്തുകൾ പാകാനുംവേണ്ടിയാണ് സഭ നിലകൊള്ളുന്നതെന്ന് നമുക്കറിയാമല്ലോ. അജപാലന പ്രവൃത്തിയുടെ എല്ലാ മേഖലകളിലും എല്ലാവരും ഒരുമിച്ചാണ് ഈ ദൗത്യം നിർവഹിക്കുന്നത്; ഇക്കാര്യത്തിൽ

കർത്തൃശിഷ്യരെല്ലാവരും ഉൾപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ''ജ്ഞാന സ്നാനം വഴിയായി ദൈവജനത്തിന്റെ എല്ലാ അംഗങ്ങളും പ്രേഷിത ശിഷ്യരായിത്തീർന്നിരിക്കുന്നു (മത്താ 28:19 കാണുക). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും, സഭയിൽ അവരുടെ സ്ഥാനം എന്താണെന്നോ, വിശ്വാസത്തിലുള്ള അവരുടെ അറിവ് എത്രമാത്രമാണെന്നോ വ്യത്യാസമില്ലാതെ, സുവിശേഷവൽക്കരണത്തിന്റെ വക്താക്കളാണ്'' (Evangelii Gaudium, 120). വൈദികഗണത്തെയും അത്മായ വിശ്വാസികളെയും വേർതിരിച്ചുനിറുത്തുന്ന പ്രവണതയ്ക്കെതിരേ നാം ജാഗരൂകരായിരിക്കണം; അത് വൈദികവൃന്ദത്തെ ഇക്കാര്യത്തിൽ മുഖ്യകഥാപാത്രങ്ങളും അത്മായരെ പ്രവർത്തകരുമായി വേർതിരിച്ചുകാണും; എന്നാൽ അത്മായരും അജപാലകരും ഒന്നുചേർന്ന് ഒരു ദൈവജനം എന്ന നിലയിലാണ് ക്രൈസ്തവധർമം നിറവേറ്റുന്നത്. സഭ ആകമാനം ഒരു സമൂഹമെന്ന നിലയിൽ സുവിശേഷപ്രഘോഷണം നടത്തുന്ന ഒന്നാണ്.

## പരസ്പരവും സൃഷ്ടിയുടെയും രക്ഷിതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്

ജീവിതത്തിൽ പ്രത്യേകമായ സമർപ്പണത്തിലൂടെ കർത്താവിനെ പിഞ്ചെല്ലുന്നവരെകുറിച്ചു ഉപയോഗിച്ചുവരുന്ന ഒരു പദമായി ''ദൈവവിളി'' എന്നതിനെ വളരെ ചുരുങ്ങിയ അർഥത്തിൽ മനസ്സിലാക്കാൻ പാടില്ല. ഛിന്നഭിന്നമാക്കപ്പെട്ട മനുഷ്യരാശിയെ ഒന്നിപ്പിക്കാനും അതിനെ ദൈവവുമായി അനുരഞ്ജിപ്പിക്കാനുമുള്ള മിശിഹായുടെ ദൗത്യത്തിൽ പങ്കുചേരാൻ നാമെല്ലാവരും വിളിക്കപ്പെട്ടവരാണ്. ഓരോ സ്ത്രീക്കും പുരുഷനും, അവർ മിശിഹായെ കണ്ടുമുട്ടുന്നതിനും ക്രൈസ്തവ വിശ്വാസം ആശ്ലേഷിക്കുന്നതിനും മുമ്പേതന്നെ, അടിസ്ഥാനപരമായ ഒരു വിളിയുടെ ദാനം ലഭിക്കുന്നു: നമ്മിൽ ഓരോരുത്തരും ദൈവം തീരുമാനിച്ചുറച്ച സൃഷ്ടിയും നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരുമാണ്; ദൈവത്തിന്റെ മനസ്സിൽ നമുക്കു ഓരോരുത്തർക്കും അനന്യവും സവിശേഷവുമായ ഒരു സ്ഥാനമുണ്ട്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സന്നിഹിതമായി ജ്വലിക്കുന്ന ഈ ദൈവിക സ്ഫുലിംഗം ഊതിവീർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാം സ്നേഹവും പരസ്പര അംഗീകാരവും വഴിയായി മനുഷ്യരാശിയുടെ വളർച്ചയ്ക്കായി സഹകരിക്കാൻ ബാധ്യസ്ഥരാണ്. നമ്മൾ പരസ്പരം സംരക്ഷകരാകണം; അങ്ങനെ ഒത്തൊരുമയുടെയും പങ്കുവയ്ക്കലിന്റെയും ഇഴകൾ ശക്തിപ്പെടണം; അതുപോലെതന്നെ ഈ സൃഷ്ടപ്രപഞ്ചം നശിക്കാത്തവിധം അതിന്റെ മുറിവുകൾ ഉണക്കപ്പെടണം. ചുരുക്കത്തിൽ, സൃഷ്ടിയുടെ വിശിഷ്ടമായ ഈ പൊതുഭവനത്തിൽ അതിന്റെ വൈവിധ്യങ്ങളായ അംശങ്ങളിൽ അനുരഞ്ജിക്കപ്പെട്ട്, നാം ഏക കുടുംബമാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വിശാല അർഥത്തിൽ വ്യക്തികൾക്കു മാത്രമല്ല ''ദൈവവിളി'' ഉള്ളത്, പ്രത്യുത അത് ജനതകൾക്കും സമൂഹങ്ങൾക്കും വ്യത്യസ്ത വിഭാഗങ്ങൾക്കും ഉള്ളതാണ്.

## ദൈവത്തിന്റെ കാഴ്ച സ്വാഗതം ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നത്

ഈ മഹത്തായ പൊതു ദൈവവിളിക്കുള്ളിൽ, ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായ ക്ഷണം നല്കി വിളിക്കുന്നു. അവിടന്നു തന്റെ സ്നേഹത്താൽ നമ്മെ സ്പർശിക്കുകയും നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു; അത് മരണത്തിന്റെ പടിവാതിലിനെ അതിലംഘിക്കുന്ന ഒരു സാക്ഷാത്കാരത്തിന്റെ ഭാവമാണ്. അങ്ങനെയാണ് ദൈവം നമ്മുടെ ജീവിതങ്ങളെ കാണാൻ ആഗ്രഹിച്ചതും ഇപ്പോൾ കാണുകയും ചെയ്യുന്നത്.

ഓരോ ശിലയ്ക്കും ഉള്ളിൽ ഒരു പ്രതിമ സ്ഥിതിചെയ്യുന്നു എന്നാണ് മൈക്കൾ ആഞ്ചെലോ ബുണോറാത്തി കരുതിയിരുന്നത്; ശില്പിയുടെ ജോലിയാണ് അത് അനാച്ഛാദനം ചെയ്യുക എന്നത്. അത് ഒരു കലാകാരനെ സംബന്ധിച്ച് സത്യമാണെങ്കിൽ, ദൈവത്തെ സംബന്ധിച്ച് എത്ര അധികമാണ്! നസ്രത്തിലെ ആ യുവതിയിൽ അവിടന്ന് ദൈവമാതാവിനെക്കണ്ടു. മത്സ്യത്തൊഴിലാളിയായ ശിമയോനിൽ തന്റെ സഭ പണിതീർക്കാനുള്ള പാറയായി അവിടന്നു പത്രോസിനെ കണ്ടു. ചുങ്കക്കാരൻ ലേവിയിൽ അവിടന്നു അപ്പസ്തോലനും സുവിശേഷകനുമായ മത്തായിയെ തിരിച്ചറിഞ്ഞു; സഭയുടെ കടുത്ത പീഡകനായിരുന്ന സാവൂളിൽ അവിടന്ന് വിജാതിയരുടെ അപ്പസ്തോലനായ പൗലോസിനെ കണ്ടു. ദൈവത്തിന്റെ സ്നേഹാർദ്രമായ നോട്ടം നമ്മെ എപ്പോഴും കണ്ടുമുട്ടുന്നു, നമ്മെ സ്പർശിക്കുന്നു, നമ്മെ സ്വതന്ത്രരാക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു; അങ്ങനെ നാം പുതിയ വ്യക്തികളായി മാറുന്നു. ഓരോ ദൈവവിളിയിലും ഇതാണ് സംഭവിക്കുന്നത്: നമ്മെ വിളിക്കുന്ന ദൈവത്തിന്റെ നോട്ടം നമ്മുടെമേൽ പതിക്കുന്നു. എന്നാൽ വിശുദ്ധിയെപ്പോലെതന്നെ ദൈവവിളിയും ചിലർക്കുവേണ്ടി മാത്രം പരിമിതിപ്പെടുത്തിയിട്ടുള്ള അനിതരസാധാരണമായ ഒരുനുഭവമല്ല. ''തൊട്ടപ്പുറത്തെ വാതിലിനുള്ളിൽ വിശുദ്ധി ഉള്ളതുപോലെ'' (Gaudate et Exsultate 6-9 വരെ കാണുക) ഓരോ ആളിനും ദൈവവിളിയുണ്ട്; കാരണം ദൈവത്തിന്റെ നോട്ടവും വിളിയും ഓരോ വ്യക്തിയിലേക്കും തിരിഞ്ഞിരിക്കുന്നു.

വിദൂര പൗരസ്ത്യദേശത്തുനിന്നുള്ള ഒരു പഴമൊഴിപ്രകാരം, ''ജ്ഞാനിയായ ഒരു മനുഷ്യൻ ഒരു മുട്ടയിൽ ഒരു കഴുകനെ കാണുന്നു; ഒരു വിത്തിൽ നോക്കിയിട്ട് അയാൾ ഒരു വൃക്ഷത്തെ കാണുന്നു; പാപിയായവനെ നോക്കിയിട്ട് അയാൾ ഒരു വിശുദ്ധനെ കാണുന്നു.'' അങ്ങനെയാണ് ദൈവം നമ്മെ നോക്കിക്കാണുന്നത്; ചിലപ്പോൾ നമുക്കുതന്നെ നമ്മെക്കുറിച്ച് അവബോധമില്ലാത്ത ചില അന്തർലീനശക്തി അവിടന്നു കാണുന്നു. ഈ അന്തർലീനശക്തി നമ്മൾ പൊതു നന്മയ്ക്കായി ഉപയോഗപ്പെടുത്താൻവേണ്ടി അവിടന്നു നമ്മുടെ ജീവിതങ്ങളിൽ അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു.

ദൈവവിളി ഈ രീതിയിലാണ് ഉയർന്നുവരുന്നത്. അതായത്, നമ്മൾ നമ്മിൽനിന്നുതന്നെ പുറത്തേക്കു നീങ്ങി നമ്മൾ ആയിത്തീരാനായി വിളിക്കപ്പെട്ട ഉൽകൃഷ്ട കലാസൃഷ്ടിയായി ഭവിക്കാൻ ദൈവിക ശില്പിയുടെ കരങ്ങളുടെ കലാവിരുത് കാരണമായിത്തീരുന്നു. നമ്മൾ സ്വാർഥമതികളാകുന്നതിൽനിന്നു നമ്മെ സ്വതന്ത്രരാക്കുന്ന ദൈവവചനം നമ്മെ സവിശേഷമാംവിധം ശുദ്ധീകരിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനും പ്രാപ്തമാണ്. ആകയാൽ ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൈവവിളിയോട് ഉത്തരോത്തരം തുറന്ന മനോഭാവം പുലർത്തുന്നതിനു നമുക്കു ദൈവവചനം ശ്രവിക്കാം. നമ്മുടെ വിശ്വാസം ഏറ്റുപറയുന്ന സഹോദരീസഹോദരന്മാരെയും ശ്രദ്ധിക്കാൻ നമുക്കു പഠിക്കാം. കാരണം, നമ്മൾ പിന്തുടരാനായി പുത്തൻപാതകൾ നമ്മെ കാണിച്ചുതരുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തിതരാൻ അവരുടെ ഉപദേശവും മാതൃകയും സഹായകമാകും.

## ദൈവത്തിന്റെ നോട്ടത്തോട് പ്രത്യുത്തരിക്കാൻ വിളിക്കപ്പെടുന്നത്

ദൈവത്തിന്റെ സ്നേഹമസൃണവും സൃഷ്ടിപരവുമായ നോട്ടം നമ്മെ ഈശോയിൽ അതിവിശിഷ്ടമാംവിധം കണ്ടുമുട്ടുകയുണ്ടായി. ''ഈശോ അവനെ നോക്കി, സ്നേഹം തോന്നി അവനോടു പറഞ്ഞു'' എന്നു സുവിശേഷകനായ മർക്കോസ് (10:21) ധനികനായ യുവാവിനെ പരാമർശിച്ചു പറയുന്നു. ഈശോയുടെ സ്നേഹംനിറഞ്ഞ നോട്ടം നമ്മുടെ എല്ലാവരുടെയുംമേൽ ആയിരിക്കുന്നു. നമ്മിൽനിന്നു നമ്മെത്തന്നെ പുറത്തേക്കു നയിക്കുന്നതിനു നമ്മുടെമേൽ ഈ നോട്ടം വന്നുഭവിക്കുന്നതിനും അവിടന്നു നമ്മിൽ പ്രവർത്തിക്കുന്നതിനും അവിടത്തെ നമുക്കു അനുവദിക്കാം. ആരുടെയൊക്കെകൂടെ നാം ജീവിക്കുന്നുവോ ആരെയൊക്കെ നാം കണ്ടുമുട്ടുന്നുവോ - അവർ ആരായാലും - അവരെ സ്വാഗതം ചെയ്യുന്നവിധം അവരെ നോക്കാൻ നമുക്കു പഠിക്കാം; അതുവഴിയായി തങ്ങളുടെ അന്തർലീനശക്തിയുടെ പൂർണവികാസത്തിനായി തങ്ങളെ ക്ഷണിക്കുകയും തങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളുണ്ടെന്നു അവർ കണ്ടെത്തുകയും ചെയ്യട്ടെ.

ഈ നോട്ടം നാം സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ പരിവർത്തിതമാകും. അപ്പോൾ നമ്മളും കർത്താവും തമ്മിലുള്ളതും നമ്മൾ തമ്മിലും മറ്റുള്ളവരുമായുള്ള ദൈവവിളിയെ സംബന്ധിച്ച ഒരു സംഭാഷണമായി എല്ലാം മാറും. ആഴത്തിൽ അനുഭവിച്ചറിഞ്ഞ ഒരു സംഭാഷണം, നമ്മെ വളരെകൂടുതലായി നാമാക്കി മാറ്റും: പൗരോഹിത്യ ശുശ്രൂഷയിലേക്കുള്ള വിളിയിൽ മിശിഹായുടെ കൃപയുടെയും കരുണയുടെയും ഉപകരണങ്ങൾ; സമർപ്പിതജീവിതത്തിലേക്കുള്ള വിളിയിൽ ദൈവത്തെ സ്തുതിക്കുന്നവരും പുതിയൊരു മാനവികതയുടെ പ്രവാചകരും; വൈവാഹികജീവിതത്തിലേക്കുള്ള വിളിയിൽ പരസ്പരമുള്ള ദാനമാകുന്നവരും

ജീവന്റെ ദാതാക്കളും അധ്യാപകരും; എല്ലാ സഭാപര വിളിയിലും ശുശ്രൂഷയിലും ദൈവത്തിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെയും ലോകത്തെയും കാണുന്നവരും നമ്മെ ശുശ്രൂഷിക്കുന്നവരും പ്രവർത്തനങ്ങളും വാക്കുകളുംവഴി സ്നേഹം പ്രസരിപ്പിക്കുന്നവരും.

ഇവിടെ ഞാൻ ഡോ. ഹൊസേ ഗ്രെഗോറിയോ ഹെർണാൻണ്ടസ് ചിസ്നെറോസിനെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെനെസ്വേലയിലെ കരാക്കാസിൽ ഭിഷഗ്വരനായി പ്രവർത്തിക്കുന്നതിനിടയിൽ അദ്ദേഹത്തിനു ഒരു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിത്തീരാൻ ആഗ്രഹമുണ്ടായി. തുടർന്നു അദ്ദേഹം ഒരു ആശ്രമവാസിയും പുരോഹിതനും ആകാൻ ആഗ്രഹിച്ചു; എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യം അതിനു അനുവദിച്ചില്ല. തന്റെ ദൈവവിളി ആതുരശുശ്രൂഷാരംഗത്താണെന്നു അദ്ദേഹം തുടർന്നു മനസ്സിലാക്കി; അതിൽ അദ്ദേഹം ദരിദ്രരായവരുടെ ശുശ്രൂഷയിൽ ഏറെ താത്പര്യപൂർവം സമയം ചെലവഴിച്ചു. അദ്ദേഹം അക്കാലത്തെ ലോകമഹാമാരിയായ ''സ്പാനിഷ് ഫ്ളൂ'' പിടിപെട്ടവരെ ശുശ്രൂഷിക്കുന്നതിൽ പരിമിതികളില്ലാതെ പ്രവർത്തിച്ചു. താൻ പരിചരിച്ചിരുന്ന ഒരു മുതിർന്ന രോഗിക്കു മരുന്നു വാങ്ങി ഫാർമസിയിൽനിന്ന് ഇറങ്ങി വരുമ്പോൾ ഒരു കാറിടിച്ച് അദ്ദേഹം ദിവംഗതനായി. കർത്താവിന്റെ വിളി സ്വീകരിച്ച് അത് പൂർണമായും ആശ്ലേഷിച്ച ആളെന്ന നിലയിൽ അദ്ദേഹം ഉത്തമസാക്ഷിയാണ്; ഒരു വർഷം മുമ്പ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായി വിളിക്കപ്പെട്ടു.

## സാഹോദര്യം നിറഞ്ഞ ലോകം പണിതുയർത്താൻ വിളിക്കപ്പെടുന്നത്

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു വ്യക്തിപരമായുള്ള ഒരു വിളി മാത്രമല്ല ലഭിക്കുന്നത്; നമ്മൾ ഒരുമിച്ച് വിളിക്കപ്പെട്ടവരാണ്. നാം ഒരു മൊസയിക്കിന്റെ വ്യത്യസ്ത ചില്ലുകൾപോലെയാണ്. ഓരോചില്ലും അതിൽത്തന്നെ സുന്ദരമാണ്; എന്നാൽ അവ ചേർത്തുവച്ചുകഴിയുമ്പോൾ അത് ഒരു പൂർണചിത്രമായി മാറുന്നു. നമ്മൾ ഓരോരുത്തരും ഒരു താരകത്തെപ്പോലെ ദൈവത്തിന്റെ ഹൃദയത്തിലും പ്രപഞ്ചത്തിന്റെ നഭോമണ്ഡലത്തിലും പ്രകാശിക്കുന്നു. അതേസമയംതന്നെ, നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽതുടങ്ങി മനുഷ്യരാശിയുടെ പാത നിയന്ത്രിക്കാനും തെളിയിക്കാനും താരാവൃന്ദങ്ങളായി രൂപീകൃതമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതാണ് സഭയുടെ രഹസ്യം; വ്യത്യസ്തകളുടെ ഒരാഘോഷം; മനുഷ്യരാശി എന്താകാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ അടയാളവും ഉപകരണവും. ഇക്കാരണത്താൽ, സഭ വർധിതമാംവിധം സിനഡാത്മകം ആകണം. ഒരുമിച്ചു നടക്കുവാൻ സാധിക്കുന്ന, വിഭിന്നതകളിൽ ഒന്നായി പൊരുത്തപ്പെട്ടിരിക്കുന്ന, ഓരോരുത്തർക്കും സജീവമായി പങ്കുചേരാനാകുന്ന, എല്ലാവർക്കും എന്തെങ്കിലും സംഭാവന ചെയ്യാനാകുന്ന ഒരു സമൂഹം.

ആകയാൽ നാം ''ദൈവവിളി'' എന്നു പറയുമ്പോൾ അത് ഏതെങ്കിലും ഒരു ജീവിതപന്ഥാവ് തെരഞ്ഞെടുക്കുന്നതോ, ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്നതോ ഒരു സന്യാസസമൂഹത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ സഭാത്മകസമൂഹത്തിന്റെയോ സിദ്ധിയാൽ ആകൃഷ്ടമാകുന്നതോ അല്ല; അത് ദൈവത്തിന്റെ ഒരു സ്വപ്നം സാക്ഷാത്കൃതമാകുന്നതാണ്. ''അവർ എല്ലാവരും ഒന്നായിരിക്കണമേ'' (യോഹ 17,21) എന്ന് ഈശോ പിതാവിനോട് അപേക്ഷിച്ച സാഹോദര്യത്തിന്റെ സാക്ഷാത്കാരമാണിത്. സഭയിലെ ഓരോ ദൈവവിളിയും, വ്യാപക അർഥത്തിൽ സമൂഹത്തിലെ ഓരോ ദൈവവിളിയും, ഒരു പൊതു ലക്ഷ്യത്തിനായി സംഭാവന നല്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാത്രം സാധ്യമാകുന്ന സ്ത്രീപുരുഷന്മാരുടെ ഇടയിലുള്ള നിരവധി വ്യത്യസ്ത ദാനങ്ങളുടെ പൊരുത്തം ആഘോഷിക്കുക എന്നതാണിത്. പുരോഹിതരേ, സമർപ്പിതരായ സ്ത്രീപുരുഷന്മാരേ, അത്മായ വിശ്വാസികളേ, സ്നേഹത്തിൽ ഒന്നായിത്തീരുന്ന ഒരു മഹാമാനവകുടുംബം എന്നു പറയുന്നത് ഒരു ഉട്ടോപ്യൻ ദർശനമല്ലെന്നും ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യംതന്നെ അതായിരുന്നു എന്നുമുള്ള സത്യത്തെ നമുക്കു ഒരുമിച്ച് സഞ്ചരിച്ചുകൊണ്ടും ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ടും സാക്ഷ്യപ്പെടുത്താം.

സഹോദരിസഹോദരന്മാരേ, നാടകീയമായ ചരിത്രസംഭവങ്ങൾക്കിടയിലും ദൈവജനം വർധിതമാംവിധം ഈ വിളിയോട് പ്രത്യുത്തരിക്കാൻ ഇടയാക്കണമെന്നു നമുക്കു പ്രാർഥിക്കാം. ഈ മഹത്തായ ദൈവിക പദ്ധതിക്കുതകുംവിധം നമ്മെത്തന്നെ പൂർണമായി സമർപ്പിക്കുന്നതിനും നമ്മൾ ഓരോരുത്തരും നമ്മുടെ സ്വന്തം ഇടം ഈ പദ്ധതിയിൽ കണ്ടെത്തുന്നതിനും നമുക്കു പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനായി പ്രാർഥിക്കാം.

റോം, വി. ജോൺ ലാറ്ററൻ ദേവാലയം,
മേയ് 8, 2022 പെസഹാക്കാലം നാലാം ഞായറാഴ്ച

## ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3711/K-5/KCBC/OL/DS 25.05.2022

# ലോക മാധ്യമദിനസന്ദേശം 2022

**ലോകമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം**

**"ഹൃദയം കൊണ്ട് കേൾക്കുക"**

പ്രിയ സഹോദരീ സഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്ന് കാണുവിൻ'- എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളിലൊന്നുമായ 'ശ്രവിക്കുക', 'കേൾക്കുക' എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗരജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്ക് ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ടതാണെന്ന് തെളിയിക്കുന്നു. മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് ''ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം'' എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം', 'ഞാൻ പറയുന്നത് കേൾക്കണം' എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള

സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്ക് പ്രത്യേകിച്ചും.

## ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാന മായുള്ള ഒരു ബന്ധംകൂടിയാണ് - ഒരു ഹൃദയബന്ധം. ''ശ്രവിക്കുക ഇസ്രായേലേ'' (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ ''വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ'' എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽ നിന്നുതന്നെ ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വത്വമായ സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കു കയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയ വിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സ്രഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകു ന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽനിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കുകയും 'ചെവി കൊട്ടിയടച്ച്' നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്ത രവാദിത്തത്തിൽനിന്നും മാറിനിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്ത ത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാന ലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കന്റെ നേരെ ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മളോട് സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്. അവന്റെപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്''. ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ (ലൂക്കാ 8: 18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ ഈശോമിശിഹാ പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ - ജീവന്റേയും രക്ഷയുടേയും - അനുഭവിക്കാനും സാധിക്കൂ (വി. ലൂക്കാ 8:15). ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച്, വെറും ''അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി' മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽപോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയം കൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേക്കാൾ കേക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജ. 3:9) എന്നായിരുന്നു. അഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് ''ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ്വേണ്ടത്'' എന്നായിരുന്നു. ആകയാൽ സത്യസന്ധമായ

ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെ ത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യ ങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണു കണികകളെപ്പോലെ ജീവിക്കാൻ അല്ല - ഒന്നിച്ച് ഒരുമിച്ച് ജീവിക്കാ നുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ മൗലികരാക്കുന്നത്.

## നല്ല ആശയവിനിമയത്തിനുള്ള ഉപാധി ശ്രവിക്കുക

ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്ക ലാണ്, ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധി ച്ചുവരുന്നതായാണ് കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായ ബോധത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനു ഷികമാകുന്നതും.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പരസ്യ ജീവി തത്തിലെ വർധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെ ക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്ക രമാണ്. ഇത്, നല്ലതിനേയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധ മായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യ പ്രകടനങ്ങളോ സഹോദരനെ ഇകഴ്ത്തി കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്ര പരവുമായ കൂട്ടായ്മ കൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതു മാണ്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വി കാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങളാണെന്നാണ്. രണ്ട് സ്വരങ്ങ

ളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയ ങ്ങളിലും സംഭാഷണങ്ങളിൽ ''ഞാനും'' ''താങ്കളും'' പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താ വിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കുവാനുംവരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്, നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാ ബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നതനായ നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ'ത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകരമായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽ പോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരി ക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടുക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യപ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ലാളിത്യത്തോടെ,

വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം അതാണിന്നിന്റെ ആവശ്യം. എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിലുപകരിക്കുമെന്നും ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന ''ഔദ്യോഗിക അറിയിപ്പുക''ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത, സാമൂഹികവും സാമ്പത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥയാണ്. ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ-പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന് നമ്മുടെ മുൻപിൽ കണക്കുകളോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ്, സാധാരണ മനുഷ്യരുടെ.

## സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽ നിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ

Dietrich Bonhoeffer നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീ സഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ. ദാനധർമ്മങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടേയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായകസംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെ ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യപൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം. സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം. അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട് പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചുകൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

*റോമ, സെന്റ് ജോൺ ലത്തറാൻ, 24 ജനുവരി 2022,*
*വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾദിനത്തിൽ,*

## ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

Ref: 3710/K-5/KCBC/OL/DS 25.05.2022

# കേരള സഭാനവീകരണം 2022–2025

## കെസിബിസി പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

നമ്മൾ ഇന്ന് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും ഈ തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരുസാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിക്കുന്നത്. ഇതിന്റെ ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ

ആയിരിക്കും. 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

## അനിവാര്യമായ നവീകരണം

"സഭ മിശിഹായാൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരളസഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

## കേരളസഭാ നവീകരണ മേഖലകൾ

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

### 1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

മിശിഹാ ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

### 2. പ്രാർത്ഥനാജീവിതം

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം,

ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

### 3. വിശ്വാസപരിശീലനം

കാലോചിതവും മിശിഹാസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതികസുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

### 4. അനുരഞ്ജന മേഖലകൾ

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

### 5. ദരിദ്രരുടെ സഭ

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിതശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

### 6. പ്രേഷിത മാനസാന്തരം

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

### 7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം

പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കും വിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. മിശിഹായുടെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

## കേരളസഭാ നവീകരണ നടപടികൾ

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖ പ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26-ാംതീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

## ഉപസംഹാരം

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. ഈശോമിശിഹായിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണ കാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെ.സി.ബി.സി പ്രസിഡന്റ്


**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെ.സി.ബി.സി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെ.സി.ബി.സി സെക്രട്ടറി ജനറൽ

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB : *ഈ സർക്കുലർ 2022 ജൂൺ 5 ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# I

## 136-മത് അതിരൂപതാദിനത്തിൽ ഫൊറോനാകളും പള്ളികളും സംബന്ധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ

കോട്ടയം ലൂർദ് ഫൊറോന പള്ളിയിൽ 2022 മെയ് 20 ന് നടന്ന 136 -ാമത് അതിരൂപതാദിനാഘോഷത്തിൽ ചങ്ങനാശേരി അതിരൂപതയിൽ പുതുതായി 2 ഫൊറോനകൾകൂടി രൂപീകരിച്ചതായി അഭി. പിതാവ് പ്രഖ്യാപിച്ചു. ചെങ്ങന്നൂർ മാർത്ത്മറിയം ഇടവകകേന്ദ്രമാക്കി പുതുതായി രൂപീകരിക്കപ്പെട്ട ചെങ്ങന്നൂർ ഫൊറോനായിൽ ചെങ്ങന്നൂർ, അടൂർ, പന്തളം, മാവേലിക്കര, അയിരൂർ, തടിയൂർ, എഴുമറ്റൂർ, നെടുമൺ, കല്ലുപ്പാറ-പുതുശ്ശേരി എന്നീ പള്ളികളും (C.22/PY-CHC 800), മുഹമ്മ സെന്റ് ജോർജ് പള്ളി കേന്ദ്രമാക്കി രൂപീകരിച്ച മുഹമ്മ ഫൊറോനയിൽ മുഹമ്മ, കലവൂർ, എസ്. എൽ. പുരം, പാദുവാപുരം, ചാരമംഗലം, മണ്ണഞ്ചേരി എന്നീ പള്ളികളും (C.22/PY-MUH 801) ഉൾപ്പെടുന്നു.

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ കീഴിലായിരുന്ന വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളിയെയും (C.22/PY-VEH 804), തിരുവനന്തപുരം ലൂർദ് ഫൊറോന പള്ളിയുടെ കീഴിലായിരുന്ന വെള്ളായണി ലിറ്റിൽ ഫ്ളവർ പള്ളിയെയും (C.22/PY-VEA 802), തകഴി - തെന്നടി സെന്റ് റീത്താസ് പള്ളിയുടെ കീഴിലായിരുന്ന തകഴി - വിരുപ്പാല സെന്റ് ജൂഡ് കപ്പേളപള്ളിയെയും (C.22/PY-THK 803) അതിർത്തിതിരിഞ്ഞ കുരിശുപള്ളികളായി പ്രഖ്യാപിച്ചു.

# II

പ്രത്യേകമായ സാഹചര്യത്തിൽ പരിശുദ്ധ കുർബാനയിൽ മാത്രമാണ് വചനശുശ്രൂഷയും സമാപനശുശ്രൂഷയും ആരാധനാസമൂഹത്തിലേക്കു തിരിഞ്ഞുനിന്ന് നടത്താൻ നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ മറ്റു ആരാധനാകർമ്മങ്ങളോ പ്രാർത്ഥനാശുശ്രൂഷകളോ നടത്തേണ്ടത് മദ്ബഹായിലേക്കുതന്നെ തിരിഞ്ഞുനിന്നുകൊണ്ടാണ്.

ഉദാ:- മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, വിവാഹവാഗ്ദാനശുശ്രൂഷ, മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ തുടങ്ങിയവ

# III
## കടമുള്ള ദിവസങ്ങൾ

ജൂൺ 29 പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാകയാൽ വിശ്വാസികളേവർക്കും സംബന്ധിക്കത്തക്കവിധം പരി. കുർബാന ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്.

# IV
## പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കു (Extra ordinary Ministers of Holy Communion) വേണ്ടിയുള്ള പരിശീലന പരിപാടി

പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി 2022 ജൂൺ 17 വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ ജൂൺ 19 ഞായറാഴ്ച വൈകുന്നേരം 4 മണിവരെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഈ പരിശീലനപരിപാടിയിൽ പങ്കെടുത്ത് അഭി. പിതാവിന്റെ നിയമനപത്രം ലഭിക്കുന്നവർക്കു മാത്രമേ അതിരൂപതയിൽ അസാധാരണ ശുശ്രൂഷകരായി പരിശുദ്ധ കുർബാന കൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പുതുതായി ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടേണ്ടവരും പ്രത്യേക സാഹചര്യത്തിൽ താല്ക്കാലിക അനുവാദം ലഭിച്ച് ഇപ്പോൾ ഈ ശുശ്രൂഷ ചെയ്യുന്നവരും ഈ ക്യാമ്പിൽ പങ്കെടുത്ത് അനുവാദപത്രം വാങ്ങേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കുന്നവർ സാക്ഷ്യപത്രത്തോടൊപ്പം രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകളും ക്യാമ്പ് ഫീസായ 750/- രൂപയും കൊണ്ടുവരേണ്ടതാണ്. ടി തുക ബന്ധപ്പെട്ട പള്ളികളോ സ്ഥാപനങ്ങളോ വഹിക്കേണ്ടതാണ്. ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം നല്കി അതിരൂപത കച്ചേരിയിൽനിന്നും അനുവാദപത്രം പുതുക്കി വാങ്ങേണ്ടതാണ്.

# V
## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാന ഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

മൂന്നു ബാച്ചു ധ്യാനങ്ങളുടെ തീയതികളും ധ്യാനഗുരുക്കന്മാരുടെ പേരുകളും

ബാച്ച് 1 – 2022 ജൂലൈ 17 മുതൽ 21 വരെ
ധ്യാനഗുരു – ബിഷപ്പ് ആന്റണി പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ് രൂപത മെത്രാൻ)

ബാച്ച് 2 – 2022 ആഗസ്റ്റ് 07 മുതൽ 12 വരെ
ധ്യാനഗുരു – റവ. ഡോ. ജോസഫ് കടുപ്പിൽ

ബാച്ച് 3 - 2022 സെപ്റ്റംബർ 18 മുതൽ 22 വരെ
ധ്യാനഗുരു - ബിഷപ്പ് ആന്റണി പ്രിൻസ് പാണേങ്ങാടൻ (അദിലാബാദ് രൂപത മെത്രാൻ)

അതിരൂപതയ്ക്ക് വെളിയിൽ സേവനത്തിലോ, പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ള പക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസിലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## VI
## പ്രത്യേക പിരിവുകൾ

**1. പത്രോസിന്റെ കാശ്:**

പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂൺ 29-ാം തീയതിയിലെ സ്തോത്രകാഴ്ച പത്രോസിന്റെ കാശ് (Peter's Pence) ആയി പരി. പിതാവിന് സമർപ്പിക്കാനുള്ളതാണ്.

**2. സീറോ മലബാർ സഭാദിന ഫണ്ട്:**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ജൂലൈ 3-ലെ സ്തോത്രകാഴ്ച - ഒരാൾക്ക് രണ്ട് രൂപാവീതം - സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകുവാനുള്ളതാണ്.

**3. ജൂലൈ 10 ഞായർ**

യുവജനദിനമാകയാൽ ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ളതാണ്.

ടി പിരിവുകൾ 2022 ജൂലൈ 18 നു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## VII
## 2021-2022 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

ചങ്ങനാശേരി അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ 2021-22 സാമ്പത്തികവർഷത്തെ കണക്ക് അവതരിപ്പിക്കുവാൻ എത്തിച്ചേരേണ്ട പള്ളികളുടെ പേരും തീയതിയും സമയവും ചുവടെ ചേർക്കുന്നു.

അമ്പൂരി ഫൊറോന - 07.07.2022 രാവിലെ 9 മണി മുതൽ
തിരുവനന്തപുരം ഫൊറോന - 07.07.2022 ഉച്ചകഴിഞ്ഞ് 2.30 മുതൽ
കൊല്ലം, ആയൂർ ഫൊറോന - 12.07.2022 രാവിലെ മുതൽ

മുകളിൽ പറഞ്ഞിരിക്കുന്ന ഫൊറോനയുടെ കീഴിൽ വരുന്ന പള്ളികളുടെ കണക്ക് നിശ്ചയിച്ചിരിക്കുന്ന തീയതിയിൽ അതാത് ഫൊറോനകേന്ദ്രത്തിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽനിന്നും നേരിട്ട് എത്തി പരിശോധിക്കുന്നതായിരിക്കും.


| | Name of Churches | Date | Time |
|---|---|---|---|
| 1 | Kidangara St Gregory's | 2/6/2022 | 10.00 AM |
| 2 | Kiliroor St Francis De Sales | ,, | 10.30 AM |
| 3 | Kizhake Mithrakary Holy Family | ,, | 11.15 AM |
| 4 | Kodinattumkunnu St Sebastians | ,, | 12.00 Noon |
| 5 | Koduppunna St Joseph's | ,, | 02.00 PM |
| 6 | Koilmukku, Edathuva St Joseph's | ,, | 03.00 PM |
| 7 | Kondakkal St Joseph's | ,, | 03.30 PM |
| 8 | Kooroppada Mar Sleeva | 3/6/2022 | 10.00 AM |
| 9 | Koothrappally St Mary's | ,, | 10.30 AM |
| 10 | Kottackapuram St Mathew's | ,, | 11.15 AM |
| 11 | Kottangal St John's | ,, | 12.00 Noon |
| 12 | Kottayam Lourdes Forane Church | ,, | 02.00 PM |
| 13 | Kudamaloor St Marys Forane Church | 6/6/2022 | 10.00 AM |
| 14 | Kulathoor Little Flower | ,, | 11.00 AM |
| 15 | Kumarakam Vadakkumkara St John Nepumseanos | ,, | 11.30 AM |
| 16 | Kumarakom Nava Nazareth Holy Family | ,, | 12.00 Noon |
| 17 | Kumaramkary St Mary's | ,, | 02.00 PM |
| 18 | Kumaranalloor St Thomas | ,, | 02.30 PM |
| 19 | Kumarapuram, Karuvatta St Mary's | ,, | 03.00 PM |
| 20 | Kunnamthanam St Joseph's | 7/6/2022 | 10.00 AM |
| 21 | Kurichy Santhygiri St Joseph's | ,, | 10.30 AM |
| 22 | Kurumpanadam St Antony's Forane Church | ,, | 11.00 AM |
| 23 | Kurumpanadam Assumption | ,, | 12.00 Noon |
| 24 | Kuttamangalam (Pandycherry) St Joseph's | ,, | 02.00 PM |
| 25 | Laikkadu St Joseph's | ,, | 02.30 PM |
| 26 | Madappally Little Flower | 8/6/2022 | 10.00 AM |
| 27 | Mahendrapuram St Sebastians' | ,, | 10.30 AM |
| 28 | Mallappally St Athanasius | ,, | 11.00 AM |
| 29 | Mammoodu Lourdes Matha | ,, | 11.30 AM |
| 30 | Mampuzhakary Lourdes Matha | ,, | 02.00 PM |
| 31 | Manackachira St Joseph's | ,, | 02.30 PM |
| 32 | Manalady St Mary's | 9/6/2022 | 10.00 AM |
| 33 | Manimala Holy Magi Forane Church | ,, | 10.30 AM |
| 34 | Manimala (NEW) St Basils | ,, | 11.30 AM |
| 35 | Mannanam 12th Apostoles Pastoral Centre | ,, | 12.00 Noon |
| 36 | Mannanam (CMI) St Joseph's | ,, | 02.00 PM |
| 37 | Mannancherry St Mary's | ,, | 02.30 PM |

| | | | |
|---|---|---|---|
| 38 | Mannarkunnu St Gregorios | ,, | 03.00 PM |
| 39 | Mannila Holy Family | 13/6/2022 | 10.00 AM |
| 40 | Mariyapuram St Mary's | ,, | 10.30 AM |
| 41 | Mavelikara St Alphonsa | ,, | 11.00 AM |
| 42 | Mithrakary St Xavier's | ,, | 11.30 AM |
| 43 | Mithrakary East Holy Family | ,, | 12.00 Noon |
| 44 | Moncompu St Pius X th | ,, | 02.00 PM |
| 45 | Mudiyoorkara Holy Family | ,, | 02.30 PM |
| 46 | Muhamma St George's | 14/6/2022 | 10.00 AM |
| 47 | Mundathanam St Antony's | ,, | 10.30 AM |
| 48 | Mundupalam St Mary's | ,, | 11.00 AM |
| 49 | Muttar CMI Immaculate Conception | ,, | 11.30 AM |
| 50 | Muttar OLD St George's | ,, | 12.00 Noon |
| 51 | Muttar NEW St Thoma's | ,, | 02.00 PM |
| 52 | Mylady (VC) St Antony's | ,, | 02.30 PM |
| 53 | Nalpathimala St Thomas | ,, | 03.00 PM |
| 54 | Narbonapuram (Chempumpuram) St Sebastian's | 15/6/2022 | 10.00 AM |
| 55 | Nazareth St Jerome's | ,, | 10.30 AM |
| 56 | Nedumanny Fathima Matha | ,, | 11.00 AM |
| 57 | Nedumkunnam St John The Baptist's Forane Church | ,, | 11.30 AM |
| 58 | Nedumon St Mary's | ,, | 02.00 PM |
| 59 | Nedumudy Sacred Heart's | ,, | 02.30 PM |
| 60 | Niranam Pilgrim Centre Mar Thoma Sleeha | ,, | 03.00 PM |
| 61 | Nirmalapuram St Mary's | ,, | 03.30 PM |
| 62 | Pacha Chekkidikadu Lourdes Matha | 16/6/2022 | 10.00 AM |
| 63 | Padaharam St Joseph's | ,, | 10.30 AM |
| 64 | Paduvapuram (Kanichukulangara) St Antony's | ,, | 11.15 AM |
| 65 | Paippadu Lourdu Matha | ,, | 11.30 AM |
| 66 | Paippadu, Nalukody St Thomas | ,, | 12.00 Noon |
| 67 | Pallathuruthy St Thomas | ,, | 02.00 PM |
| 68 | Pallikkuttumma Fathima Matha | ,, | 02.30 PM |
| 69 | Pallikunnu (Punnathura ) St Thomas | ,, | 03.00 PM |
| 70 | Pampady Daivamatha | 17/6/2022 | 10.00 AM |
| 71 | Panayampala St Sebastians' | ,, | 10.30 AM |
| 72 | Pandamkary, Edathua St Pius X th | ,, | 11.00 AM |
| 73 | Pandy Fathima Matha | ,, | 11.30 AM |
| 74 | Pangada Sacred Heart | ,, | 12.00 Noon |
| 75 | Paral St Antony's | ,, | 02.00 PM |

| | | | |
|---|---|---|---|
| 76 | Parampuzha Bethlehem | ,, | 02.30 PM |
| 77 | Paravoor Holy Family | ,, | 03.00 PM |
| 78 | Parel St Mary’s | 20/6/2022 | 10.00 AM |
| 79 | Payattupakka Holy Family | ,, | 10.30 AM |
| 80 | Perumkavu St Thomas’ | ,, | 11.00 AM |
| 81 | Perunna East St Antony’s | ,, | 11.30 AM |
| 82 | Podippara Holy Family | ,, | 12.00 Noon |
| 83 | Ponga (Sleevapuram) Mar Sleeva | ,, | 02.00 PM |
| 84 | Poomthope St Francis Assisi | ,, | 02.30 PM |
| 85 | Pulickakavala St Mary’s | ,, | 03.00 PM |
| 86 | Pulimugham ( Kidangara ) Marth Mariam | 21/6/2022 | 10.00 AM |
| 87 | Pulincunnoo St Mary’s Forane Church | ,, | 10.30 AM |
| 88 | Pullangady Holy Family | ,, | 11.30 AM |
| 89 | Punnakunnathusserry St Joseph’s | ,, | 12.00 Noon |
| 90 | Punnamada St Mary’s | ,, | 02.00 PM |
| 91 | Punnapra St Gregory’s | ,, | 02.30 PM |
| 92 | Punnathura St Thomas | ,, | 03.00 PM |
| 93 | Punnaveli Little Flower | 22/6/2022 | 10.00 AM |
| 94 | Purakkadu Mar Sleeva | ,, | 10.30 AM |
| 95 | Puthenangady St George’s | ,, | 11.00 AM |
| 96 | Puthukary St Xavier’s | ,, | 12.00 Noon |
| 97 | Puthupally (CMI) St Antony’s | ,, | 02.00 PM |
| 98 | Puzhavathu St Thoma’s | ,, | 02.30 PM |
| 99 | Rajamattam Sacred Heart | ,, | 03.00 PM |
| 100 | Ramankary St Joseph’s | 23/6/2022 | 10.00 AM |
| 101 | S L Puram (Kanjikuzhy ) St Sebastian’s | ,, | 10.30 AM |
| 102 | Thadiyoor St Antony’s | ,, | 11.00 AM |
| 103 | Thakazhy, Thennady St Rita’s | ,, | 11.30 AM |
| 104 | Thathampally St Michel’s | ,, | 12.00 Noon |
| 105 | Thayankary St Antony’s | ,, | 02.00 PM |
| 106 | Thazhathangady Sacred Heart | ,, | 02.30 PM |
| 107 | Thazhathuvadakara Lourdes Matha | ,, | 03.00 PM |
| 108 | Thekke Puthukary St Joseph’s | 24/6/2022 | 10.00 AM |
| 109 | Thekkekara St Sebastian’s | ,, | 10.30 AM |
| 110 | Thekkekara St John’s | ,, | 11.00 AM |
| 111 | Thellakom (Pushpagiri ) St Joseph’s | ,, | 11.30 AM |
| 112 | Thiruvalla St Antony’s | ,, | 12.00 Noon |
| 113 | Thottackad St George’s | ,, | 02.00 PM |

| | | | |
|---|---|---|---|
| 114 | Thottuvathala Sacred Heart's | ,, | 02.30 PM |
| 115 | Thrickodithanam St Xeviers Forane Church | 27/6/2022 | 10.00 AM |
| 116 | Thuruthy Marth Mariyam Forane Church | ,, | 11.00 AM |
| 117 | Vadakkeamichakary St George's | ,, | 12.00 Noon |
| 118 | Vadakkekara St Mary's | ,, | 02.00 PM |
| 119 | Vadavathoor St Thomas | ,, | 02.30 PM |
| 120 | Vaipur NEW St Joseph's | ,, | 03.00 PM |
| 121 | Vaipur OLD St Mary's | 28/6/2022 | 10.00 AM |
| 122 | Vaisyambhagam St Antony's | ,, | 10.30 AM |
| 123 | Vallamchira St Mary's | ,, | 11.00 AM |
| 124 | Vazhappally WEST St Mary's | ,, | 12.00 Noon |
| 125 | Veliyanadu North St Joseph's | ,, | 02.00 PM |
| 126 | Veliyanadu North ( Kesaria ) St Gregory's | ,, | 02.30 PM |
| 127 | Veliyanadu, South St Xavier's | ,, | 03.00 PM |
| 128 | Veroor St Joseph's | 4/7/2022 | 10.00 AM |
| 129 | Vettickapurayidam St Sebastians' | ,, | 11.00 AM |
| 130 | Vettimukal St Mary's | ,, | 11.30 AM |
| 131 | Vettithuruth St Antony's | ,, | 12.00 Noon |
| 132 | Vezhapra St Paul's | ,, | 02.00 PM |
| 133 | Yudapuram St Jude's | ,, | 02.30 PM |

## എക്സലൻസ് അവാർഡ് ശ്രീ. ടി. ദേവപ്രസാദിന്



അതിരൂപതാദിനത്തിൽ നൽകുന്ന പരമോന്നത ബഹുമതിയായ എക്സലൻസ് അവാർഡിന് പ്രമുഖ മാധ്യമ പ്രവർത്തകൻ ശ്രീ. ടി. ദേവപ്രസാദിനെ തെരെഞ്ഞെടുത്തതായി അതിരൂപതാകേന്ദ്രത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ പ്രഖ്യാപിച്ചു. ചങ്ങനാശേരി അതിരൂപതയിലെ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളി ഇടവകാംഗമാണ് അദ്ദേഹം. നീണ്ടവർഷങ്ങളിലൂടെ പത്രമാധ്യമ രംഗത്തും മാധ്യമ വിദ്യാഭ്യാസ മേഖലയിലും ഗ്രന്ഥരചന-പുസ്തകവിവർത്തന മേഖലകളിലും നൽകിയ സംഭാവനകളും ഈ രംഗങ്ങളിലെ മൂല്യാധിഷ്ഠിത ഇടപെടലുകളുമാണ് അദ്ദേഹത്തെ എക്സലൻസ് അവാർഡിന് അർഹനാക്കിയത്.

# ചങ്ങനാശേരി സംയുക്ത മദ്യവിരുദ്ധസമിതി പ്രതിഷേധറാലിയും, പൊതുസമ്മേളനവും റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനെതിരെ സംയുക്ത മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ 2022 മെയ് 7 ന് ചങ്ങനാശേരിയിൽ നടത്തിയ റാലി റെയിൽവേ ബൈപാസ് ജംഗ്ഷനിൽനിന്ന് അതിരൂപതാ വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. സമീപപ്രദേശങ്ങളിലെ ആളുകൾ പങ്കെടുത്ത റാലി സെന്ററൽ ജംഗഷൻ വഴി പെരുന്ന ബസ്സ്റ്റാൻഡിൽ എത്തിച്ചേർന്നു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ ചങ്ങനാശേരി അതിരൂപതാ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യനയത്തിൽനിന്ന് സംസ്ഥാന സർക്കാർ പിന്മാറണമെന്ന് അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. ഏറ്റുമാനൂർ-അതിരമ്പുഴ ജമായത്താ ഇമാം ഹാഫീസ് ഷഫീക്ക് ജൗഹരി മുഖ്യപ്രഭാഷണം നടത്തി. എസ്.എൻ.ഡി.പി.യോഗം മുൻ ബോർഡ് മെമ്പർ എം.ജി. ചന്ദ്രമോഹനൻ, ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമനിക്ക് ജോസഫ് എന്നിവർ പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് റാസെ ജെ.റ്റി. മെതിക്കളം ആമുഖ സന്ദേശം നല്കി. മദ്യവിരുദ്ധ സമിതി സെക്രട്ടറി തോമസുകുട്ടി മണക്കുന്നേൽ പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. റാലിയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അംഗങ്ങൾ, ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം എന്നീ ഫൊറോനകളിലെ വിവിധ ഇടവകകളിൽ നിന്നും എത്തിയ നിരവധി ആളുകൾ, അതിരൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമെത്തിയ അംഗങ്ങൾ, നാനാജാതിമതസ്ഥർ തുടങ്ങിയ നിരവധിപേർ പങ്കെടുത്തു. ഈ റാലിയുടെ വിജയത്തിനായി പ്രവർത്തിച്ച കമ്മിറ്റി കൺവീനർമാരായ റവ.ഫാ. ജോർജ്ജ് മാന്തുരുത്തി, റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാല, റവ.ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ.ഫാ. ജോസഫ് ഇറ്റോലിൽ, കോഡിനേറ്റർമാരായ ആൻസി മാത്യു ചേന്നോത്ത്, ഡോ. ഡൊമിനിക് ജോസഫ്, ജെസ്റ്റിൻ ബ്രൂസ്, കമ്മിറ്റി അംഗങ്ങളായ ജോസി കല്ലുകളം, ആന്റണി മലയിൽ, ലൈസാമ്മ പീലിപ്പോസ്, അഡ്വ. ജോതി മാത്യു, റ്റിന്റോ സെബാസ്റ്റ്യൻ, ജോജൻ സെബാസ്റ്റ്യൻ, സണ്ണി അഞ്ചിൽ, കെ.പി. മാത്യു, ബേബിച്ചൻ പുത്തൻപറമ്പിൽ, എ.പി. തോമസ്, അഡ്വ. സിജോ ജേക്കബ്, അഡ്വ. ജോർജ്ജ് ജോജൻ, ലൗലി ബാബു, ഷാജി മാത്യു, സെബാസ്റ്റ്യൻ കോട്ടപ്പുറം, വർഗീസ് ആൻണി, റോസമ്മ കാടശ്ശേരി, ടി.എം. മാത്യു തച്ചിലേട്ട്, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
(ജനറൽ കൺവീനർ)

# 136-ാമത് അതിരൂപതാദിനാചരണറിപ്പോർട്ട്

136-ാമത് ചങ്ങനാശേരി അതിരൂപതാദിനാചരണം 2022 മെയ് 20 വെള്ളിയാഴ്ച രാവിലെ 9 മുതൽ 1.30 വരെ കോട്ടയം ലൂർദ്ദ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലും ഓൺലൈനായി നടത്തേണ്ടിവന്ന അതിരൂപതാദിനാഘോഷങ്ങൾ ഓഫ്ലൈനായി നടത്തപ്പെട്ടപ്പോൾ, അതിരൂപതാകുടുംബത്തിന് അത് കൂട്ടായ്മയുടെയും പങ്കുവയ്പിന്റെയും ആനന്ദനിമിഷങ്ങൾ സമ്മാനിച്ചു.

### സമ്മേളനനഗർ

അതിരൂപതാദിനാചരണത്തിന്റെ ആദ്യഘട്ട ചർച്ചകളിൽത്തന്നെ ലൂർദ്ദുപള്ളിയിൽ സജ്ജീകരിക്കുന്ന സമ്മേളനനഗറിന്റെ നാമധേയം 'നിധീരിക്കൽ മാണിക്കത്തനാർ' എന്നായിരിക്കണമെന്ന അഭിപ്രായം ഉയർന്നു. കോട്ടയം വികാരിയാത്തിന്റെ പ്രഥമ വികാരി ജനറാളും സമുദായസ്നേഹിയും ജാതൈക്യസംഘത്തിന്റെ പ്രണേതാവുമായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ നാമം കോട്ടയത്തു സജ്ജീകരിക്കപ്പെടുന്ന സമ്മേളനനഗറിനു നൽകപ്പെടുന്നത് സമുചിതമാണെന്ന അഭിപ്രായത്തിൽ അതിരൂപതാദിന സമ്മേളനനഗറിന് നസ്രാണിസഭയുടെ ധീരപുത്രന്റെ നാമം നൽകപ്പെട്ടു.

### വിവിധതലങ്ങളിലെ ഒരുക്കങ്ങൾ

അതിരൂപതാദിനാചരണത്തിന് ഒരുക്കമായി മെയ് 12 മുതൽ 19 വരെ ഒരുക്കപ്രാർത്ഥന നടത്തപ്പെട്ടു. എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2022 മെയ് 15 ഞായറാഴ്ച അതിരൂപതാദിനത്തിന്റെ ഇടവകതലത്തിലുള്ള ആഘോഷങ്ങൾ നടത്താൻ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇടവകതല ആഘോഷങ്ങളുടെ ഭാഗമായി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകയിൽ പേപ്പൽ പതാക ഉയർത്തി. അന്നേദിവസം വിവിധ ഇടവകകളിൽ അതിരൂപതയുടെ പൊതുനിയോഗത്തിൽ അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനയ്ക്കുശേഷം പേപ്പൽ പതാക ഉയർത്തുകയും അതിരൂപതാദിന പ്രതിജ്ഞ ചൊല്ലുകയും അതിരൂപതാ ആന്തം ആലപിക്കുകയും ചെയ്തു.

## വിളംബരദിനം – മെയ് 19 വ്യാഴം

അതിരൂപതാദിനത്തിന്റെ തലേദിവസമായ മെയ് 19 വ്യാഴാഴ്ച നിധീരിക്കൽ മാണിക്കത്തനാരുടെ കബറിടം സ്ഥാപിതമായിരിക്കുന്ന കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയത്തിൽനിന്നും അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം ന്റെ നേതൃത്വത്തിൽ ഛായാചിത്രപ്രയാണം നടത്തപ്പെട്ടു. ബൈക്ക് റാലിയുടെ അകമ്പടിയോടെ നടത്തപ്പെട്ട

ഛായാചിത്രപ്രയാണത്തിന് ഏറ്റുമാനൂർ ക്രിസ്തുരാജ, അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ, കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവകകളുടെ നേതൃത്വത്തിൽ സ്വീകരണങ്ങൾ ഒരുക്കപ്പെട്ടു. തുടർന്ന് ഛായാചിത്രപ്രയാണം കോട്ടയം ഇടയ്ക്കാട്ടുപള്ളിയിലെത്തിയപ്പോൾ ദൈവദാസൻ മാർ മാത്യു മാക്കിൽ പിതാവിന്റെ കബറിടത്തിങ്കൽനിന്നും അതിരൂപതാ മിഷൻലീഗ് നേതൃത്വം ഏറ്റുവാങ്ങിയ ദീപശിഖയും അതോടൊപ്പം സംവഹിക്കപ്പെട്ടു. ഛായാചിത്ര-ദീപശിഖാപ്രയാണങ്ങൾ കോട്ടയം നഗരവീഥിയിലൂടെ ലൂർദ്ദുപള്ളി അങ്കണത്തിൽ എത്തിച്ചേർന്നപ്പോൾ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് അവ ഏറ്റുവാങ്ങി.

അതിരൂപതാദിന തലേന്നാൾ കോട്ടയം ലൂർദ്ദുപള്ളിയിൽ നടന്ന റംശാ ശുശ്രൂഷയ്ക്ക് വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി.

## എക്യുമെനിക്കൽ സമ്മേളനം

ജാതൈക്യസംഘത്തിന്റെ സാരഥിയായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ കർമ്മഭൂമിയിൽ അതിരൂപതാദിനാചരണം നടത്തപ്പെടുമ്പോൾ സഭൈക്യസമ്മേളനം സമുചിതമാണെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിളംബരദിനമായ മെയ് 19 ശനിയാഴ്ച എക്യുമെനിക്കൽ സമ്മേളനം നടത്തപ്പെട്ടു. യാക്കോബായ കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് ഉദ്ഘാടനം നിർവ്വഹിച്ചയോഗത്തിൽ റവ. ഫാ. ജേക്കബ് കുര്യൻ 'സഭയും സിനഡും സിനഡാത്മകതയും' എന്നതു സംബന്ധിച്ച് വിഷയാവതരണം നടത്തി. തുടർന്നു നടന്ന ചർച്ചയിൽ കോട്ടയം ക്നാനായ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം മോഡറേറ്ററായിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സമാപനസന്ദേശം നൽകി; അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ചു. റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, റവ. ഡോ. ചെറിയാൻ കറുകപ്പറമ്പിൽ, റവ. ഫാ. ജോസഫ് ഈറ്റോലിൽ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

## അതിരൂപതാദിനം – മെയ് 20 വെള്ളി

രാവിലെ 9 മണിക്ക് ചങ്ങനാശേരി മീഡിയാവില്ലേജ് തയ്യാറാക്കിയ 'എന്റെ അതിരൂപത എന്റെ അഭിമാനം' എന്ന വീഡിയോ പ്രദർശനം നടത്തപ്പെട്ടു. തുടർന്ന് ലൂർദ്ദുപള്ളിയുടെ മോണ്ടളത്തിൽനിന്നും അതിരൂപതാദിന പതാക, ഛായാചിത്രം, ദീപശിഖ എന്നിവ മുന്നിലും അഭിവന്ദ്യ പിതാക്കന്മാർ, വിശിഷ്ടാതിഥികൾ അവയ്ക്കു പിന്നിലുമായി സമ്മേളനനഗറിലേയ്ക്ക് ആഘോഷമായി പ്രവേശിച്ചു. ഛായാചിത്രവും ദീപശിഖയും നിർദ്ദിഷ്ടസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ അതിരൂപതാദിന പതാക ഉയർത്തി; തദവസരത്തിൽ ഗായകസംഘം അതിരൂപതാ ആന്തം ആലപിച്ചു. തുടർന്ന് ഖൂഥ്ആ പ്രാർത്ഥന നടന്നു; വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത് ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു.

# പൊതുസമ്മേളനം

## സ്വാഗതം

അതിരൂപതാദിന പൊതുസമ്മേളനത്തിന് ജനറൽ കൺവീനർ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ചു. നാമെല്ലാവരും ഒരുമിച്ചു നടക്കേണ്ടവരാണെന്ന ബോധ്യം പങ്കുവയ്ക്കുവാൻ അതിരൂപതാദിന കൂട്ടായ്മപോലുള്ള ഒത്തുചേരലുകൾ അനിവാര്യമാണെന്ന് അഭിവന്ദ്യ പിതാവ് ആമുഖമായി അനുസ്മരിപ്പിച്ചു.

## ഉദ്ഘാടനം

പാലക്കാട് രൂപതാ മെത്രാൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിലെ സാമൂഹ്യപ്രതിബദ്ധത സംബന്ധിച്ചുള്ള ദർശനങ്ങളിലേയ്ക്കു ശ്രദ്ധ ക്ഷണിച്ചുകൊണ്ട്, ജീവകാരുണ്യപരവും സാമൂഹികസേവനപരവുമായ ഉത്തരവാദിത്തങ്ങളിൽ ഏകമനസോടെ ഒന്നുചേരുവാൻ അതിരൂപതാ കുടുംബം പുലർത്തുന്ന ഉത്സാഹത്തെ അഭിവന്ദ്യ പിതാവ് പ്രശംസിച്ചു. ഈ വിധത്തിൽ തീക്ഷ്ണമായി മുന്നേറുവാൻ അതിരൂപതാകുടുംബാംഗങ്ങൾ ജീവിതത്തിൽ പാലിക്കേണ്ട അടിസ്ഥാനധർമ്മങ്ങളെക്കുറിച്ചു പിതാവ് സമ്മേളനത്തെ ഉദ്ബോധിപ്പിച്ചു.

## ദീപം തെളിച്ചുനൽകൽ & അതിരൂപതാദിന പ്രതിജ്ഞ

സമ്മേളനം ഉദ്ഘാടനം ചെയ്യപ്പെട്ടശേഷം, വിവിധ ഫൊറോനാ കൗൺസിൽ സെക്രട്ടറിമാർ അഭിവന്ദ്യ പെരുന്തോട്ടംപിതാവ് കൊളുത്തി നൽകിയ ദീപം കൈകളിൽ വഹിച്ചുകൊണ്ടും ഫൊറോനാ ജോയിന്റ് സെക്രട്ടറിമാർ പതാകയേന്തിക്കൊണ്ടും വേദിയ്ക്കു മുന്നിൽ നിരന്നപ്പോൾ അതിരൂപതാ വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത് സമ്മേളനത്തിൽ പങ്കെടുത്തവർക്ക് അതിരൂപതാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## മുഖ്യപ്രഭാഷണം

ഇന്ത്യൻ പ്രതിരോധ സർവ്വീസിൽ സുപ്രധാന ശാസ്ത്രജ്ഞനായി വിരമിച്ച, നിലവിൽ ബ്രഹ്മോസ് എയ്റോസ്പേയ്സ് മാനേജിംഗ് ഡയറക്ടറായിരിക്കുന്ന ഡോ. എ. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാകുടുംബത്തിലെ ഒരംഗമായ അദ്ദേഹം തന്റെ ജീവിതയാത്രയിൽ തിരിച്ചറിഞ്ഞ ദൈവാനുഭവം പങ്കുവച്ചപ്പോൾ, അത് യഥാർത്ഥത്തിൽ മാതൃകാപരമായ വിശ്വാസസാക്ഷ്യമായി മാറി.

## അദ്ധ്യക്ഷപ്രസംഗം

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. നാളിതുവരെ സഭയോടു ചേർന്ന്, സഭയുടെ പ്രബോധനങ്ങൾ ഉൾക്കൊണ്ട് വിശ്വാസപരിശീലനം നൽകുവാനും മക്കളെ വളർത്തുവാനും അതിരൂപതാ കുടുംബം ശ്രദ്ധിച്ചിട്ടുണ്ടെന്നും ആ നല്ല പാരമ്പര്യം നമ്മൾ അഭംഗുരം തുടരണമെന്നും അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു. അതിരൂപതയുടെ നിർദ്ദേശങ്ങൾക്കനുസൃതമായ വിധത്തിൽ പഠിപ്പിക്കാനും

നയിക്കാനും വിശുദ്ധീകരിക്കാനും ശ്രദ്ധ പുലർത്തുന്ന എല്ലാ വൈദികർക്കും; വൈദികനേതൃത്വത്തോടു ചേർന്ന് സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്ന മുഴുവൻ ദൈവജനത്തിനും അഭിവന്ദ്യ പിതാവ് നന്ദി പറഞ്ഞു. അതിരൂപത നടത്തുന്ന പ്രേഷിതപരമായ മുന്നേറ്റത്തെ പ്രത്യേകം പരാമർശിച്ചുകൊണ്ട് ഈ വിധമുള്ള ശുശ്രൂഷകൾ തുടരുവാൻ അതിരൂപതാ കുടുംബത്തിന് ഉത്തരവാദിത്തമുണ്ടെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു.

## മെത്രാഭിഷേക വാർഷികം

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ ഇരുപതാം വാർഷികം അതിരൂപതാദിനസമ്മേളനത്തിൽ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ അതിരൂപതാ കുടുംബത്തിനുവേണ്ടി ആശംസകൾ നേർന്നു; അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ് പൊന്നാട അണിയിച്ച് ബൊക്കെ നൽകി അനുമോദനങ്ങൾ അർപ്പിച്ചു.

## എക്സലൻസ് അവാർഡ്

ചങ്ങനാശേരി അതിരൂപത നൽകുന്ന പരമോന്നത ബഹുമതിയായ 'എക്സലൻസ് അവാർഡ്' പ്രമുഖ മാധ്യമപ്രവർത്തകൻ ശ്രീ. ടി. ദേവപ്രസാദിന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മാനിച്ചു. നീണ്ടു വർഷങ്ങളിലൂടെ പത്രമാധ്യമരംഗത്തും മാധ്യമവിദ്യാഭ്യാസ മേഖലയിലും ഗ്രന്ഥരചന - വിവർത്തനമേഖലകളിലും നൽകിയ സംഭാവനകളും ഈ രംഗങ്ങളിലെ മൂല്യാധിഷ്ഠിത ഇടപെടലുകളുമാണ് അദ്ദേഹത്തെ എക്സലൻസ് അവാർഡിന് അർഹനാക്കിയത്.

## ജീവകാരുണ്യപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ

അതിരൂപതാകുടുംബം പൊതുവിൽ നിർവ്വഹിച്ച ജീവകാരുണ്യപ്രവർത്തനങ്ങളുടെയും അവയ്ക്കായി ചിലവഴിച്ച തുകയുടെയും സംക്ഷിപ്തറിപ്പോർട്ട് അതിരൂപത വികാരിജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അവതരിപ്പിച്ചു. 2018-ലെ മഹാപ്രളയദുരിതാശ്വാസപ്രവർത്തനങ്ങൾക്കായുള്ള 100 കോടി പദ്ധതിയുടെ റിപ്പോർട്ട് ആ കാലയളവിൽ ചാസ് ഡയറക്ടറായിരുന്ന റവ. ഫാ. ജോസഫ് കളരിക്കൽ അവതരിപ്പിച്ചു. അത് സംബന്ധിച്ചുള്ള സുവനീർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. ആന്റണി മലയിലിനു നൽകി അഭിവന്ദ്യ പെരുന്തോട്ടം പിതാവ് പ്രകാശനം നിർവ്വഹിച്ചു. കരുതൽ 2022 എന്ന പേരിൽ അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഇടവകതലത്തിൽ ഒരുമിപ്പിച്ചു നടത്തിയ പ്രത്യേക ജീവകാരുണ്യസംഭാവന സമാഹരണം സംബന്ധിച്ചുള്ള റിപ്പോർട്ട് 'കരുതൽ 2022' കൺവീനർ റവ. ഫാ. ജോൺ വടക്കേക്കളം അവതരിപ്പിച്ചു.

## വിവിധ പ്രഖ്യാപനങ്ങൾ

അതിരൂപതയുടെ വിശാലമായ അജപാലന ആവശ്യങ്ങൾ പരിഗണിച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അജപാലനപരമായ വിവിധ പ്രഖ്യാപനങ്ങൾ നടത്തി. അതിരൂപതാ ചാൻസലർ വെരി റവ. ഡോ. ഐസക്ക് ആലഞ്ചേരി പ്രഖ്യാപനങ്ങൾ സംബന്ധിച്ചുള്ള വിജ്ഞാപനം വായിച്ചു.

## ഫൊറോനകൾ

- **ചെങ്ങന്നൂർ ഫൊറോന :** ചെങ്ങന്നൂർ, അടൂർ, പന്തളം, മാവേലിക്കര, നെടുമൺ, തടിയൂർ, എഴുമറ്റൂർ, ഐരൂർ, കല്ലൂപ്പാറ – പുതുശ്ശേരി ഇടവകകൾ ചേർത്ത് രൂപീകരിക്കപ്പെട്ടു. പ്രഥമ ഫൊറോനാ വികാരി വെരി റവ. ഫാ. ആന്റണി ഏത്തയ്ക്കാട്ട്.

- **മുഹമ്മ ഫൊറോന :** മുഹമ്മ, പാദുവാപുരം, എസ്.എൽ.പുരം, മണ്ണഞ്ചേരി, ചാരമംഗലം, കലവൂർ എന്നീ ഇടവകകൾ ചേർത്ത് രൂപീകരിക്കപ്പെട്ടു. പ്രഥമ ഫൊറോനാ വികാരി വെരി റവ. ഫാ. ജോൺ പരുവപ്പറമ്പിൽ.

## അതിർത്തിതിരിഞ്ഞ കുരിശുപള്ളികൾ

- വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളി – പ്രഥമ കുരിശുപള്ളി വികാരി റവ. ഫാ. തോമസ് പാറത്തറ.
- വിരുപ്പാലാ സെന്റ് ജൂഡ് പള്ളി – പ്രഥമ കുരിശുപള്ളി വികാരി റവ. ഫാ. പോൾ വേങ്ങാശ്ശേരി.
- വെള്ളായണി സെന്റ് ലിറ്റിൽ ഫ്ളവർ പള്ളി – പ്രഥമ കുരിശുപള്ളി വികാരി റവ. ഫാ. ജോസഫ് ചമ്പക്കുളത്തിൽ.

## പ്രത്യേക പുരസ്ക്കാരങ്ങൾ, അംഗീകാരങ്ങൾ

വിവിധ തലങ്ങളിൽ അംഗീകാരത്തിന് അർഹരായ വ്യക്തികൾക്കും ഇടവകകൾക്കും അതിരൂപതാകുടുംബത്തിന്റെ ആദരവും അനുമോദനങ്ങളും അർപ്പിച്ചു. അതിരൂപതാ പി.ആർ.ഒ അഡ്വ. ജോജി ചിറയിൽ ആദരവിന് അർഹരായവരെ സമ്മേളനത്തിൽ പരിചയപ്പെടുത്തി. അവരുടെ പേരും പുരസ്കാരത്തിന് അർഹമായ മേഖലയും താഴെകൊടുക്കുന്നു.

- ശ്രീ. അമൽ സിറിയക് വേളാശ്ശേരി (പ്രത്യേക പുരസ്കാരം : ക്രൈസ്തവ ന്യൂനപക്ഷപോരാട്ടങ്ങളിൽ നിർണായക ഇടപെടൽ)
- ശ്രീ. എബി ജോസഫ് പൊങ്ങനാംതടത്തിൽ (ബ്രിട്ടീഷ് എംപയർ അവാർഡ് ജേതാവ്)
- ശ്രീ. സോബി എം.ടി. മാറാട്ടുകളം (സംസ്ഥാന പ്രൊഫഷണൽ നാടക പുരസ്കാരജേതാവ്; മികച്ച നടൻ)
- കുമാരി അലീനാ ഷെറിൻ ഫിലിപ്പ് പറത്തമല (സംസ്ഥാന സർക്കാർ ഉജ്ജ്വല ബാല്യപുരസ്കാര ജേതാവ്)
- ശ്രീ. ബിനു ജോയ് മങ്കുഴി (സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്)
- ശ്രീ. റിജോ ജോസഫ് കിഴക്കേചെത്തിപ്പുഴ (സംസ്ഥാന മാധ്യമ പുരസ്കാര ജേതാവ്)
- ശ്രീ. ഷരുൺ പി. വർഗീസ് പടിഞ്ഞാറേവീട്ടിൽ (കേന്ദ്രസർക്കാർ പുരസ്കാര ജേതാവ്)
- ശ്രീ. പ്രദീപ് എൻ. വെയിൽസ് (സംസ്ഥാന പൊലീസ് മെഡൽ ജേതാവ്)

ഇടവകകൾ തയ്യാറാക്കിയ പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി എന്നി

വയിൽ മികച്ച നിലവാരം പുലർത്തുന്നവയ്ക്ക് കുടുംബങ്ങളുടെ എണ്ണം അനുസരിച്ച് സമ്മാനങ്ങളും പ്രോത്സാഹന അംഗീകാരങ്ങളും നൽകുകയുണ്ടായി.

**പാരിഷ് ബുള്ളറ്റിൻ**

- ചമ്പക്കുളം-കല്ലൂർക്കാട് ബസലിക്ക (ഒന്നാംസ്ഥാനം : 500 നു മുകളിൽ)
- ചേപ്പുംപാറ മർത്ത് മറിയം ഇടവക (ഒന്നാംസ്ഥാനം : 500 ൽ താഴെ)
- പാറേൽ സെന്റ് മേരീസ് ഇടവക (രണ്ടാംസ്ഥാനം : 500 നു മുകളിൽ)

**പാരിഷ് ഡയറക്ടറി**

- പോങ്ങുംമൂട് സെന്റ് അൽഫോൻസാ ഇടവക (ഒന്നാംസ്ഥാനം)
- കുളത്തൂർ ലിറ്റിൽ ഫ്ളവർ ഇടവക (രണ്ടാംസ്ഥാനം)
- കുട്ടമംഗലം സെന്റ് ജോസഫ് (പ്രോത്സാഹന സമ്മാനം)
- മഹേന്ദ്രപുരം സെന്റ് സെബാസ്റ്റ്യൻസ് (പ്രോത്സാഹന സമ്മാനം)

**ഇതരപരിപാടികൾ**

എക്സലൻസ് അവാർഡ് ജേതാവ് ശ്രീ. ടി. ദേവപ്രസാദ് മറുപടി പ്രസംഗം നടത്തി. എൽ.എസ്.ഡി.പി. സന്ന്യാസസമൂഹത്തിന്റെ മദർ ജനറാൾ വെരി റവ. സി. മേരി റോസിലി, യുവദീപ്തി-എസ്.എം.വൈ.എം അതിരൂപതാ ഡപ്യൂട്ടി പ്രസിഡന്റ് കുമാരി ജാനറ്റ് മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു.

കോട്ടയം എസ്.എച്ച്. നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച സംഘനൃത്തം സമ്മേളനത്തിനു മിഴിവു പകർന്നു. 137-ാമത് അതിരൂപതാദിനം സംബന്ധിച്ചുള്ള പ്രഖ്യാപനം അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നിർവ്വഹിച്ചു; ആതിഥേയത്വം വഹിക്കുന്ന നവ ഫൊറോനയായ മുഹമ്മയെ പ്രതിനിധീകരിച്ച് പെരിയ ബഹു. വികാരിയച്ചനും പ്രതിനിധികളും അതിരൂപതാദിന പതാക ഏറ്റുവാങ്ങി. കോ-ഓർഡിനേറ്റർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഏവർക്കും നന്ദി പറഞ്ഞു. ഗായകസംഘം സീറോമലബാർ ആന്തം ആലപിച്ചു. സ്നേഹവിരുന്നോടെ 136-ാമത് അതിരൂപതാദിന സമ്മേളനം പര്യവസാനിച്ചു.

അതിരൂപതാദിന പരിപാടികൾക്ക് ജനറൽ കൺവീനർ അഭിവന്ദ്യ മാർ തോമസ് തറയിൽ, വികാരി ജനറാൾമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, വെരി റവ. ഡോ. തോമസ് പാടിയത്ത്, കോട്ടയം ലൂർദ്ദ് ഫൊറോനാപ്പള്ളി വികാരി വെരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, ചാൻസലർ വെരി റവ. ഡോ. ഐസക്ക് ആലഞ്ചേരി, പ്രൊക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ, പി.ആർ.ഒ അഡ്വ. ജോജി ചിറയിൽ എന്നിവർ നേതൃത്വം വഹിച്ചു.

കോ-ഓർഡിനേറ്റേഴ്സ്

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
**ഫാ. ജോഷി പാണംപറമ്പിൽ**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി
## PR-JAGRATHASAMITHI

### NEWS & VIEWS പ്രസിദ്ധീകരിച്ചു

മെയ് 20ന് നടത്തപ്പെട്ട അതിരൂപതാദിനത്തിന്റെ ക്രമീകരണങ്ങളിൽ പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി പങ്കുചേർന്നു. മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ദീപികയിൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. സഭാ–സമുദായ വിഷയങ്ങൾ ഉൾപ്പെടുത്തി News & Views വാർത്താപത്രിക പുറത്തിറക്കി. ഫാ. ജയിംസ് കൊക്കാവയലിൽ, അഡ്വ. ജോജി ചിറയിൽ, സമിതിയംഗം ശ്രീ. ബിനു കുര്യാക്കോസ് വെളിയനാടൻ എന്നിവർ എഡിറ്റിംഗ് നിർവഹിച്ചു.

### എയ്ഡഡ് നിയമനം പി.എസ്.സി ഏറ്റെടുക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചു

എയ്ഡഡ് നിയമനം പിഎസ്.സിക്ക് വിടണമെന്ന സിപിഎം കേന്ദ്രകമ്മിറ്റി അംഗം ശ്രീ. എ.കെ. ബാലന്റെ അഭിപ്രായപ്രകടനത്തിൽ സമിതി പ്രതിഷേധം രേഖപ്പെടുത്തുകയും പ്രസ്താവന മാധ്യമങ്ങൾക്ക് നൽകുകയും ചെയ്തു. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. കോടതികൾ ഇത് അംഗീകരിച്ചിരിക്കുന്ന വസ്തുതയാണ്. മികവിന്റെ കേന്ദ്രങ്ങളായ ക്രൈസ്തവ വിദ്യാലയങ്ങളെ തകർക്കാനുള്ള ശ്രമമാണ് ഇതെന്നും സമിതി അഭിപ്രായപ്പെട്ടു.

### വർഗീയ വിദ്വേഷപ്രചരണങ്ങൾ അപലപനീയം

സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷം കലുഷിതമാക്കുന്ന വർഗീയ വിദ്വേഷപ്രചരണങ്ങളെ സമിതി അപലപിച്ചു. 2022 മെയ് 21 ന് ആലപ്പുഴയിൽ നടത്തപ്പെട്ട പോപ്പുലർ ഫ്രണ്ട് റാലിയിൽ ഹിന്ദുക്കളോട് അരിയും മലരും, ക്രിസ്ത്യാനികളോട് കുന്തിരിക്കവും വാങ്ങി സൂക്ഷിച്ചുകൊള്ളാനും നിന്റെയൊക്കെ കാലന്മാർ വരുന്നുണ്ടെന്നും ഉള്ള മുദ്രാവാക്യങ്ങൾ ഭീതി ജനിപ്പിക്കുന്നതാണെന്ന് സമിതി നിരീക്ഷിച്ചു. ഇത്തരം നീക്കങ്ങൾക്കെതിരെ സർക്കാരും പൊതുസമൂഹവും ജാഗ്രത പുലർത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിക്കു വേണ്ടി

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ മാധ്യമ പ്രേഷിതരംഗമായ MAAC TEAM ന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി.

നമ്മുടെ പ്രധാന പ്രവർത്തന മേഖലകളായ MAAC TV, MAAC RADIO എന്നിവ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. ഈ മാധ്യമ ശുശ്രൂഷകൾ പലരീതിയിൽ ദൈവ ജനത്തിന് ഉപകാരപ്പെടുന്നുണ്ട് എന്ന് പ്രതീക്ഷിക്കുന്നു. ഇവയ്ക്കു പുറമേ, മാധ്യമ അവബോധന ക്ലാസുകളും യുവജനങ്ങൾക്കുള്ള RJ, VJ തുടർ പരിശീലനങ്ങളും മറ്റും നമ്മുടെ ഭാവി പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**MY PARISH**

ചങ്ങനാശേരി അതിരൂപതയുടെ MY PARISH എന്ന ONLINE SOFTWARE ഇടവകളിൽ ഉപയോഗിച്ചു തുടങ്ങി. ഈ ഒരു ലക്ഷ്യത്തിന് വേണ്ടി ബഹുമാനപ്പെട്ട വൈദികരും ഫൊറോനാ കോർഡിനേറ്റേഴ്സും അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളും നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് നന്ദി.

**സാധ്യതകൾ**

ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കുള്ള വലിയ പങ്ക് മുൻകൂട്ടി കണ്ട് സ്ഥാപിതമായതാണ് MEDIA VILLAGE.

നമ്മുടെ അതിരൂപയുടെ മാധ്യമ കേന്ദ്രമായ മീഡിയാ വില്ലേജിലെ SJCC - ST JOSEPH COLLEGE OF COMMUNICATION, MFTI- MEDIA VILLAGE FILM AND TELEVISON INSTITUTE, വിവിധ ഇടവകകളുടെ റിക്കോർഡിങ്ങ് ആവശ്യങ്ങൾക്കും ഉപകാരപ്രദമാകും വിധം നിർമ്മിക്കപ്പെട്ടിരിക്കുന്ന MEDIA VILLAGE PRODUCTION HOUSE എന്നിവ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയുടെ മാധ്യമ പ്രേഷിത രംഗത്തെ വളർച്ചയ്ക്ക് നല്ല നിർദ്ദേശങ്ങളും തിരുത്തലുകളുമായി എല്ലാവരും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651)
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)
**ഫാ. ആന്റണി ഏത്തയ്ക്കാട്**

മിശിഹായിൽ പ്രിയമുള്ളവരേ,

ചെറിയ ഒരു ഇടവേളയ്ക്കുശേഷം നമ്മുടെ വിശ്വാസപരിശീലനരംഗം വീണ്ടും സജീവമാകുകയാണ്. പന്തക്കുസ്താദിനത്തോടെ ആരംഭിക്കുന്ന പുതിയ വിശ്വാസപരിശീലനവർഷത്തിൽ പരിശുദ്ധാത്മാവിന്റെ നിറവിനാൽ നയിക്കപ്പെടാനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കോവിഡ്കാലത്തിന്റെ പരിമിതികളെയൊക്കെ അതിജീവിച്ച നമുക്ക് കൂടുതൽ ഊർജ്ജസ്വലതയോടും തീക്ഷ്ണതയോടുംകൂടെ ഇടവക ദൈവാലയത്തെയും സൺഡേസ്കൂൾ ക്ലാസ്സുകളെയും വിശ്വാസജീവിത പരിശീലനത്തിനുള്ള ഉത്തമ വേദികളാക്കി മാറ്റാം. വിശ്വാസത്തിലും, ധാർമ്മികതയിലും കൂട്ടായ്മയിലും വളരുന്ന പക്വത യാർന്ന ക്രൈസ്തവ സമൂഹമായി നമുക്ക് തീരാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. വർഗ്ഗീസ് പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ജൂൺ 2022**

5 ഞായർ : **പന്തക്കുസ്താത്തിരുനാൾ**, ശ്ലീഹാ ഒന്നാം ഞായർ, അതിരൂപതാ മതബോധന ദിനം (അതിരൂപതാതല / ഇടവകതല മതബോധനവർഷ ഉദ്ഘാടനം)

: **മതബോധന ക്ലാസ്സുകൾ ആരംഭിക്കുന്നു**. ക്ലാസ് – 1

12 ഞായർ : ശ്ലീഹാ രണ്ടാം ഞായർ ക്ലാസ് – 2, പരി.ത്രിത്വത്തിന്റെ തിരുനാൾ

19 ഞായർ : ശ്ലീഹാ മൂന്നാം ഞായർ ക്ലാസ്സ് – 3

26 ഞായർ : ശ്ലീഹാ നാലാം ഞായർ ക്ലാസ്സ് – 4

**ജൂലൈ 2022**

2 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവസാന തീയതി

3 ഞായർ : **ദുക്റാനത്തിരുനാൾ**, ക്ലാസ്സ് – 5
അതിരൂപതാ മതാധ്യാപക ദിനം, സഭാദിനം

9 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ ഉദ്ഘാടനം

10 ഞായർ : ശ്ലീഹാ ആറാം ഞായർ, ക്ലാസ്സ് – 6

## മതബോധനവർഷം അതിരൂപതാതല ഉദ്ഘാടനം

ജൂൺ 5-ാം തീയതി പന്തക്കുസ്താത്തിരുനാൾ ദിനത്തിൽ മതബോധ നവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം കോട്ടയം ലൂർദ്ദ് ഫൊറോന പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുന്നു. 5-ാം തീയതി ഞായറാഴ്ച ഇടവകതല മതബോധനവർഷ ഉദ്ഘാടനവും മത ബോധന ദിനാചരണവും സമുചിതമായി ആഘോഷിക്കേണ്ടതാണ്.

## സി.എൽ.റ്റി. കോഴ്സ് & എം.സി.സി. കോഴ്സ്

സി.എൽ.റ്റി. 41-ാം ബാച്ച്, എം.സി.സി. 13-ാം ബാച്ച്, എന്നിവയുടെ ഉദ്ഘാ ടനം ജൂലൈ 9 ശനിയാഴ്ച രാവിലെ 10.00 മണിക്ക് സന്ദേശനിലയം ഹാളിൽ നടക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശന ഫോം സന്ദേശനിലയം ഓഫീസിൽ ലഭ്യമാണ്. കോഴ്സിൽ ചേരുന്നവർ ജൂലൈ 2നകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

## അധ്യാപകരുടെ സ്ഥിതിവിവരകണക്കുകൾ

നമ്മുടെ അതിരൂപതയിലെ മുഴുവൻ വിശ്വാസപരിശീലകരുടെയും സ്ഥിതി വിവരക്കണക്കുകൾ ഡിജിറ്റലൈസ് ചെയ്തു സന്ദേശനിലയത്തിൽ സൂക്ഷി ക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിരിക്കുന്ന ഗൂഗിൾഫോം എല്ലാ മതാധ്യാ പകരും പൂരിപ്പിച്ച് ജൂൺ 5-ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്. നേരിട്ട് പൂരിപ്പിക്കാൻ ബുദ്ധിമുട്ടുള്ളവർ മറ്റ് അധ്യാപകരുടെ സഹായത്തോടെ അത് പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുക.

## സി.എഫ്.സി. മീറ്റിംഗ്

കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റികൾ ജൂൺ മാസം 30ന് മുമ്പ് എല്ലാ ഫൊറോനകളിലും നടത്തപ്പെടേണ്ടതായതുകൊണ്ട് ഫൊറോന സെക്രട്ടറി മാർ, സന്ദേശനിലയം ഓഫീസുമായി ആലോചിച്ച് മീറ്റിംഗിനുള്ള ദിവസവും സമയവും നിശ്ചയിക്കണ്ടതും മീറ്റിംഗിൽ പങ്കെടുക്കേണ്ടവരെ അറിയിക്കേണ്ട തുമാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. മതാധ്യാപകർ മീറ്റിംഗ് കൂടി ക്ലാസ് ചാർജ്ജുകൾ നിശ്ചയിച്ചു കഴിഞ്ഞു എന്നു കരുതുന്നു. പ്രധാന അധ്യാപകൻ അല്ലെങ്കിൽ അധ്യാപിക, ഓഫീസ് സെക്രട്ടറി, സ്റ്റാഫ് സെക്രട്ടറി എന്നിവർ പുതുതായി നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങളും വാട്സ് ആപ്പ് നമ്പരും നിലവിലുള്ളവരുടെ വാട്സ് ആപ്പ് നമ്പറും ഓഫീസിൽ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. അതാത് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ അവരെ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണിത്.

2. പുതിയ അധ്യയനവർഷത്തിലേയ്ക്ക് ആവശ്യമുള്ള ടെക്സ്റ്റ് ബുക്ക്, വർക്ക്ബുക്ക് എന്നിവയുടെ ലിസ്റ്റ് സന്ദേശനിലയത്തിൽ മുൻകൂട്ടി അറിയിക്കേ ണ്ടതാണ്. അറിയിക്കേണ്ട വാട്സ് ആപ്പ് നമ്പർ - 9495664623

3. പാഠപുസ്തകങ്ങളുടെയും വിശ്വാസോത്സവ പുസ്തകങ്ങളുടേയും തുക അടയ്ക്കാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

4. സൺഡേസ്കൂളുകൾ പതിവ് രീതിയിൽ ഓഫ്‌ലൈൻ ആയി പ്രവർത്തിക്കാൻ തുടങ്ങുന്ന സാഹചര്യത്തിൽ സന്ദേശനിലയത്തിൽ നിന്ന് ഓൺലൈൻ ക്ലാസ്സുകൾ അയച്ചുതരുന്നതല്ല. എങ്കിലും ക്ലാസ്സ് അടിസ്ഥാനത്തിലുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകൾ തുടർന്നുപോകേണ്ടതാണ്. 12-ാം ക്ലാസ്സിലെ കുട്ടികളുടെ പഠനം അവസാനിച്ച് സർട്ടിഫിക്കറ്റ് നല്കി എന്ന കാരണത്താൽ അവരുടെ വാട്സ് ആപ്പ് ഗ്രൂപ്പ് ഇല്ലാതാക്കരുത്. അത് ഒരു ഗ്രൂപ്പായി തന്നെ നിലനിർത്തുന്നത് അവരുടെ തുടർപരിശീലനത്തിനുള്ള വേദിയായി ഉപയോഗപ്പെടുത്താൻ ഉപകരിക്കും. ബഹു. ഡയറക്ടറച്ചനുമായി ആലോചിച്ച് വേണ്ടക്രമീകരണങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ആദരാഞ്ജലികൾ

സന്ദേശനിലയം ഓഫീസ് സെക്രട്ടറി സി. ഗൊരേത്തി ചൂരപ്പുഴ, അതിരൂപതാ സി.ആർ.റ്റി. അംഗവും ചങ്ങനാശേരി മേഖല മിഷൻലീഗ് ജോ. സെക്രട്ടറിയുമായ സി. റെസി ചൂരപ്പുഴ (വാഴപ്പള്ളി സെന്റ് തെരേസാസ് സൺഡേസ്കൂൾ അധ്യാപികമാർ) എന്നിവരുടെ മാതാവിന്റെയും, വാഴപ്പള്ളി സെന്റ് തെരേസാസ് സൺഡേസ്കൂൾ മുൻ ഹെഡ്മിസ്ട്രസും അതിരൂപതാ സി.ആർ.റ്റി. അംഗവുമായ സി. അനിജ ആലഞ്ചേരിയുടെ മാതാവിന്റെയും, കൂരോപ്പട സൺഡേസ്കൂൾ അധ്യാപികയും കോട്ടയം മേഖല മിഷൻലീഗ് ജോ. ഡയറക്ടറുമായ സി. സിനി തടത്തേലിന്റെ പിതാവിന്റെയും പൊടിപ്പാറ സൺഡേസ്കൂൾ മുൻ അധ്യാപികയായ സി. ഡെനീസ് ഏണിയകാട്ടിന്റെയും കൈനടി സൺഡേസ്കൂൾ മുൻ അധ്യാപകനും സി.ആർ.റ്റി. അംഗവുമായ ജോസ് മാത്യുവിന്റെയും കൊടിനാട്ടുംകുന്ന് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ തോമസുകുട്ടി ആയിരംവേലിയുടെ മകനും സൺഡേസ്കൂൾ വിദ്യാർത്ഥിയുമായ എഡ്വിൻ ഇമ്മാനുവേലിന്റെയും പായിപ്പാട് സൺഡേസ്കൂൾ അധ്യാപികയായ മോളമ്മ സേവ്യറിന്റെ ഭർത്താവിന്റെയും അധ്യാപകനായ അജു സേവ്യറിന്റെ പിതാവിന്റെയും മാമ്മൂട് സൺഡേസ്കൂൾ അധ്യാപികമാരായ ബിന്ദു സോണിയുടെ മാതാവിന്റെയും പുഷ്പ സിബിയുടെ സഹോദരിയുടെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യായന വർഷത്തെ സന്തോഷത്തോടും പ്രതീക്ഷയോടും കൂടി നമുക്ക് വരവേൽക്കാം. സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങൾ മനസ്സിലേറ്റി പ്രേഷിത തീക്ഷ്ണതയുള്ള കുഞ്ഞുമിഷനറിമാരാകാം. അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും ചെറുപുഷ്പ മിഷൻലീഗിന്റെ അംഗങ്ങളാണെന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. സംഘടനയിലൂടെ വിശ്വാസതീക്ഷ്ണതയിലും ക്രിസ്തീയ ധാർമികതയിലും നമുക്ക് വളരാം. നല്ലൊരു അധ്യയന വർഷം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. വർഗ്ഗീസ് പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ജൂൺ 2022**

5 ഞായർ : പന്തക്കുസ്താതിരുനാൾ

11 ശനി : **അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം**, മാനേജിംഗ് കമ്മിറ്റി

12 ഞായർ : പരി.ത്രിത്വത്തിന്റെ തിരുനാൾ, പ്രവർത്തനവർഷ ഉദ്ഘാടനം ശാഖകളിൽ

18 ശനി : പ്രവർത്തനവർഷ ഉദ്ഘാടനം (മേഖലകളിൽ)

25 ശനി : 'സ്നേഹ വീടുകളിലേയ്ക്ക്' ശാഖയിൽ

**ജൂലൈ 2022**

2 ശനി : അംഗത്വസ്വീകരണം അതിരൂപതാതല ഉദ്ഘാടനം

3 ഞായർ : ദുക്റാനതിരുനാൾ, കടമുള്ള ദിവസം (അംഗത്വസ്വീകരണം ശാഖകളിൽ), മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

9 ശനി : ബത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

### പ്രവർത്തനവർഷ ഉദ്ഘാടനം 11 ന്

മിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 11 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ മേഖലാ

എക്സിക്യൂട്ടിവ് അംഗങ്ങൾ, മേഖലാ-ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്) ഹെഡ്മാസ്റ്റർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 100 രൂപ. ഏതാനും മത്സരങ്ങളുടെ സമ്മാനങ്ങളും അന്ന് വിതരണം ചെയ്യപ്പെടുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 7 നു മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

## മേഖല ശാഖ പ്രവർത്തനവർഷ ഉദ്ഘാടനം

ജൂൺ 12-ാം തീയതി ഞായറാഴ്ച ശാഖാതലത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തേണ്ടതാണ്. അന്നേദിവസം വിവിധ പരിപാടികളോടെ (മിഷൻ ലീഗിന്റെ പതാക ഉയർത്തിയും, തിരികൾ തെളിച്ചും ആന്തം ആലപിച്ചും) ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം ക്രമീകരിക്കാവുന്നതാണ്. മേഖലാതല ഉദ്ഘാടനം ജൂൺ 18 ശനിയാഴ്ചയോ അതിനടുത്ത ദിവസമോ മേഖലയിലെ എല്ലാ ശാഖകളുടെയും സഹകരണത്തോടെ ക്രമീകരിക്കേണ്ടതാണ്.

## സ്നേഹ വീടുകളിലേക്ക്

മിഷൻലീഗിന്റെ മുദ്രാവാക്യങ്ങളിൽ ഒന്നായ സേവനം കുഞ്ഞുമിഷനറിമാരിൽ വളർത്താനുതകുന്നതും എല്ലാ മാസവും ക്രമീകരിക്കാവുന്നതുമായ ഒരു പരിപാടിയാണ് 'സ്നേഹ വീടുകളിലേക്ക്'. ഏതെങ്കിലും തരത്തിൽ ശാരീരികമായോ മാനസികമായോ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളുടെയും മുതിർന്നവരുടെയും സ്ഥാപനങ്ങൾ സന്ദർശിച്ചു വിവിധ സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## മാനുവൽ ബുക്ക് പൂരിപ്പിക്കുന്ന ക്രമീകരണം

അഞ്ചാം ക്ലാസ് മുതൽ 12 വരെയുള്ള എല്ലാ കുട്ടികളും മിഷൻലീഗിന്റെ അംഗങ്ങൾ ആയതിനാൽ ഓരോ ക്ലാസ്സ് ടീച്ചറിന്റെയും ഉത്തരവാദിത്വത്തിൽ ആയിരിക്കും ഈ വർഷം മുതൽ മാനുവൽ ബുക്ക് പൂരിപ്പിക്കുന്നത്. ഈ ക്രമീകരണത്തിന്റെ വിശദവിവരം സൺഡേസ്കൂൾ, മിഷൻലീഗ് മാർഗരേഖയിൽ നൽകിയിട്ടുണ്ട്.

## റിപ്പോർട്ട്, മേഖല – ശാഖ സന്ദർശനം

2021 – 22 പ്രവർത്തന വർഷത്തെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ form PDF രൂപത്തിൽ നൽകിയിരുന്നു. അതിന്റെ പ്രിന്റ് എടുത്ത് പൂരിപ്പിച്ച് ജൂൺ 11ന് അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. കഴിഞ്ഞ മാസം ക്രമീകരിച്ചിരുന്ന ശാഖാ സന്ദർശനം മേഖലാ ഭാരവാഹികൾ ജൂൺ 30ന് മുൻപും, അതിരൂപതാ ഭാരവാഹികൾ ജൂലൈ 30ന് മുൻപും പൂർത്തിയാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## അംഗത്വസ്വീകരണം

ഈ വർഷം ആഘോഷപൂർവ്വമായ വിശുദ്ധ കുർബാനസ്വീകരണം നടത്തിയ കുട്ടികൾ ജൂലൈ-3ന് നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന് അംഗത്വസ്വീകരണം നടത്തേണ്ടതാണ്.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ആഗതമാകുന്ന പന്തക്കൂസ്തതിരുനാൾ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം നേരുന്നു. കുടുംബക്കൂട്ടായ്മകൾ എല്ലാ ഇടവകകളിലും സജീവമായി കാണുന്നതിൽ വളരെ സന്തോഷം. ആദിമ സഭയുടെ ചൈതന്യം നമ്മുടെ കൂട്ടായ്മകളിൽ നിറയുന്നതിനായി നമുക്കൊന്നുചേർന്നു പരിശ്രമിക്കാം.

കെ.എൽ.റ്റി കോഴ്സ് 3-ാം ബാച്ച് വിജയകരമായി പൂർത്തിയാക്കി 30 പേർ അഭി. തോമസ് തറയിൽ പിതാവിൽനിന്നും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയുണ്ടായി. 4-ാം ബാച്ച് മെയ് 28 ന് ആരംഭിച്ചു. ഇനിയും കുറച്ചു പേർക്കുകൂടി പ്രസ്തുത കോഴ്സിൽ പ്രവേശനം ലഭ്യമാണ്. താത്പ്പര്യമുള്ളവർ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ജൂൺ മാസത്തിൽ ക്രമീകരിച്ചിരിക്കുന്ന കെരിഗ്മയിൽ ബന്ധപ്പെട്ട ഫൊറോനകളിലെ എല്ലാലീഡേഴ്സും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബൈബിൾ ക്ലാസുകളിലും കൈയ്യെഴുത്തിലും പങ്കെടുക്കുന്നതിലുള്ള തീക്ഷ്ണത നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമേ.

കഴിഞ്ഞ നാലരവർഷക്കാലം ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളോടു കാണിച്ച സഹകരണത്തിന് ഏറെ സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജെന്നി കായംകുളത്തുശേരി**
(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബൈബിൾകോഴ്സ്

മെയ്3, 10, 17, 24 തീയതികളിൽ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ച ബഹു. വടക്കേൽ തോമസ് അച്ചനെ നന്ദിയോടെ ഓർക്കുന്നു.

### ബൈബിൾ കയ്യെഴുത്ത്

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതിനോടകം നൽകിയ വചനഭാഗങ്ങൾ എഴുതി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന കാരണത്താൽ ഈ ഉദ്യമത്തിൽനിന്നും ആരും വിരമിക്കരുതെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ഇത് ഒരു ജീവിതനിയോഗമായിക്കണ്ട് ഈ ഉദ്യമം പൂർത്തിരിക്കേണ്ടതാണ്.

### ഹോം മിഷൻ സംഗമം

ഹോംമിഷൻ രംഗത്ത് പ്രവർത്തിച്ചുവരുന്ന ബഹു. സിസ്റ്റേഴ്സിനായി ഏകദിന സെമിനാർ 2022 മെയ് 11 ബുധനാഴ്ച സംഘടിപ്പിച്ചു. വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നായി 60 പേർ പങ്കെടുത്തു. ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശേരി സ്വാഗതം ആശംസിച്ചു. ആനുകാലിക പ്രസക്തമായ വിവിധ

വിഷയങ്ങളെ ആസ്പദമാക്കി റവ. ഫാ. ജോബിൻ പെരുമ്പളത്തുശേരി, റവ.ഫാ. ജോസഫ് ഇലഞ്ഞിമറ്റം, ശ്രീ. കെ.വി. സെബാസ്റ്റ്യൻ കുന്നത്തുകുഴി എന്നിവർ ക്ലാസുകൾ നയിച്ചു. മാർ ജോസഫ് പെരുംന്തോട്ടം സമാപന സന്ദേശം നൽകുകയും ചെയ്തു.

### കെ.എൽ.റ്റി 4–ാം ബാച്ച് ഉദ്ഘാടനവും 3–ാം ബാച്ച് സർട്ടിഫിക്കറ്റ് വിതരണവും

2022 മെയ് 14 ന് കെ.എൽ.റ്റി 4–ാം ബാച്ച് ഉദ്ഘാടനവും 3–ാം ബാച്ച് സർട്ടിഫിക്കറ്റ് വിതരണവും ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽവച്ച് നടത്തപ്പെട്ടു. ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരി മാർ തോമസ് തറയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും 3–ാം ബാച്ച് വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി സ്വാഗതം ആശംസിക്കുകയും ശ്രീ. സിബി മുക്കാട്ട് നന്ദിയർപ്പിക്കുകയും ചെയ്തു.

### അൽമായ വചനപ്രഘോഷക സംഗമം

2022 മെയ് 29 ഞായറാഴ്ച രാവിലെ 9.45 ന് അൽമായ വചനപ്രഘോഷക സംഗമം അരമനയിൽവച്ച് നടക്കുകയുണ്ടായി. ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശേരി സ്വാഗതം ആശംസിച്ചു. അഭി. പിതാവ് മാർ ജോസഫ് പെരുംന്തോട്ടം സന്ദേശം നൽകുകയും റവ.ഫാ. സിറിയക് കോട്ടയിൽ പ്രഭാഷണം നയിക്കുകയും ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 35 പേർ പങ്കെടുത്തു.

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് 2022

ലോഗോസ് 2022 രജിസ്ട്രേഷൻ ജൂൺ ഒന്നാംതീയതി ഓൺലൈനായി ആരംഭിച്ച് ജൂലൈ 31 ന് സമാപിക്കുന്നു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന യൂസർ നെയ്മും പാസ്‌വേഡും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

### ഈ വർഷത്തെ പഠനഭാഗം

ജോഷ്വാ 1 - 12 , പ്രഭാഷകൻ - 23-26, മർക്കോസ് 9 - 16, 1 കോറി. 9 - 16
രൂപതാതല പരീക്ഷാതീയതി - 2022 സെപ്. 25, ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

### പ്രായവിഭാഗങ്ങൾ

എ - വിഭാഗം - 1-1-2011 നും അതിനുശേഷവും ജനിച്ചവർ
ബി - വിഭാഗം - 1-1-2006 നും 31-12-2010 നും ഇടയ്ക്ക് ജനിച്ചവർ
സി - വിഭാഗം - 1-1-1991 നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ
ഡി - വിഭാഗം - 1-1-1971 നും 31-12-1990 നും ഇടയ്ക്ക് ജനിച്ചവർ
ഇ - വിഭാഗം - 1-1-1958 നും 31-12-1970 നും ഇടയ്ക്ക് ജനിച്ചവർ
എഫ് - വിഭാഗം - 131-12-1957 നും അതിനു മുൻപും ജനിച്ചവർ

### പഠനസഹായി തയ്യാറായിരിക്കുന്നു

ലോഗോസ് 2022 പഠനസഹായി തയ്യാറായിട്ടുണ്ട്. കൂട്ടായ്മ ഓഫിസിൽ ലഭ്യമാണ്. വില 70 രൂപ.

**വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും (പഞ്ചവത്സര പഠനവിഷയം)**

പഞ്ചവത്സര പഠനവിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകിവരുന്നു. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കും. മെയ് 29 ന് പ്രബോധനം നൽകിയ പെരി. ബഹു. ജോസ് കൊച്ചുപറമ്പിലച്ചന് ഹൃദയം നിറഞ്ഞ നന്ദി.

**കെരിഗ്മ**

കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മ-2022 മാർച്ചു മാസത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഓരോ ഇടവകയിലേയും കൂട്ടായ്മ ലീഡേഴ്സ് (പുരുഷന്മാരുടെ പ്രതിനിധി, സ്ത്രീകളുടെ പ്രതിനിധി, ആനിമേറ്റർ സിസ്റ്റേഴ്സ്) എന്നിവർ തങ്ങളുടെ ഫൊറോനയ്ക്കായി ക്രമീകരിക്കുന്ന കെരിഗ്മയിൽ പങ്കെടുക്കേണ്ടതാണ്. കോവിഡ് മഹാമാരിയാൽ നിശ്ചലമായ നമ്മുടെ കൂട്ടായ്കൾ സജീവമാകേണ്ടതിനാൽ എല്ലാ ലീഡേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെ. ഈ മീറ്റിംഗിൽ വച്ചാണ് അടുത്ത 3 വർഷത്തേയ്ക്കുള്ള ഫൊറോന സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

**കെരിഗ്മ നടക്കുന്ന ഫൊറോനകളും തീയതികളും**

ജൂൺ 4 ശനി - കോട്ടയം, കുടമാളൂർ
ജൂൺ 11 ശനി - കുറുമ്പനാടം
ജൂൺ 18 ശനി - മണിമല, നെടുംകുന്നം
ജൂൺ 25 ശനി - പുളിങ്കുന്ന്
ജൂലൈ 2 ശനി - തൃക്കൊടിത്താനം തുരുത്തി


# ഈശോ കൃപാനുഭവധ്യാനം

**തിരുവനന്തപുരം വെഞ്ഞാറമ്മൂട്, അമല പാസ്റ്ററൽ & റിട്രീറ്റ് സെന്ററിൽ**

**ജൂൺ 19 ഞായർ വൈകുന്നേരം 5 മണി മുതൽ**
**23 വ്യാഴം 2 മണി വരെ**

# ഏകദിന വചനശുശ്രൂഷ

**ജൂൺ 03 വെള്ളി 10 am മുതൽ 03 pm വരെ**

**• വചന പ്രഘോഷണം • പരി. കുർബാന • ദിവ്യകാരുണ്യ ആരാധന**
**• കുമ്പസാരത്തിനും • കൗൺസിലിംഗിനും സൗകര്യം**

*ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.*

*മെയ് 4 ബുധൻ രാവിലെ 10 മണി മുതൽ അഖണ്ഡജപമാല*

**Fr. Mathew (Joshy) Madathilparambil**
**9072264770**

# മാർത്തോമ്മാ വിദ്യാനികേതൻ
Higher institute for religious sciences for laity

# മാർത്തോമ്മാ പുരസ്ക്കാരം 2022

## പന്ത്രണ്ടാമത് മാർത്തോമ്മാ പുരസ്ക്കാരത്തിന് അപേക്ഷ ക്ഷണിക്കുന്നു

അല്മായർക്കുവേണ്ടിയുള്ള ഉന്നത ദൈവശാസ്ത്ര പഠനകേന്ദ്രമായ മാർത്തോമ്മാ വിദ്യാനികേതൻ ഏർപ്പെടുത്തിയിരിക്കുന്ന മാർത്തോമ്മാ പുരസ്ക്കാരത്തിനായി നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്ക്കാരം.

ഭാരതീയവും പൗരസ്ത്യവുമായ ക്രൈസ്തവ പൈതൃകം ആഴത്തിൽ അറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകമാകുംവിധം മികച്ച സംഭാവനകൾ നൽകുന്നവരെ ആദരിക്കുന്നതിനുവേണ്ടിയാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഭാരതീയ പൗരസ്ത്യ ക്രൈസ്തവ പൈതൃകത്തോട് ബന്ധപ്പെട്ട് ദൈവശാസ്ത്രം, കല, സാഹിത്യം, വാസ്തുശില്പം, പുരാവസ്തുഗവേഷണം, ചരിത്രം, ദൈവാരാധന തുടങ്ങിയ മേഖലകളിൽ മികച്ച സംഭാവനകൾ നല്കുന്നവരിൽനിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചിരിക്കുന്നത്. ദേശീയ-അന്തർദേശീയ തലങ്ങളിൽ ക്രൈസ്തവ-അക്രൈസ്തവഭേദമെന്യേ ആർക്കും സ്വന്തമായോ മറ്റുള്ളവർക്കുവേണ്ടിയോ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. 2021 ഡിസംബർ 31 വരെയുള്ള സംഭാവനകൾ മാത്രമേ പുരസ്ക്കാരത്തിനായി പരിഗണിക്കുകയുള്ളു. നാമനിർദ്ദേശങ്ങൾക്കൊപ്പം പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ ഫോട്ടോ, സംഭാവനകൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ, മറ്റു ഫോട്ടോഗ്രാഫുകൾ, ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവയും സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം നേരിട്ടോ, തപാലിലോ നൽകാവുന്നതാണ്.

പൂരിപ്പിച്ച അപേക്ഷാഫോറം 2022 ജൂൺ 15 നകം സെക്രട്ടറി, മാർത്തോമ്മാ പുരസ്ക്കാരം, മാർത്തോമ്മാ വിദ്യാനികേതൻ, പി.ബി. നമ്പർ 20, ചങ്ങനാശേരി - 686 101 കേരള എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. 2022 ജൂലൈ 3-ാം തീയതി മാർത്തോമ്മാ വിദ്യാനികേതൻ വാർഷികത്തോടനുബന്ധിച്ച് അവാർഡുദാനം നടത്തുന്നു.

എന്ന്,

**അഡ്വ. ജോർജ് വർഗീസ് കോടിക്കൽ**
സെക്രട്ടറി
9447366765

**ഫാ. ഡോ. തോമസ് കറുകക്കളം**
ഡയറക്ടർ

പ്രിയ കുടുംബപ്രേഷിതരേ,

കുടുംബം ദൈവസ്ഥാപിതമായ സ്നേഹക്കൂട്ടായ്മയാണ്. വിവാഹമെന്ന കൂദാശയിലൂടെ ഒന്നാകുന്ന ദമ്പതികളുടെ സ്നേഹത്തിന്റെയും ജീവന്റെയും പങ്കുവയ്പ്പിലൂടെയാണ് കുടുംബം സഫലയാഥാർത്ഥ്യമാകുന്നത്. അതിനാൽ കുടുംബത്തെക്കുറിച്ചുള്ള വിചിന്തനങ്ങളിൽ 'വിവാഹം' സുപ്രധാനമായ സ്ഥാന മർഹിക്കുന്നു. വിവാഹത്തെ കുടുംബജീവിതത്തിലേയ്ക്കുള്ള ദൈവവിളിയായി സ്വീകരിക്കുമ്പോഴാണ് അതിന്റെ അർത്ഥവും ലക്ഷ്യവും പൂവണിയുന്നത്.

ഈ കാലയളവിൽ വലിയ ആശങ്ക ഉണർത്തുന്ന കാര്യം വിവാഹപ്രായം പിന്നിട്ട അവിവാഹിതരുടെ, പ്രത്യേകിച്ച് യുവാക്കന്മാരുടെ എണ്ണം ക്രമാതീത മായി വർദ്ധിക്കുന്നുവെന്നതാണ്. കൃത്യമായ സാമൂഹികനിരീക്ഷണവും പഠ നവും അനിവാര്യമായിരിക്കുന്ന മേഖലയാണിത്. ഉന്നതപഠനത്തിനായുള്ള ശ്രമവും അത് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ ജോലി കിട്ടാനുള്ള താമസവും ഒരു കാരണമായി പലരും ചൂണ്ടിക്കാട്ടുന്നുണ്ട്. യൗവനം 'അടിപൊളിയായി' ആഘോഷിക്കാനുള്ള വ്യഗ്രതയിൽ വിവാഹം മുന്നോട്ടുനീട്ടിവച്ചും അനാവശ്യമായ ഡിമാന്റുകളിൽ ഊന്നിയും ഒടുവിൽ പ്രതി സന്ധിയിലാകുന്നവരും കുറവല്ല. പൊതുവേ, വിദ്യാസമ്പന്നരായ പെൺകുട്ടി കൾക്ക് ഉചിതമായ യോഗ്യതയുള്ള ആൺകുട്ടികളെ കിട്ടാതാകുന്നതും നമ്മൾ കാണുന്നുണ്ട്.

ഇതിന് എന്താണ് പരിഹാരമെന്ന് ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തായാലും യുവാക്കന്മാരുടെ വിവാഹം അവരുടെ പ്രായം മുപ്പതിലേയ്ക്ക് എത്തുന്നതിന് മുൻപ് നടത്തുന്നതിനു മുൻകൈയ്യെടുക്കുവാൻ മാതാപിതാ ക്കൾ ശ്രദ്ധിക്കണം. ആൺകുട്ടികൾ ഈ പ്രതിസന്ധി തിരിച്ചറിഞ്ഞ് തങ്ങളുടെ വിദ്യാഭ്യാസം കൃത്യമായി പൂർത്തീകരിക്കുകയും പെൺകുട്ടികളുടെ വിദ്യാ ഭ്യാസത്തിനു യോജിച്ച നിലവാരത്തിൽ, ഡിഗ്രി തലത്തിലേയ്ക്കെങ്കിലും പഠ നനിലവാരം ഉയർത്തേണ്ടതും ആവശ്യമായിരിക്കുന്നു. സമൂഹത്തിന്റെ നില നിൽപിന് ആധാരമായ കുടുംബത്തിന്റെ നിലനിൽപ് അപകടത്തിലാക്കുന്ന ഇത്തരം പ്രതിസന്ധികളെ നേരിടുവാൻ പ്രായോഗികമായ സമീപനങ്ങളും ആശയരൂപീകരണവും അനിവാര്യമാണ്.

സ്നേഹപൂർവം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ** (അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല** (ഡയറക്ടർ)

## റിപ്പോർട്ട്

### 1 മദ്യവിരുദ്ധ പ്രതിഷേധ റാലി

സർക്കാരിന്റെ തെറ്റായ മദ്യനയത്തിനെതിരെ ചങ്ങനാശേരി സംയുക്ത മദ്യ വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 7 ന് നടത്തപ്പെട്ട പ്രതിഷേധറാ

ലിയിലും പൊതുസമ്മേളനത്തിലും വിവിധ ഫൊറോനാകളിലെ ഇടവകകളിൽ നിന്നും മാതൃവേദി - പിതൃവേദി അംഗങ്ങൾ പങ്കെടുത്തു.

### 2 ലോകമാതൃദിനാചരണം

2022 മെയ് 8-ാം തീയതി ഞായറാഴ്ച അതിരൂപതാതല മാതൃദിനാഘോഷം ഉച്ചകഴിഞ്ഞ് 2:30 ന് കുറുമ്പനാടം സെന്റ് ആന്റണീസ് പാരിഷ് ഹാളിൽവെച്ച് നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം മാതൃദിനം ഉത്ഘാടനം ചെയ്തു. ജീവന്റെ ശുശ്രൂഷയിൽ വിലമതിക്കാനാവാത്ത സ്ഥാനം മാതൃത്വത്തിനുണ്ട് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

### 3 റീത്താ പുണ്യവതിയുടെ തിരുനാൾ (മെയ് 22) ആഘോഷം

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. റീത്താപുണ്യവതിയുടെ തിരുനാൾ വിവിധ പരിപാടികളോടെ എല്ലാ യൂണിറ്റുകളിലും നടത്തപ്പെട്ടു. വി. റീത്താ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് പുളിങ്കുന്ന് ഫൊറോനാ മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കണ്ണാടി സെന്റ് റീത്താസ് തീർത്ഥാടനകേന്ദ്രത്തിലേയ്ക്ക് 13-ാമത് 'കണ്ണാടി തീർത്ഥാടനം' മെയ് 19-ാം തീയതി വ്യാഴാഴ്ച നടത്തപ്പെട്ടു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി.

ആലപ്പുഴ ഫൊറോനാ മാതൃവേദി - പിതൃവേദിയുടെ ആഭിമുഖ്യത്തിൽ തകഴി സെന്റ് റീത്താസ് തീർത്ഥാടനകേന്ദ്രത്തിലേക്ക് തീർത്ഥാടനം നടത്തി. ആലപ്പുഴ ഫൊറോനായിലെ വിവിധ ഇടവകകളിൽ നിന്നുള്ള ഭാരവാഹികൾ വി. കുർബാനയിലും പ്രാർത്ഥനാ ശുശ്രൂഷകളിലും പങ്കെടുത്തു.

### 4 കെ–റെയിൽ സമരപ്പന്തൽ സന്ദർശനം

വികസനത്തിന്റെ പേരിൽ പാവപ്പെട്ട മനുഷ്യരുടെ കിടപ്പാടവും തൊഴിലിടങ്ങളും നഷ്ടപ്പെടുത്തി കുടിയൊഴിക്കപ്പെടുന്ന മനുഷ്യത്വരഹിതമായ നടപടിക്കെതിരെ 2022 മെയ് 26 ന് മാടപ്പള്ളിയിലുള്ള സമരപ്പന്തൽ അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

### 5 അതിരൂപത എക്സിക്യൂട്ടീവ്

മാതൃവേദി - പിതൃവേദി സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 26-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു.

### 6 പ്രോലൈഫ് പ്രാർത്ഥനാ ശുശ്രൂഷ

എല്ലാ മാസവും പതിവായി നടത്തിവരുന്ന ജീവൻ ജ്യോതിസ് പ്രോലൈഫ് ശുശ്രൂഷയുടെ ഭാഗമായുള്ള പ്രാർത്ഥനാ ശുശ്രൂഷ ചങ്ങനാശേരി കത്തീഡ്രലിലെ കബറടക്കപ്പള്ളിയിൽ മെയ് 27-ാം തീയതി വെള്ളിയാഴ്ച നടത്തപ്പെട്ടു. വചനപ്രഘോഷണത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും സന്ദേശനിലയം ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ഈറ്റോലിൽ നേതൃത്വം നൽകി.

## അറിയിപ്പുകൾ

### 1 സുബാറാ മീറ്റ് (ജീവന്റെ മംഗലവാർത്ത)

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രോലൈഫ് ശുശ്രൂഷയുടെ ഭാഗമായി ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ ആഗ്രഹിക്കുന്ന ഗർഭിണികളും

# 136-ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം


ലോഗോ പ്രകാശനം


അതിരൂപതാദിനാചരണത്തിന്റെ ഇടവകതല ആഘോഷം


ദീപശിഖ പ്രയാണം


ഛായാചിത്ര പ്രയാണം


ബൈക്ക് റാലി


പ്രയാണങ്ങൾക്ക് സ്വീകരണം








സമ്മേളനനഗറിലേക്ക്


പതാക ഉയർത്തൽ


ഉദ്ഘാടനം


ഫൊറോനകളിലെ സെക്രട്ടറിമാർ – ജോയിന്റ് സെക്രട്ടറിമാർ















എക്സലൻസ് അവാർഡ്





ഗായകസംഘം



137 –ാമത് അതിരൂപതാ ദിനാഘോഷത്തിന്റെ പതാക മുഹമ്മ ഫൊറോന ഏറ്റുവാങ്ങുന്നു.









## 136-ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷം - ആദരിക്കൽ



ശ്രീ. എബി ജോസഫ്
പൊങ്ങനാംതടം



ശ്രീ. ഷരുൺ പി. വർഗീസ്
പടിഞ്ഞാറെ വീട്



കുമാരി അലീന ഷെറിൻ
ഫിലിപ് പറത്തറ



ശ്രീ. റിജോ ജോസഫ്
കിഴക്കേച്ചെത്തിപ്പുഴ



ശ്രീ. സോബി എം. ടി.
മാറാട്ടുകളം



ശ്രീ. ബിനു ജോയി
മങ്കുഴി



ശ്രീ. പ്രദീപ് എൻ.
വെയിൽസ് തെക്കേവിള



ശ്രീ. അമൽ സിറിയക്
വേളാശേരി

## മികച്ച ബുള്ളറ്റിൻ



സെന്റ് മേരീസ് ബസിലിക്ക
കല്ലൂർക്കാട് ചമ്പക്കുളം



മർത്ത് മറിയം
ചേപ്പുംപാറ



സെന്റ് മേരീസ്
പാറേൽ

## മികച്ച ഡയറക്ടറി



സെന്റ് അൽഫോൻസ, പൊങ്ങുംമൂട്



ലിറ്റിൽ ഫ്ളവർ, കുളത്തൂർ



സെന്റ് സെബാസ്റ്റ്യൻസ്, മഹേന്ദ്രപുരം



സെന്റ് ജോസഫ്, കുട്ടമംഗലം

ഗർഭം ധരിക്കാൻ ഒരുങ്ങുന്നവരുമായ ഭാര്യമാർക്കും അവരുടെ ഭർത്താക്കന്മാർക്കും വേണ്ടിയുള്ള ഓൺലൈൻ ധ്യാനം 2022 ജൂൺ 4-ാം തീയതി ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെടുന്നു.

### 2 ജൂൺ 5 പരിസ്ഥിതി ദിനം

മാതൃവേദി - പിതൃവേദി യൂണിറ്റുകൾ ഈ ദിനത്തിന്റെ പ്രാധാന്യം പൊതുസമൂഹം മനസിലാക്കത്തക്കവിധം സമുചിതമായി ആചരിക്കേണ്ടതാണ്. പരിസ്ഥിതിസംരക്ഷണം മനുഷ്യജീവന്റെ നിലനില്പിന് അനിവാര്യമാണെന്ന ബോധ്യത്തോടെ പരിസ്ഥിതിക്കിണങ്ങുന്ന ജീവിതശൈലി പ്രോത്സാഹിപ്പിക്കുവാനും ശീലിക്കുവാനും സമൂഹത്തിനു മാതൃകയാകാം. വൃക്ഷത്തൈകൾ നട്ടുപരിപാലിക്കൽ, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി തുണി, പേപ്പർ ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ എന്നിങ്ങനെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിദിനാചരണം സമുചിതമായി നടത്തുക.

### 3 രക്തദാനദിനം (ജൂൺ 14)

എല്ലാ മാതൃവേദി - പിതൃവേദി യൂണിറ്റുകളും സാധ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്തി അംഗങ്ങളുടെ രക്തനിർണയം നടത്തുകയും രക്തദാനത്തിന് സന്നദ്ധതയുള്ളവരുടെ ഒരു ലിസ്റ്റ് രജിസ്റ്ററിൽ സൂക്ഷിക്കുകയും ചെയ്യുക.

### 4 ലോക പിതൃദിനാചരണം (ജൂൺ 19 ഞായർ)

കുടുംബത്തിലും സമൂഹത്തിലും പിതാക്കൾ ചെയ്യുന്ന നന്മകളും സേവനങ്ങളും ഓർമ്മിക്കുവാനും നന്ദിപറയുവാനും ഈ ദിനം പ്രയോജനപ്പെടുത്താം. മുൻകാല പ്രവർത്തകരെ ആദരിക്കൽ വിവിധ മേഖലകളിൽ മികവ് തെളിയിച്ചവരെ അംഗീകരിക്കൽ, പിതാക്കൾക്കായി സെമിനാറുകൾ, സായാഹ്നയോഗങ്ങൾ എന്നിങ്ങനെ ഉചിതമായ പരിപാടികൾ സംഘടിപ്പിച്ച് പിതൃദിനം ആചരിക്കാം. അതിരൂപതാതലത്തിൽ പിതൃദിനം സമുചിതമായി ആചരിക്കുന്നതാണ്. പിതൃവേദി റൂബി ജൂബിലി കർമ്മപരിപാടികൾക്ക് പിതൃദിനമായ ജൂൺ 19 നു തുടക്കം കുറിക്കും.

### 5 അംഗത്വമാസാചരണം (ജൂൺ)

2022 ജൂൺമാസം പുതിയ അംഗങ്ങളെ സ്വീകരിക്കുന്നതിന് അംഗത്വമാസാചരണം നടത്തുന്നു.

### 6 നന്ദി

ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസ് സെക്രട്ടറിയായി 3 വർഷക്കാലം സ്തുത്യർഹ സേവനം അനുഷ്ഠിച്ച റവ. സി. അനിത FCC ക്ക് ഹൃദ്യമായ നന്ദിയും പ്രാർത്ഥനാശംസകളും. ❍


## വിവാഹ ഒരുക്ക ധ്യാനം

| JUNE | | JULY | |
|---|---|---|---|
| 06, 07, 08 | Chry | 08, 09, 10 | Chry |
| 13, 14, 15 | Zion | 11, 12, 13 | Zion |
| 27, 28, 29 | Zion | 25, 26, 27 | Zion |

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
0481 2424476,
9447016240
വിളിക്കേണ്ട സമയം :
10 a.m. - 5 p.m.

### കൗൺസലിങ് സെൽ വെബിനാർ

യുവദീപ്തി എസ്.എം.വൈ.എം. ചങ്ങനാശേരി അതിരൂപത കൗൺസലിങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 2022 ഏപ്രിൽ 30, ശനി വൈകുന്നേരം 06.30 ന് *'യുവത്വവും ബന്ധങ്ങളും - ഒരു സമകാലിക അവലോകനം'* എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കോട്ടയം വാതിൽ ഫൗണ്ടേഷൻ ഡയറക്ടർ നിഷ ജോസ് (കൗൺസലിങ് സൈക്കോളജിസ്റ്റ്) യുവജനങ്ങളോട് സംവദിച്ചു. ZOOM പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ട വെബിനാറിൽ 210 യുവജനങ്ങൾ പങ്കെടുത്തു. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ജെയ്നെറ്റ് മാത്യൂ, രേഷ്മ ദേവസ്യ എന്നിവർ സംസാരിച്ചു.

### എസ്.എം.വൈ.എം. കേരള റീജിയൻ ഇലക്ഷൻ

കാക്കനാട് മൗണ്ട് സെന്റ് തോമസിൽവെച്ച് 2022 ഏപ്രിൽ 30 ന് നടത്തപ്പെട്ട എസ്.എം.വൈ.എം സംസ്ഥാന സമിതിയിലേക്കുള്ള ഇലക്ഷനിൽ അതിരൂപതാ പ്രതിനിധികൾ പങ്കെടുത്തു. അമല റേച്ചൽ ഷാജി (ചങ്ങനാശേരി ഫൊറോന) സംസ്ഥാന വൈസ് പ്രസിഡണ്ടായും ബ്ലസ്സൻ തോമസ് (അതിരമ്പുഴ ഫൊറോന) സംസ്ഥാന ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.

### സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതിഷേധ റാലി

കേരള സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ സംയുക്ത മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ 2022 മെയ് 7 ന് ചങ്ങനാശേരി ബൈപാസ്സ് ജംഗഷനിൽ നിന്നും മുൻസിപ്പൽ സ്റ്റാന്റിലേക്ക് നടത്തപ്പെട്ട റാലിയിലും പ്രതിഷേധ സമ്മേളനത്തിലും യുവദീപ്തി-എസ്.എം.വൈ.എം അംഗങ്ങൾ അണിചേർന്നു.

### ഫൊറോന വിസിറ്റ്

അതിരൂപതാ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ 2022 മെയ് 1 ന് മണിമല ഹോളി മാഗി യൂണിറ്റിൽവെച്ച് മണിമല ഫൊറോന സന്ദർശനവും നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് യൂണിറ്റിൽവെച്ച് നെടുംകുന്നം ഫൊറോന സന്ദർശനവും മെയ് 3 ന് അതിരമ്പുഴ സെൻട്രൽ യൂണിറ്റിൽവെച്ച് അതിരമ്പുഴ ഫൊറോനാ സന്ദർശനവും കൊല്ലാട് ലിറ്റിൽഫ്ളവർ യൂണിറ്റിൽവെച്ച് കോട്ടയം ഫൊറോന സന്ദർശനവും നടത്തപ്പെട്ടു.

### ഛായാചിത്ര – ദീപശിഖാ പ്രയാണവും ഇരുചക്ര വാഹന റാലിയും

136-മത് ചങ്ങനാശേരി അതിരൂപതാദിനാചരണത്തിന് മുന്നോടിയായി 2022 മെയ് 19 വ്യാഴം, 03.30 pm ന് കുറവിലങ്ങാട് നിധീരിക്കൽ മാണിക്കത്തനാരുടെ കബറിടത്തിൽ നിന്നും കോട്ടയം ലൂർദ്ദ് ഫൊറോന പള്ളിയിലേക്ക് നടത്തപ്പെട്ട ഛായാചിത്ര - ദീപശിഖാ പ്രയാണത്തിൽ നൂറോളം

യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങൾ ഇരുചക്രവാഹന റാലിയായി അണിചേർന്നു.

**ഫൊറോന ക്യാമ്പ്– മെസ്സിസ് 2K22: ഉദ്ഘാടനം**

2022 വർഷത്തെ ഫൊറോനാതല പ്രാർത്ഥനാ – പഠന പരിശീലന ക്യാമ്പുകളുടെ ഉദ്ഘാടനം 2022 മെയ് 20 ന് മാന്നാനം സെന്റ് ചാവറ തീർത്ഥാടന കേന്ദ്രത്തിൽവെച്ച് ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. വികാരി ജനറൽ മോൺ. ജോസഫ് വാണിയപുരക്കൽ, ജോർജ്ജ് ജോസഫ്, ഫാ. ജോബിൻ ആനക്കല്ലുങ്കൽ, കുടമാളൂർ ഫൊറോന ഡയറക്ടർ ഫാ. ആന്റണി കാട്ടൂപ്പാറ, പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ, റ്റോം തോമസ് എന്നിവർ സംസാരിച്ചു.

2022 മെയ് 20, 21, 22 തീയതികളിലായി കുടമാളൂർ ഫൊറോന ക്യാമ്പ് സെന്റ് ചാവറ തീർത്ഥാടന കേന്ദ്രത്തിൽവെച്ച് നടത്തപ്പെട്ടു. ഡീക്കൻ ജോജോ പള്ളിച്ചിറ, ബ്രദ. ക്രിസ്റ്റി ഐക്കുളം എന്നിവരുടെ നേതൃത്വത്തിൽ റിസോഴ്സ് ടീമും അതിരൂപതാ ഭാരവാഹികളും ക്യാമ്പിന് നേതൃത്വം നൽകി.

**കെ.സി.വൈ.എം: സമാധാന ദീപം തെളിയിക്കൽ**

മതസംഘടനയുടെ റാലിക്കിടയിൽ പ്രകോപനപരമായ മുദ്രാവാക്യം വിളിച്ച് മതസൗഹാർദ്ദം തകർക്കാനുള്ള ശ്രമത്തിനെതിരെ 2022 മെയ് 24, ചൊവ്വ വൈകുന്നേരം 06.00 ന് ആലപ്പുഴ ബീച്ചിൽ കെ.സി.വൈ.എം സംസ്ഥാന സമിതി സംഘടിപ്പിച്ച സമാധാന കൂട്ടായ്മയിൽ ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങളായ അറുപതോളം യുവജനങ്ങൾ പങ്ക് ചേർന്നു.

**Upcoming Events**

ജൂൺ 01 : കൈത്തിരി; പഠനോപകരണങ്ങൾ വിതരണം ചെയ്യൽ

ജൂൺ 11 : പരിസ്ഥിതി ദിനാചരണം; പൊതു ഇടങ്ങൾ ശുചിയാക്കൽ, മാലിന്യ നിക്ഷേപ പെട്ടികൾ സ്ഥാപിക്കൽ.

ജൂൺ 11 : ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം

ജൂൺ 19 : തോമസ് മൂർ ദിനാചരണം

**ജൂബിലി സന്ദേശ പേടക പ്രയാണം ഉദ്ഘാടനം**

സുവർണ ജൂബിലി സന്ദേശവുമായി ഫൊറോനകളിലെ എല്ലാ യൂണിറ്റുകളിലൂടെയും കടന്ന് പോകുന്ന പേടകങ്ങൾ തോമസ് മൂർ ദിനത്തിൽ ഫൊറോനകൾ ഏറ്റു വാങ്ങുന്നു. ഓരോ ആഴ്ചയും ഓരോ യൂണിറ്റുകളിൽ പ്രയാണം എത്തിച്ചേരുന്നു. തദവസരത്തിൽ യൂണിറ്റുതല സുവർണ ജൂബിലി ആഘോഷങ്ങൾ നടത്തപ്പെടുന്നു.

# റവ. ഫാ. ആന്റണി മാന്നല മെമ്മോറിയൽ
# 6-ാമത് അഖില കേരള ബൈബിൾക്വിസ് മത്സരം

എളിമയും ലാളിത്യവും മുഖമുദ്രയാക്കി ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിച്ച് ഏവർക്കും പ്രിയങ്കരനായി ജീവിച്ച് നിത്യതയിലേക്ക് കടന്നുപോയ പുണ്യാത്മാവ് ബഹു. ആന്റണി മാന്നലയച്ചന്റെ ശാശ്വതസ്മരണയ്ക്കായി 2022 ജൂലൈ 09-ാം തീയതി ശനിയാഴ്ച 9.00 a.m. ന് ആറാമത് അഖില കേരള ബൈബിൾ ക്വിസ് മത്സരം നടത്തപ്പെടുന്നു.

## പഠനവിഷയങ്ങൾ

1. ജോഷ്വ 1 മുതൽ 12 വരെ അധ്യായങ്ങൾ
2. പ്രഭാ. 23 മുതൽ 26 വരെ അധ്യായങ്ങൾ
3. മർക്കോസ് 9 മുതൽ 16 വരെ അധ്യായങ്ങൾ
4. 1 കൊറിന്തോസ് 9 മുതൽ 16 വരെ അധ്യായങ്ങൾ (അവലംബം പി.ഒ.സി. ബൈബിൾ)

} 80% (ലോഗോസ് 2022 പഠനഭാഗം)

5. യു ക്യാറ്റ് (YOUCAT) - അധ്യായം 2 - പേജ് 51 മുതൽ 72 വരെ അഥവാ ചോദ്യോത്തരം 71 മുതൽ 112 വരെ } 10%
6. സഭാപരമായ ചോദ്യങ്ങളും മാന്നലയച്ചനെക്കുറിച്ചുള്ള ചോദ്യങ്ങളും } 10%

## നിബന്ധനകൾ

1. ഒരു സൺഡേസ്കൂളിൽനിന്നും 2022-23 വർഷം 5 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽനിന്നും 2 പേർ വീതമുള്ള 2 ടീമുകൾക്ക് പങ്കെടുക്കാം.
2. 2022 ജൂലൈ 06 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സമയത്ത് ഒരു വാട്സ് ആപ് നമ്പർ നിർബന്ധമായും നൽകണം.
3. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 100 രൂപ.
4. മത്സരത്തിനു മുമ്പ് ഡയറക്ടറുടെ / ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കണം.
5. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രപ്പടി (ടി.എ) നൽകും.

## സമ്മാനങ്ങൾ

| | | |
|---|---|---|
| 1-ാം സമ്മാനം | 5000/- | രൂപയും എവർറോളിംഗ് ട്രോഫിയും |
| 2-ാം സമ്മാനം | 4000/- | ,, |
| 3-ാം സമ്മാനം | 3000/- | ,, |
| 4-ാം സമ്മാനം | 2000/- | ,, |
| 5-ാം സമ്മാനം | 1000/- | ,, |
| 6-ാം സമ്മാനം | 900/- | ,, |
| 7-ാം സമ്മാനം | 800/- | ,, |

കൂടാതെ മാർക്കിന്റെ അടിസ്ഥാനത്തിൽ 8 മുതൽ 10 വരെ സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 700 രൂപ, 600 രൂപ, 500 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും നൽകുന്നു. പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

**ഫാ. ജേക്കബ് അത്തിക്കളം**, വികാരി

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്

**നിഷാന്ത് ജോസ് ഫിലിപ്പ്**
**H.M., 8281212446**

**ജോസ് മുണ്ടിയാനിക്കൽ**
**Convener, 9447418157**

മിശിഹായിൽ സ്നേഹംനിറഞ്ഞ കെ.സി.എസ്.എൽ അംഗങ്ങളേ,

സന്തോഷപ്രദമായ അവധിക്കാലത്തിനുശേഷം പുതിയ അധ്യായനവർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. എല്ലാ വിജയാശംസകളും പ്രാർത്ഥനാപൂർവ്വം ഏവർക്കും നേരുന്നു. അവധിക്കാലമെല്ലാം ഫലപ്രദമായി വിനിയോഗിച്ചു എന്ന് കരുതുന്നു. പരീക്ഷയുടെ റിസൾട്ടിനായി കാത്തിരിക്കുന്ന എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ ആത്മാർത്ഥമായി നേർന്നു.

മേയ് മാസം 17-ാം തീയതി പാലാരിവട്ടം POC-യിൽ വച്ച് സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പും തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽ നിന്നും ആറു പ്രതിനിധികൾ പങ്കെടുത്തിരുന്നു. വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കണ്ടറി സ്കൂളിലെ മാസ്റ്റർ അശ്വിൻ ആന്റോ കെ. എസ്. സംസ്ഥാനതല ചെയർമാനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് അശ്വിന് ആശംസകൾ നേർന്നുകൊള്ളുന്നു.

ഈ പുതിയ അധ്യായനവർഷത്തിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തപ്പെടുന്നതിനായി ദൈവത്തോടു പ്രാർത്ഥിക്കാം. 2022 - 2023 പ്രവർത്തനവർഷ ഉദ്ഘാടനം, സ്റ്റുഡന്റ്സ് കൗൺസിൽ തിരഞ്ഞെടുപ്പ്, ലീഡർഷിപ്പ് ക്യാമ്പ് തുടങ്ങിയവ ജൂൺമാസത്തിൽ നടക്കുന്നതാണ്. അതിന്റെ തീയതിയും സ്ഥലവും സംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവർക്കും നല്ലൊരു അധ്യായനവർഷം ആശംസിക്കുന്നു.

**അറിയിപ്പുകൾ**

- ജൂൺ 11 (രണ്ടാം ശനി) - സംസ്ഥാനതല ആനിമേറ്റേഴ്സ് കോൺഫറൻസ് പാലാരിവട്ടം POC-ൽ വച്ച് നടത്തപ്പെടുന്നതാണ്.
- ജൂൺ 24 - സംസ്ഥാനതല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെടുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# CARP (Department of Community Awareness and Rights' Protection)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

**മെയ് മാസത്തെ പ്രവർത്തനങ്ങൾ**

1. തുരുത്തി ഫൊറോനയിൽ മെയ് 22 ഞായറാഴ്ച, കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സർക്കാർ പദ്ധതികളെക്കുറിച്ച് ബോധവൽകരണ ക്ലാസ് നടന്നു. കാർപ്പ് ഡയറക്ടർ ക്ലാസ് നയിച്ചു.
2. ചമ്പക്കുളം ബസലിക്ക ഇടവകയിൽ സൺഡേസ്കൂൾ കുട്ടികൾക്കായി കാർപ്പ് ഡയറക്ടർ ക്ലാസ് നയിച്ചു.

**ജൂൺ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. അഡ്മിഷനുകളുടെ സമയമാകയാൽ EWS ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.
2. കിസാൻ സമ്മാൻ പദ്ധതി ലഭിക്കുന്ന കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് കൃഷിവകുപ്പ് നോഡൽ ഓഫീസർ അറിയിച്ചു.
3. സഹകരണബാങ്കുകളിൽ നിന്ന് 2018 ഓഗസ്റ്റ് 31 വരെ കർഷകരെടുത്ത കൃഷി വായ്പകൾക്ക് കാർഷിക കടാശ്വാസ കമീഷൻ രണ്ടുലക്ഷം രൂപ വരെ സാഹചര്യങ്ങൾ പഠിച്ചശേഷം ഇളവു നൽകും. ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചത അപേക്ഷാഫോമിൽ അപേക്ഷ നൽകണം.
4. ഇനിമുതൽ എപിഎൽ റേഷൻകാർഡുകൾ ബിപിഎൽ ആക്കാൻ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം.

**ബേബി വട്ടക്കര**
(അതിരൂപതാ കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(അതിരൂപതാ ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കാലവർഷത്തിന്റെ വരവറിയിച്ചുകൊണ്ടുള്ള മഴ പതിവിലും നേരത്തെ തന്നെ നമ്മുടെ നാട്ടിൽ ലഭിച്ചു തുടങ്ങിയിരിക്കുന്നു. കാലവർഷം ശക്തമായിരിക്കുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഒട്ടേറെ കരുതൽ നടപടികൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ട ഒരു കാലഘട്ടമാണിത്. പൊതുവേ കാലവർഷം നമ്മുടെ നാട്ടിൽ പകർച്ച വ്യാധികൾക്കും, തൊഴിലില്ലായ്മയ്ക്കും, ദാരിദ്ര്യത്തിനും, വെള്ളപ്പൊക്കത്തിനും കാരണമായിത്തീരാറുണ്ട്. പോയ കാലഘട്ടത്തിൽ ഇത്തരം സാഹചര്യങ്ങളുടെ തീവ്രത വളരെ കുറവായിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ ആഗോളതാപനവും തന്മൂലം സംജാതമായ കാലാവസ്ഥാ വ്യതിയാനവും മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കതീതമായി അപ്രതീക്ഷിതവും അനിയന്ത്രിതവുമായ മഴയ്ക്കും ഒപ്പം വിനാശകരമായ വെള്ളപ്പൊക്കത്തിനും ഇടവരുത്തിയിരിക്കുന്നു. പ്രകൃതിക്ക് ഇണങ്ങാത്തതും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങളും, വികസന ഇടപെടലുകളും, പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും, പരിസര മലിനീകരണവും, ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതും പ്രകൃത്യാ ജലം സംഭരിച്ച് നിർത്തി ഭൂഗർഭത്തിലേയ്ക്ക് ജലം ആഴ്ന്നിറങ്ങുവാൻ ഉപകരിക്കുന്ന ജലാശയങ്ങളും വയലുകളും നികത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും മൂലം മഴവെള്ളത്തെ ഉൾക്കൊള്ളാൻ ആകാതെ ഭൂമി ക്ലേശിക്കുന്ന അവസ്ഥാവിശേഷത്തിന് കാരണമാക്കി തീർത്തു. നമ്മുടെ പുഴകളും, തോടുകളും, ജലാശയങ്ങളും, പ്രളയജലത്തെ ഉൾക്കൊള്ളാൻ ആകാത്തവിധം തടസ്സങ്ങൾക്കും മറ്റുനിരവധി നശീകരണ പ്രവണതകൾക്കും വിധേയമായി തീർന്നിരിക്കുന്നു. ഫലമോ? തുടരെത്തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിനും, നാശനഷ്ടങ്ങൾക്കും നാം ഇരകളായിത്തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും പരമാവധി സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ നമുക്ക് സാധിക്കണം. ചാസിന്റെ ദുരന്ത ആഘാത ലഘൂകരണ പദ്ധതിയുടെ (DRR) പ്രസക്തി മനസ്സിലാക്കി കർമ്മനിരതരാകുവാൻ പ്രാദേശിക യൂണിറ്റുകളെയും അവയോട് കണ്ണിചേർന്ന് പ്രവർത്തിക്കുന്ന കർമ്മസേനകൾ, സ്വാശ്രയസംഘങ്ങൾ, മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, മഹിളാസമാജങ്ങൾ, കർഷകസംഘങ്ങൾ, സന്നദ്ധപ്രവർത്തകർ തുടങ്ങി എല്ലാവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. വ്യക്തിശുചിത്വവും, പരിസരശുചിത്വവും പാലിച്ച് പകർച്ച വ്യാധികളെ പടിക്ക് പുറത്താക്കുവാൻ നമുക്ക് ശ്രമിക്കാം. ദുരന്തനിവാരണ വകുപ്പും, സർക്കാർ സർക്കാരിതര സംവിധാനങ്ങളുമായി സഹകരിച്ച് മുൻകരുതൽ നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ബോധപൂർവ്വമുള്ള ഇടപെടലുകൾ നടത്തുവാൻ ചാസിന്റെ ജനകീയസംഘടനകൾ മുൻപോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ സംഘടനകളെയും ഉൾപ്പെ

ടുത്തി ഒറ്റക്കെട്ടായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ചാസിന്റെ പ്രാദേശിക യൂണിറ്റുകൾ മുൻകൈ എടുക്കണം. എല്ലാ യൂണിറ്റുകളിലും ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ശ്രമിക്കുമല്ലോ! അങ്ങനെ നമ്മുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് സ്വാന്ത്വനവും സഹായകവുമായിത്തീരാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## അറിയിപ്പ്

### ചാസ് നേഴ്സറി

ചാസ് കേന്ദ്ര ഓഫീസ് അങ്കണത്തിൽ ജൂൺ 2 ന് ചാസ് നേഴ്സറിക്ക് തുടക്കം കുറിക്കും. അത്യുൽപ്പാദനശേഷിയും, രോഗപ്രതിരോധ ശേഷിയുമുള്ള ഫലവൃക്ഷതൈകൾ, പച്ചക്കറിവിത്തുകൾ, തൈകൾ, തെങ്ങിൻ തൈകൾ, പൂച്ചെടികൾ, പൂച്ചട്ടികൾ എന്നിവ ആവശ്യക്കാർക്ക് മൊത്തമായും ചില്ലറയായും മിതമായ നിരക്കിൽ ചാസ് നേഴ്സറിയിൽനിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 8138088730.

## കേന്ദ്ര വാർത്തകൾ

### ഫുഡ് കിറ്റ് വിതരണം

റോട്ടൻ ബർഗ് രൂപതയുടെ സഹായ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ ആലപ്പുഴ, ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം, മണിമല, നെടുംകുന്നം, കോട്ടയം, കുടമാളൂർ, അതിരമ്പുഴ എന്നീ മേഖലകളിലെ 1000 കാൻസർ, വൃക്ക രോഗികൾക്ക് ഏപ്രിൽ 26, 27 തീയതികളിൽ ഫുഡ് കിറ്റ് വിതരണം നടത്തി. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു റീജൻസി ബ്രദേഴ്സ്, തിരുവനന്തപുരം ലയോളാ കോളേജിൽ നിന്നും എത്തിയ MSW വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

### ഒറിയന്റേഷൻ പ്രോഗ്രാം

തിരുവനന്തപുരം ലയോളാ കോളേജ്, കണ്ണൂർ പിലാത്തറ സെന്റ് ജോസഫ്സ് കോളേജ്, ചങ്ങനാശേരി അസംപ്ഷൻ കോളേജ്, ലേബർ ഇൻഡ്യ കോളേജ്, ക്രിസ്തു ജ്യോതി കോളേജ് ചെത്തിപ്പുഴ എന്നിവിടങ്ങളിൽ നിന്നും BSW, MSW, M.Com പഠത്തിന്റെ ഭാഗമായി ചാസിൽ എത്തിയ വിദ്യാർത്ഥികൾക്ക്, സന്നദ്ധ പ്രവർത്തന മേഖലയെക്കുറിച്ചും, ചാസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മെയ് 2, 6, 16 തീയതികളിൽ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

## 'കുട്ടിത്തോട്ടം – 2022'

2022 ജൂൺ 5 ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ചാസിന്റെ ആഭിമുഖ്യത്തിൽ ജൂൺ 1 മുതൽ 6 വരെ പരിസ്ഥിതിവാരാചരണം സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് കൃഷിയെക്കുറിച്ച് ബോധ്യം നല്കുന്നതിനും പരിസ്ഥിതിയെ സംരക്ഷിച്ച് പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് സ്കൂൾ തലത്തിൽ 'കുട്ടിത്തോട്ടം-2022' നിർമ്മിക്കുന്നത്. ചങ്ങനാശേരി നഗര പ്രദേശത്തെ ഏഴ് സ്കൂളുകളാണ് ഈ പദ്ധതിയിൽ സഹകാരികളാകാൻ മുൻപോട്ട് വന്നിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നിന്നുമുള്ള ടീച്ചർമാരുടെ പ്രതിനിധിയോഗം മെയ് 17 ന് ചാസ് കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. കുട്ടിത്തോട്ടം നിർമ്മിക്കുന്നതിന് ആവശ്യമായ പച്ചക്കറിവിത്തുകൾ, തൈകൾ, വളങ്ങൾ, ജൈവകീടനാശിനി തുടങ്ങി ആവശ്യമായ എല്ലാ സാധനങ്ങളും ചാസിൽ നിന്നും നൽകുന്നതാണ്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന സ്കൂളുകൾക്ക് കാഷ് അവാർഡ് നൽകും. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ബ്രദർ ടോണി പുറവടി, പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ എന്നിവർ നേതൃത്വം നൽകി.

## യൂണിറ്റ് രൂപീകരണം

**പുളിക്കൽക്കവല** ഇടവകയിൽ ചാസിന്റെ പുതിയ യൂണിറ്റിന് തുടക്കം കുറിച്ചു. സെന്റ് മേരീസ് പള്ളി പാരീഷ് ഹാളിൽ 2022 മെയ് 20 ഞായറാഴ്ച ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ രാവിലെ 7 മണിക്കുള്ള വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. വികാരി റവ. ഫാ. സിറിയക്ക് വലിയപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യുവും, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസും, ചാസ് പ്രവർത്തനങ്ങളെക്കുറിച്ചും, ഇടവകയിൽ ചാസ് യൂണിറ്റിന്റെ പ്രസക്തിയെക്കുറിച്ചും വിശദീകരിച്ചു. പുതിയ എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

**കുമരകം** നവനസ്രത്ത് ഇടവകയിൽ ചാസിന്റെ പുതിയ യൂണിറ്റിന് 2022 മെയ് 20 ഞായറാഴ്ച്ച തുടക്കം കുറിച്ചു. യൂണിറ്റിന്റെ ഔപചാരിക ഉദ്ഘാടനം കേരള ന്യൂനപക്ഷ കമ്മീഷൻ മെമ്പർ അഡ്വ. ബിന്ദു തോമസ് നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി മുട്ടത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണവും അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ ആശംസയും അർപ്പിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ലിസി സി.വി. എന്നിവർ മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

ചാസ് ചമ്പക്കര യൂണിറ്റിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പ്ലാമ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ മെയ് 20 ന് ചേർന്ന്, നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസ്തുത

മീറ്റിംഗിൽ പങ്കെടുത്ത് വേണ്ട നിർദ്ദേശങ്ങൾ നൽകി. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് നേതൃത്വം നൽകി.

## FFT മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയുടെ സഹകരണത്തോടെ ചാസ് നടപ്പിലാക്കുന്ന കുടുംബബോദ്ധാരണ പദ്ധതിയുടെ കഴിഞ്ഞ മൂന്നുമാസക്കാല പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും അടുത്ത മാസത്തേയ്ക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി മെയ് 21-23 തീയതികളിൽ FFT മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, FDP കോ-ഓർഡിനേറ്റർ സി. സെൽമ SRA എന്നിവർ മീറ്റിഗിൽ പങ്കെടുത്തു.

## FPC മെമ്പർഷിപ്പ് കാമ്പേയ്ൻ

നബാർഡിന്റെയും SFAC യുടെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന FPC കളിൽ അംഗങ്ങളെ ചേർക്കുന്നതിലേയ്ക്കായി, ടി കമ്പനികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, പ്രവർത്തനരീതി, അംഗത്വ വിതരണം മുതലായവ വിശദീകരിക്കുന്നതിനും താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ വച്ച് വിശദീകരണ സെമിനാറുകൾ നടത്തപ്പെട്ടു.

**(1) മാടപ്പള്ളി FPC**

| തീയതി | മേഖല | സംഘടിപ്പിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 28.4.2022 | തുരുത്തി | സെന്റ് മേരീസ് ചർച്ച്, ഇത്തിത്താനം | 25 |
| 30.4.2022 | കുറുമ്പനാടം | ലിറ്റിൽ ഫ്ളവർ ചർച്ച്, മാടപ്പള്ളി | 17 |
| 02.5.2022 | തൃക്കൊടിത്താനം | സെന്റ് തോമസ് ചർച്ച്, നാലുകോടി | 19 |
| 06.5.2022 | ചങ്ങനാശേരി | സെന്റ് ജോസഫ്സ് ചർച്ച്, വെരൂർ | 27 |

**(2) പൊങ്ങന്താനം സമൃദ്ധ FPC**

| തീയതി | മേഖല | സംഘടിപ്പിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 14.5.2022 | കുടമാളൂർ | സെന്റ് സേവ്യേഴ്സ് ചർച്ച്, വില്ലൂന്നി | 16 |
| 14.5.2022 | അതിരമ്പുഴ | ക്രിസ്തു രാജാ ചർച്ച്, ഏറ്റുമാനൂർ | 25 |
| 16.5.2022 | നെടുംകുന്നം | സെന്റ് ജോർജ്ജ് ഫൊറോനാ ചർച്ച് | 19 |
| 16.5.2022 | മണിമല | ഹോളി മാഗി ഫൊറോനാ ചർച്ച് | 19 |

## മാടപ്പള്ളി FPC പ്രഥമ പൊതുയോഗം

നബാർഡിന്റെ സഹായ സഹകരണത്തോടുകൂടി ചാസ് രൂപം കൊടുത്ത മാടപ്പള്ളി അഗ്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പ്രഥമ പൊതുയോഗം മെയ് 21 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് ചാസ് കോൺഫറൻസ് ഹളിൽ നടത്തി. കമ്പനി ചെയർമാൻ ശ്രീ. ഷാജിമോൻ ജോർജ്ജ് സ്വാഗതം ആശംസിച്ചു. നബാർഡ് കോട്ടയം ജില്ലാ മാനേജർ ശ്രീ. റെജി വർഗീസ് മുഖ്യ പ്രഭാഷണവും, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും നൽകി. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ ആശംസയർപ്പിച്ചു. FPC കൺസൾട്ടന്റ്മാരായ ശ്രീ. സെബിൻ മാത്യു, ശ്രീ. സബിൻ ജോസ് എന്നിവർ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ൽകി.

## കുട്ടനാട് FPC ക്രിസ് കേന്ദ്രീകരിച്ച്

ചാസിന്റെ ആഭിമുഖ്യത്തിൽ മാമ്പുഴക്കരി ക്രിസ് കേന്ദ്രീകരിച്ച് കുട്ടനാട് FPC Ltd., എന്ന പേരിൽ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ കൃഷിവകുപ്പിന്റെ ഭാഗമായുള്ള അഗ്രി ബിസിനസ്സ് കൺസോർഷ്യ (SFAC) ത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നാം ഈ പ്രവർത്തനങ്ങൾ നാളിതുവരെ നടത്തി വന്നിരുന്നത്. പക്ഷേ ഭരണപരമായ കാരണങ്ങൾ മൂലം നമ്മുടെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്തിയിട്ടില്ല. ആയതിനാൽ ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനി പ്രൈവറ്റായി രൂപീകരിക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. ഭാവിയിൽ ഗവൺമെന്റ് അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനുമായി പരിശ്രമിക്കാവുന്നതാകുന്നു. തുടർ പ്രവർത്തനങ്ങളെ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനായി താത്പര്യമുള്ള കർഷകരുടെ മീറ്റിംഗ് 2020–22 മെയ് 24 10.30 am ന് ചമ്പക്കുളം പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദീകരണം ഡോ. ജോസഫ് എബ്രഹാം നിർവ്വഹിച്ചു. ചാസ് കോ-ഓർഡിനേറ്ററുമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. എൻ.ഐ. തോമസ്, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ നേതൃത്വം നൽകി.

### ജൽ ജീവൻ മിഷൻ

## IPC ബോധവത്ക്കരണ സെമിനാർ –ചമ്പക്കുളം

ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളെ നാലായി തിരിച്ച് ജലജന്യരോഗങ്ങൾ, പകരുന്നരീതി, തടയുന്നവിധം എങ്ങനെ നിയന്ത്രിക്കാം? എന്നിവയെക്കുറിച്ച് മെയ് 6–ാം തീയതി രാവിലെ 1,13 വാർഡുകളിലും 2,3 വാർഡുകളിൽ ഉച്ചകഴിഞ്ഞും സെമിനാർ സംഘടിപ്പിച്ചു. മെയ് 7–ാം തീയതി രാവിലെ 6–12 വരെ വാർഡുകളിലും 4,5 വാർഡുകളിൽ ഉച്ചകഴിഞ്ഞും സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രഡിഡന്റ് ശ്രീമതി റ്റി. ജി. ജലജ കുമാരി ഉദ്ഘാടനം നിർവ്വഹിച്ചു. വാർഡ് മെമ്പറുമാർ സന്നിഹിതരായിരുന്നു. വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർ സെമിനാറിൽ പങ്കെടുത്തു.

## IPC ബോധവത്ക്കരണ സെമിനാർ –നെടുമുടി

നെടുമുടി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളെ നാലായി തിരിച്ച് ജലജന്യരോഗങ്ങൾ, പകരുന്നരീതി, തടയുന്നവിധം എങ്ങനെ നിയന്ത്രിക്കാം? എന്നിവയെക്കുറിച്ച് മെയ് 12–ാം തീയതി രാവിലെ 1–5 വാർഡുകളിലും 6–9 വാർഡുകളിൽ ഉച്ചകഴിഞ്ഞും സെമിനാർ സംഘടിപ്പിച്ചു. മെയ് 13–ാം തീയതി രാവിലെ 10–12 വാഡുകളിലും ഉച്ചകഴിഞ്ഞ് 13–15 വാർഡുകളിലും സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രഡിഡന്റ് ശ്രീമതി മിനി മന്മഥൻനായർ ഉദ്ഘാടനം നിർവ്വഹിച്ചു. വാർഡ് മെമ്പറുമാർ സന്നിഹിതരായിരുന്നു. വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത കുടുംബശ്രീപ്രവർത്തകർ സെമിനാറിൽ പങ്കെടുത്തു.

നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിൽ 4 സെക്ഷനുകളായി നടന്ന സെമിനാറിൽ ജലത്തിന്റെ പ്രാധാന്യം, ലഭ്യത, ഉപയോഗം എന്നീ വിഷയത്തിൽ ഭാരതീയ യൂണിവേഴ്സിറ്റി MSW വിദ്യാർത്ഥി ശ്രീ. ജെസ്റ്റിൻ ജോസഫ് ക്ലാസ് നയിച്ചു. ജല മലിനീകരണം നിയന്ത്രണം എന്നീ വിഷയത്തിൽ ലയോള കോളേജ് MSW വിദ്യാർത്ഥിനികളായ ശ്രീമതി അഞ്ജലി എസ്, ജല ജന്യരോഗങ്ങളെക്കുറിച്ച്

ശ്രീമതി എയ്ഞ്ചൽ ആന്റണി, രോഗങ്ങൾ എങ്ങനെ തടയാം എന്നതിനെക്കുറിച്ച് ശ്രീമതി അമൃത എന്നിവർ ക്ലാസ് നയിച്ചു. ജെജെഎം. കോ-ഓർഡിനേറ്റർമാരായ ശ്രീ. ബൈജു സി സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ നേതൃത്വം നൽകി.

### തെരുവ് നാടകങ്ങൾ സംഘടിപ്പിച്ചു

നെടുമുടി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി തെരുവ് നാടകങ്ങൾ സംഘടിപ്പിച്ചു. ജലത്തിന്റെ പ്രാധാന്യം, ഉപയോഗം, ജലജന്യരോഗങ്ങൾ, ജല മലിനീകരണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ജനങ്ങൾക്ക് ബോധ്യം നൽകുന്നതിനുവേണ്ടി പദ്ധതി നിർവ്വഹണ സഹായ ഏജൻസിയായ ചാസിന്റെ നേതൃത്വത്തിൽ നെടുമുടി ഗ്രാമപഞ്ചായത്തിലെ അഞ്ച് പ്രദേശങ്ങളിൽ (ചമ്പക്കുളം ബസലിക്ക ജംഗ്ഷൻ, വൈശ്യംഭാഗം എൽ.പി.എസ്. ജംഗ്ഷൻ, കൊട്ടാരം സ്കൂൾ ജംഗ്ഷൻ, പൂപ്പള്ളി ജംഗ്ഷൻ, നെടുമുടി ജംഗ്ഷൻ) മെയ് 9 ന് തെരുവുനാടകം സംഘടിപ്പിച്ചു. പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നെടുമുടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് ജോസഫ് വല്യാക്കൽ നിർവ്വഹിച്ചു. ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും ജൽ ജീവൻ കോ-ഓർഡിനേറ്റർമാർ വിശദീകരിച്ചു. ലയോള കോളേജ് തിരുവനന്തപുരം, ചങ്ങനാശേരി ക്രിസ്തുജ്യോതി, ഭാരതീയ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ നേതൃത്വം നൽകി.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി (2022 മെയ്) ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

(1) SHG മരണാനന്തര സഹായം ഒരു കുടുംബത്തിന് Rs. 10,000/- നൽകി (2022 മെയ്)

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 577. മോളിക്കുട്ടി ബാബു | ജാസ്മിൻ | കിളിരൂർ | കുടമാളൂർ |

## മേഖലാ വാർത്തകൾ

### സൺഡേ മാർക്കറ്റ്

ചേന്നംകരി യൂണിറ്റിൽ ഏപ്രിൽ 24 ന് സൺഡേമാർക്കറ്റ് ആരംഭിച്ചു. വിഷലിപ്തമല്ലാത്ത പച്ചക്കറികളും ഭക്ഷ്യവിഭവങ്ങളും ആളുകളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സൺഡേ മാർക്കറ്റ് ആരംഭിക്കുന്നത് എന്ന് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം ആഹ്വാനം ചെയ്തു. യൂണിറ്റ് ഭാരവഹികളും സ്വാശ്രയസംഘം ഭാരവാഹികളും നേതൃത്വം നൽകി വരുന്നു.

### സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ്

തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ യൂണിറ്റുകളിൽ സൗജന്യ കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

തൈറോയ്ഡ് എക്സാമിനേഷൻ, തൈറോയിഡ്, ബ്രസ്റ്റ് സ്കാനിംഗ്, ബ്രസ്റ്റ് വെൽസ്കോപ്പ് എക്സാമിനേഷൻ എന്നീ പരിശോധനകൾ ക്യാമ്പിൽ വച്ച് നടത്തി. രോഗ സംശയമുള്ളവർക്ക് Mammogram, Papsmear, Thyroid Ultrasound, Oral punch biopsy എന്നീ പരിശോധനകൾ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗജന്യ പരിശോധന നടത്തുന്നതാണ്.

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| ഏപ്രിൽ 29 | മുട്ടാർ ഓൾഡ് | 68 |
| മെയ് 6 | കുടമാളൂർ | 60 |
| മെയ് 13 | കത്തീഡ്രൽ ചങ്ങനാശേരി | 65 |

## സ്വാശ്രയസംഘ വാർഷികം

കൂരോപ്പട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ആൽഫോൻസാ' സ്വാശ്രയസംഘത്തിന്റെ മൂന്നാമത് വാർഷികം മെയ് 19 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പാറശ്ശേരി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ആന്റണി തുപ്പലഞ്ഞിയിൽ അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ ആശംസയർപ്പിച്ചു.

## കാർഷിക സെമിനാറും പച്ചക്കറിതൈ വിതരണവും

കൂരോപ്പട ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ മെയ് 24 ന് കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പാറശ്ശേരി അദ്ധ്യക്ഷതവഹിച്ച സെമിനാർ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. കൂരോപ്പട കൃഷി ഓഫീസർ ശ്രീമതി സൂര്യമോൾ, മീനടം കൃഷി ഓഫീസർ ശ്രീമതി രശ്മി എന്നിവർ സെമിനാർ നയിച്ചു. പങ്കെടുത്ത അംഗങ്ങൾക്ക് പച്ചക്കറിതൈകൾ വിതരണം ചെയ്തു.

## ചാസ് മാതൃകാ ഗ്രാമം രണ്ടാം ഘട്ടം

എടത്വാ മേഖലയിലെ 'ചാസ് മാതൃകാ ഗ്രാമം' പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം കോ-ഓർഡിനേറ്റർമാരായ ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീമതി സിജി ബിജുമോൻ എന്നിവരുടെ നേതൃത്വത്തിൽ മുട്ടാർ ഓൾഡ് 'സമൃദ്ധി SHG' യുടെ 18 അംഗസമിതി 75 വീടുകൾ ഉൾക്കൊള്ളുന്ന പ്രദേശം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മറ്റുള്ളവർക്ക് അനുകരണീയമായ മാതൃക നൽകി സ്വയം പര്യാപ്തഗ്രാമത്തെ സൃഷ്ടിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൾ ചേപ്പില, യൂണിറ്റ് എക്സിക്യൂട്ടീവ് എന്നിവരുടെ പൂർണ്ണ പിന്തുണയോടെയാണ് മാതൃഗ്രാമം പ്രവർത്തിക്കുന്നത്. ഗ്രാമത്തിന്റെ സർവ്വേ എടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി ആദ്യപടിയായി മഴക്കാലപൂർവ്വ ശുചീകരണം നടത്തി. സെന്റ് ജോർജ്ജ്പള്ളി മുതൽ കൈതത്തോട് പാലം വരെ റോഡിന്റെ ഇരുവശവും മോഡൽ ഗ്രാമം പ്രവർത്തകർ കാടുവെട്ടി വൃത്തിയാക്കി.

## തയ്യൽ പരിശീലനം ആരംഭിച്ചു

കിടങ്ങറ യൂണിറ്റിൽ മെയ് 16 ന് തയ്യൽ പരിശീലനം ആരംഭിച്ചു. 12 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 മെയ് 25 -വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപത യിൽ ലഭിച്ച തുക |
|---|---|---|---|
| 162. | പുളിക്കകവല | 75000 | 30000 |
| 163. | പത്തനാപുരം | 10900 | 4400 |
| 164. | കലവൂർ | 70700 | 28280 |
| 165. | പഴയരൂർ | 12000 | 4800 |
| 166. | അഞ്ചൽ | 46000 | 18400 |
| 167. | എസ്. എൽ. പുരം | 14100 | 5640 |
| 168. | കൈനടി | 96715 | 38700 |
| 169. | കരുവാറ്റ | 70100 | 28040 |
| 170. | കുമരകം വടക്കുംകര | 53760 | 21504 |
| 171. | കത്തീഡ്രൽ | 344760 | 137904 |
| 172. | കുറ്റിക്കോണം | 9400 | 9400 |
| 173. | പനയമ്പാല | 47700 | 19180 |
| 174. | തേക്കുപാറ | 8050 | 3220 |
| 175. | നസ്രത്ത് | 106650 | 40000 |
| 176. | പുറക്കാട് | 84550 | 33820 |
| 177. | കാര്യവട്ടം | 73600 | 29440 |
| 178. | അമ്പലപ്പുഴ | 11500 | 4600 |
| 179. | ആറാട്ടുവഴി | 35900 | 14360 |
| 180. | ഇരവിനല്ലൂർ | 9180 | 3670 |
| 181. | വായ്പൂർ - ഓൾഡ് | 41920 | 16768 |

| | | | |
|---|---|---|---|
| 182. | കുന്നന്താനം | 70450 | 28180 |
| 183. | ഈര | 10310 | 10310 |
| 184. | തെള്ളകം | 110550 | 44220 |
| 185. | വെഞ്ചെമ്പ് | 11900 | 4760 |
| 186. | നരിക്കല്ല് | 12450 | 4980 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022- മെയ് മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | കൈനടി - സെന്റ് മേരീസ് ചർച്ച് | 239227 |
| 2. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 50000 |
| 3. | ചമ്പക്കുളം - സെന്റ് മേരീസ് ബസലിക്ക | 39500 |
| 4. | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 11500 |

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ലോക നേഴ്സസ് ദിനാചരണം

ലോക നേഴ്സസ് ദിനത്തോട് അനുബന്ധിച്ച് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ സംഘടിപ്പിച്ച നേഴ്സസ് ദിനാചരണം അതിരൂപതാ മെത്രപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവ്വഹിച്ചു. പരിപാടിയിൽ ഫാ. ജോസഫ് വാണിയപുരയ്ക്കൽ, ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത്, ഫാ. ജെയിംസ് പി. കുന്നത്ത്, ഫാ. ജോഷി മുപ്പതിൽച്ചിറ, ഡോ. എൻ. രാധാകൃഷ്ണൻ, ഡോ. തോമസ് സഖറിയ, സി. സോണിയ സെബാസ്റ്റ്യൻ എഫ്.ഡി.സി.സി., സി. നവ്യ എം.എൽ.എഫ്., സി. മെറീന എസ്.ഡി., പ്രഫ. ഷൈല ഐപ്പ്, ആൻസമ്മ ജോസഫ്, ജോസി കെ. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ലോക നേഴ്സസ് ദിനാചരണത്തിന്റെ ഭാഗമായി കാത്തലിക് നേഴ്സിസസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ മെയ് 11 ന് നേഴ്സുമാരുടെ രൂപതാമീറ്റ് സംഘടിപ്പിച്ചു. കോളിറ്റി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മെയ് 6, 7 തീയതികളിൽ നഴ്സുമാർക്കായി ദ്വിദിന വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. മുന്നൂറിലധികം നഴ്സുമാർ പങ്കെടുത്തു.

### സൗജന്യ രോഗനിർണ്ണയ ഗ്യാസ്ട്രോഎൻട്രോളജി ക്യാമ്പ്

ഡിപ്പാർട്ടുമെന്റ് ഓഫ് ഗ്യാസ്ട്രോഎൻട്രോളജിയുടെ നേതൃത്വത്തിൽ സൗജന്യ രോഗനിർണ്ണയ ക്യാമ്പ് മെയ് 23 മുതൽ മെയ് 28 വരെ രാവിലെ 09.00 മുതൽ ഉച്ചയ്ക്ക് 1 വരെ സംഘടിപ്പിച്ചു. ഡോ. അനൂപ് എസ്. നായർ MBBS, MD. DM നേതൃത്വം നല്കി. ക്യാമ്പിന്റെ ഭാഗമായി സൗജന്യ കൺസട്ടേഷൻ, ലാബ് ടെസ്റ്റുകൾക്കും, സ്കാനിങ്, എക്സറേ, എൻഡോസ്കോപ്പി, കൊളോനോസ്കോപ്പി എന്നിവയ്ക്ക് 25% ഡിസ്കൗണ്ടും നൽകി. ഗ്യാസ്ട്രോഎൻട്രോളജി ഡിപ്പാർട്ടുമെന്റിൽ ഡോ. അനിൽ പി. ജോൺ MBBS, MD. DM, MRCP, ഡോ. മുരളി അപ്പുക്കുട്ടൻ MBBS, MS. DMB, MCh, FACS, FAIS എന്നുവരുടെ സേവനവും ലഭ്യമാണ്.

### യോഗ ഫോർ കാർഡിയാക് ഹെൽത്ത് രജിസ്ട്രേഷൻ ആരംഭിച്ചു.

നാച്ചുറോപതി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ അന്തർദ്ദേശീയ യോഗാദിനമായ ജൂൺ 21 ന് യോഗ ഫോർ കാർഡിയാക് ഹെൽത്ത് പദ്ധതിക്ക് തുടക്കമാവും. പ്രസ്തുത പരിപാടിക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. പദ്ധതി രൂപകല്പന ചെയ്തതും പരിശീലനത്തിന് നേതൃത്വം നൽകുന്നതും ഡോ. അഭിരാമി പ്രകാശ് BNYS, PG Dip (Acu) ആണ്.

നാച്ചുറോപ്പതി ഡിപ്പാർട്ടുമിന്റെ നേതൃത്വത്തിൽ മസാജ് തെറാപ്പി, മഡ് തെറാപ്പി, സ്റ്റീം, കിഴി, അക്യുപ്പഞ്ചർ, ഹൈഡ്രോതെറാപ്പി, ഡയറ്റ് തെറാപ്പി, യോഗ പരിശീലനം, കൗൺസലിംഗ്, സുഖചികിത്സ എന്നിവയ്ക്കുള്ള സൗകര്യമുണ്ട്. അമിത വണ്ണം, പ്രമേഹം, ഹൈപ്പർടെൻഷൻ, സോറിയാസിസ്, വാതരോഗങ്ങൾ, നടുവേദന, മുട്ടുവേദന, സ്പോണ്ടിലൈറ്റിസ് എന്നിവയ്ക്കുള്ള ചികിത്സയും ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0481–2747766, 8547367754 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### സൗജന്യ സർജറി മെഡിക്കൽ ക്യാമ്പ്

സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ മെയ് 22 ന് മണിമ

ലയിൽ സൗജന്യ സർജറി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എമേഴ്സൺ ദേവസ്യ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. ജോർജ് മാത്യു MBBS, MS, DNB, MNAMS, ഡോ. വിജയ് വർഗ്ഗീസ് MBBS, MS, FMAS, DMAS, FALS-Colorectal എന്നിവർ നേതൃത്വം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ അസി. ഡയറക്ടർ ഫാ. ജോഷി മുപ്പതിൽ ച്ചിറ അധ്യക്ഷതവഹിച്ചു.

**ഫാ. ജയിംസ് പി. കുന്നത്ത്**
**ഫാ. ജോഷി മുപ്പതിൽചിറ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### സൗജന്യ മെഡിക്കൽ ക്യാമ്പ്

സഹൃദയ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ കേരള പോലീസ് അസോസിയേഷൻ ആലപ്പുഴ യൂണിറ്റിന്റെ സഹകരണത്തോടെ മെയ് പതിനഞ്ചിന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആലപ്പുഴ ജില്ല അഡിഷണൽ എസ്.പി ആർ.ഡി. അജിത്ത്, ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, ഫിസിഷ്യൻ ഡോ. ഗോവിന്ദ് എസ്, കാർഡിയോളോജിസ്റ് ഡോ. തോമസ് മാത്യു, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ശ്രീജിത്ത് നായർ എന്നിവർ പ്രസംഗിച്ചു

### ബോധവത്ക്കരണ സെമിനാർ

സഹൃദയ ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴ താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റിയുമായി ചേർന്ന് സെക്ഷ്വൽ ഹരാസ്മെന്റ് അറ്റ് വർക്ക് പ്ലേസ് എന്ന വിഷയത്തെ സംബന്ധിച്ച് ബോധവൽക്കരണ സെമിനാർ മെയ് പതിനെട്ടിന് സംഘടിപ്പിച്ചു. സബ് ജഡ്ജ് ജലജ റാണി എം.ടി ഉദ്ഘാടനം നിർവഹിച്ചു, പ്രസ്തുത വിഷയത്തിൽ അഡ്വക്കേറ്റ് ജയൻ സി. ദാസ് മുഖ്യ പ്രഭാഷണം നടത്തി.

### നഴ്സസ് ദിനാചരണം

നഴ്സസ് ദിനത്തോടനുബന്ധിച്ച് മെയ് പന്ത്രണ്ടിന് സംഘടിപ്പിച്ച ആഘോഷങ്ങൾ നഗരസഭാധ്യക്ഷ സൗമ്യ രാജ് ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ, ഫിസിഷ്യൻ ഡോ. ഗോവിന്ദ് എസ്. ആശംസകൾ അറിയിച്ചു. റിട്ടേർഡ് നഴ്സുമാരെയും സീനിയർ നേഴ്സ് സ്റ്റാഫിനെയും ആദരിച്ചു. നൈറ്റിംഗേൽ അവാർഡ്, ഇതര സമ്മാനങ്ങളും നൽകി

### കാരുണ്യസ്പർശം

സഹൃദയ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ചേന്നങ്കരി സെന്റ് ജോസഫ് പള്ളിയുടെ കൂട്ടായ്മയായ കാരുണ്യസ്പർശത്തിന്റെ നേതൃത്വത്തിൽ മെയ് അഞ്ചിന് നടത്തിയ മെഡിക്കൽ ക്യാമ്പിൽ ജനറൽ മെഡിസിൻ, പൾമനോളജി, ഓർത്തോപീഡിക്സ്, ഇ.എൻ.ടി എന്നീ ഡിപ്പാർട്മെന്റിലെ ഡോക്ടർമാരുടെ സൗജന്യ സേവനവും, സൗജന്യ മരുന്നു വിതരണവും നടന്നു. കൂടാതെ പ്രമേഹരോഗ നിർണ്ണയവും, പി.എഫ്.ടി ടെസ്റ്റുകളിലും സൗജന്യമായിരുന്നു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

പ്രിയ പ്രവാസി സഹോദരങ്ങളെ,

തൊഴിലാളി ദിനത്തോടനുബന്ധിച്ച് 'വി. യൗസേപ്പ് തൊഴിലാളികൾക്ക് വഴി കാട്ടി' എന്ന വിഷയത്തിൽ അസി. ഡയറക്ടർ ഫാ. ജിജോ മാറാട്ടുകളം യൂട്യൂബ് ചാനലിലൂടെ സന്ദേശം പങ്കുവച്ചു. ഏപ്രിൽ 29-ാം തീയതി ഡയറക്ടേഴ്സ് യു.എ.ഇ., ബഹറൈൻ എന്നീ രാജ്യങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഏപ്രിൽ 29ന് ബഹ്റൈൻ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഡയറക്ടർ ഫാ. റെജി പുതുവീട്ടിൽക്കളം അദ്ധ്യക്ഷനായിരുന്നു. ഏപ്രിൽ 30 ന് കുടുംബസംഗമവും ഈസ്റ്റർ ദിനാഘോഷം ബഹ്റൈൻ കേരളാ കാത്തലിക് അസോസിയേഷൻ ഹാളിൽ ശ്രീ. ഷിനോയ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി പ്രസംഗിച്ചു. വിവിധ കലാപരിപാടികൾ മീറ്റിംഗിൽ നടത്തപ്പെട്ടു. ബഹ്റൈനിൽ വസിക്കുന്ന കൂടുതൽ കാലം സേവനമനുഷ്ഠിച്ചവർ, കൂടുതൽ മക്കളുള്ള കുടുംബങ്ങൾ, ആതുരസേവനത്തിൽ മികവു പുലർത്തിയവർ, ബിസിനസിൽ മികവു പുലർത്തിയവർ എന്നിവരെ ആദരിച്ചു. മെയ് ഒന്നാംതീയതി ബഹ്റൈൻ സീറോമലബാർ സൊസൈറ്റി ഹാളിൽ ഡയറക്ടറുമായി സ്നേഹസംവാദം സംഘടിപ്പിച്ചിരുന്നു. അതിൽ അതിരൂപതാംഗങ്ങളായ എല്ലാ കുടുംബങ്ങളും പങ്കെടുക്കുകയും പരമാവധി സമയം പ്രയോജനപ്പെടുത്തുകയും ചെയ്തു. നേതൃത്വം വഹിച്ച എല്ലാവരേയും പ്രവാസി അപ്പോസ്തലേറ്റ് നന്ദിയോടെ ഓർക്കുന്നു. ബഹ്റൈൻ കത്തീഡ്രൽ ദൈവാലയത്തിൽ ബലിയർപ്പിച്ചു.

പ്രവാസി അപ്പോസ്തലേറ്റ് യു.എ.ഇ. ചാപ്റ്റർ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും അസി. ഡയറക്ടർ ഫാ. ജിജോ മാറാട്ടുകളത്തിന്റെ നേതൃത്വത്തിൽ ഫുജൈറ ക്ലിഫ്ടൺ ഹോട്ടലിൽ വച്ച് നടത്തുകയുണ്ടായി. വിവിധ എമിറേറ്റുകളിൽനിന്നും പ്രതിനിധികളും പ്രവാസികളായ അതിരൂപതാംഗങ്ങളും പങ്കെടുത്തു. പ്രാർത്ഥനയോടുകൂടി ആരംഭിച്ച മീറ്റിൽ വിവിധ കലാപരിപാടികൾ നടത്തപ്പെടുകയും പ്രവാസി അപ്പോസ്തലേറ്റ് വിവിധ അവാർഡുകൾക്ക് അർഹരായ യു.എ.ഇ. പ്രവാസികളെ വേദിയിൽ ആദരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആഗോളതലത്തിൽ സംഘടിപ്പിച്ച ക്രിസ്മസ് ന്യൂ ഇയർ മത്സരങ്ങളിൽ (ജിംഗിൾ ബെൽസ്) വിജയികളാവർക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. അബുദാബി ടീമിന്റെ ആന്തം ആലാപനത്തോടെ മീറ്റിംഗ് അവസാനിച്ചു.

സിവിൽ സർവ്വീസ് കോച്ചിംഗിനായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ സ്ക്രീനിംഗ് ടെസ്റ്റ് നടത്തി. ടെസ്റ്റിൽ വിജയിച്ച കുട്ടികളുമായി ലിറ്റിൽ സ്റ്റാറിന്റെ കോർഡിനേറ്റേഴ്സ് അഭിമുഖം നടത്തുകയും ചെയ്തു. മെത്രാഭിഷേകത്തിന്റെ ഇരുപതു വർഷങ്ങൾ പൂർത്തിയാക്കിയ അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്

പ്രവാസി അപ്പോസ്തലേറ്റ് പ്രാർത്ഥനാശംസകൾ നേർന്നു. കോട്ടയം ലൂർദ് ഫൊറോനാ പള്ളിയങ്കണത്തിൽവച്ചു നടന്ന 136-ാമത് അതിരൂപതാ ദിനത്തിൽ ഡയറക്ടർമാരോടൊപ്പം സൗദി അറേബ്യ ഖത്തർ എന്നീ രാജ്യങ്ങളിലെ എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും സജീവമായി പങ്കെടുത്തു.

**ആവേ മരിയ**

തിരിച്ചെത്തിയ പ്രവാസികളുടെ സംരംഭമായ ആവേ മരിയ ഹോളിഡെയ്സ് ജൂലൈ 1 മുതൽ 11 വരെ വിശുദ്ധനാട് തീർത്ഥാടനം നടത്തുന്നു. പരിചയ സമ്പന്നരായ വൈദികരോടൊപ്പം ദുക്റാന തിരുനാൾ ആഘോഷത്തിനായി ഇസ്രായേലിലേക്ക് യാത്ര പുറപ്പെടുന്നു. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

# കേരള ലേബർ മൂവ്മെന്റ്
## K.L.M

ഈശോയിൽ പ്രിയപ്പെട്ടവരെ,

പ്രൗഢഗംഭീരമായ മെയ് ദിനറാലിയും പൊതുസമ്മേളനവും വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു. കെ.എൽ.എം അംഗങ്ങളുടെ പൂർണ്ണമായ പങ്കാളിത്തവും, മിഴിവാർന്ന വേഷവിധാനങ്ങളാലും, ഫ്ളോട്ടുകളാലും ചങ്ങനാശേരി നഗരത്തിലൂടെ നടത്തിയ റാലി ഓരോ കെ.എൽ.എം പ്രവർത്തകനും അഭിമാനകരമായിരുന്നു. ഈ റാലി മനോഹരമാക്കുവാൻ നേതൃത്വമേകിയ അതിരൂപതാസമിതിയംഗങ്ങൾക്കും,നിങ്ങൾ ഓരോരുത്തർക്കും ഹൃദ്യമായ നന്ദി.

കെ.എൽ.എം-ന്റെ വളർച്ചയ്ക്കുവേണ്ടി തുടർനാളുകളിൽ ഒരേ മനസ്സോടെ പ്രവർത്തിക്കാം. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹത്തോടെ

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### മെയ്ദിനറാലിയും പൊതുസമ്മേളനവും

ചങ്ങനാശേരി അരമനപ്പടിയിൽ നിന്നും ആരംഭിച്ച മെയ്ദിനറാലി അഭിവന്ദ്യ മാർ തോമസ് തറയിൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ വികാരി ജനറാൾ വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. സമ്മേളനത്തിൽ മുഖ്യപ്രഭാഷണം കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ നടത്തി. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം കത്തീഡ്രൽ വികാരി വെരി റവ.ഫാ. ജോസ് കൊച്ചുപറമ്പിൽ, ശ്രീ. സണ്ണി അഞ്ചിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ ആയിരക്കണക്കിന് കെ.എൽ.എം പ്രവർത്തകർ പങ്കെടുത്തു.

### കെ.എൽ.എം ലീഗൽ സെൽ ഉദ്ഘാടനം

തൊഴിൽ രംഗത്ത് നിയമപരമായ സഹായം നൽകുന്നതിന് കേരളലേബർമൂവ്മെന്റ് ആഭിമുഖ്യത്തിൽ കെ.എൽ.എം ലീഗൽ സെൽ പ്രവർത്തനമാരംഭിച്ചു. അഡ്വ. റോയ് ജോസ് തേനമാക്കൽ ഫാ. അഡ്വ. ജോൺ വടക്കേക്കളം, സി. അഡ്വ. ഹിമ എം.എസ്.ജെ എന്നിവരാണ് കെ.എൽ.എം ലീഗൽ പാനൽ അംഗങ്ങൾ.

### ആദരാഞ്ജലികൾ

ചാഞ്ഞോടി സെന്റ് ജോസഫ് അംഗം കോട്ടയ്ക്കൽ അരുൺ സെബാസ്റ്റ്യന്റെയും, കൂരോപ്പട ഹോളിക്രോസ് സംഘം മാത്യു ജോസഫ് പൂത്തോട്ടലിന്റെയും വേർപാടിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

### മരണാനന്തര സഹായനിധി

92-മത് മരണാനന്തര സഹായനിധിയായ 1,15,000/രൂപ പൊടിപ്പാറ സെന്റ് ജോസഫ് സംഘം പാട്ടത്തിൽ പരേതനായ ഔസേഫ് പീറ്ററിന്റെ നോമിനിക്കും, 93-മത് മരണാനന്തരസഹായനിധിയായ 1,15,000/-രൂപ ആർപ്പൂക്കര സെന്റ് മേരീസ് സംഘം പന്നപാറ പരേതനായ പി.ജെ. ചാക്കോയുടെ നോമിനിക്കും കൈമാറി.

സ്നേഹിതരെ,

**വാർഷിക അവലോകനയോഗം**

2022 ഏപ്രിൽ 24 ന് ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയിൽ നടന്ന സംഘടനയുടെ വാർഷികത്തിന്റെയും സമുദായ സംഗമത്തിന്റെയും അവലോകന യോഗം മെയ് 15 ന് ഏറ്റുമാനൂരിൽ നടന്നു. അതിരൂപത പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മുകളേൽ ഉദ്ഘാടനം നിർവഹിച്ചു. അസിസ്റ്റന്റ് വികാരി ഫാ. ജേക്കബ് ചക്കാത്ര, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഭാരവാഹികളായ രാജേഷ് ജോൺ, ജോയി പാറപ്പുറം, ലിസി ജോസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, ബിനു ഡോമിനിക്, ജോസ് ജെയിംസ്, സോളമൻ പാലത്തിങ്കൽ, ജെറിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

**അതിരുപത നേതൃത്വ ക്യാമ്പ്**

സംഘടനയുടെ അതിരുപത തലത്തിലുള്ള നേതാക്കൾക്കായി 2022 ജൂൺ 10, 11 തീയതികളിൽ കുന്നന്താനം ധ്യാനകേന്ദ്രത്തിൽ നേതൃത്വ ക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി. പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

ഈശോയിൽ പ്രിയപ്പെട്ടവരെ,

കേരള സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ സംയുക്ത മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പ്രതിഷേധറാലി വളരെ ശ്രദ്ധേയമായി. ഈ ജനമുന്നേറ്റത്തെ അവഗണിക്കാനാണ് സർക്കാർ നീക്കമെങ്കിൽ തുടർപ്രതിഷേധപരിപാടികൾ ശക്തമാക്കും.

മെയ് 28-ാംതീയതി ശനിയാഴ്ച സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ വാർഷികം ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽവച്ച് സംഘടിപ്പിക്കുകയാണ്. ഈ മാസം മുതൽ ഇപ്രകാരമുള്ള 100 -ൽ പരം കുട്ടികൾക്കുള്ള മാസംതോറും നല്കുന്ന സഹായം 1000 രൂപയാക്കി നൽകുകയാണ്. ഇതിന് സഹായകരമായി മുന്നോട്ട് വന്ന എല്ലാ ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ഈ ചികിത്സാ പദ്ധതിയിൽ കൗൺസിലിംഗ് സൗകര്യവും വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ പരിശോധനാസൗകര്യം ലഭ്യമാണ്. ചൊവ്വാഴ്ച തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും, ബുധനാഴ്ച ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷ കേന്ദ്രത്തിലും, വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. മിതമായ നിരക്കിൽ നടത്തുന്ന ഈ ലഹരി ചികിത്സ പദ്ധതിയുടെ പ്രയോജനം എടുക്കുവാൻ ഏവർക്കും ഉള്ള അവസരമാണിത്.

## സംയുക്ത മദ്യവിരുദ്ധസമിതിയുടെ റാലി

സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനെതിരെ ചങ്ങനാശേരിയിൽ നടത്തിയ സംയുക്ത മദ്യവിരുദ്ധ സമിതിയുടെ റാലി റെയിൽവേ ബൈപാസ് ജംഗ്ഷനിൽ നിന്ന് അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ ഫ്ളാഗ് ഓഫ് ചെയ്ത റാലി സെൻട്രൽ ജംഗ്ഷൻ വഴി പെരുന്ന ബസ്സ്റ്റാൻഡിൽ എത്തിച്ചേർന്നു. തുടർന്ന് നടത്തിയ പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ-അതിരമ്പുഴ ജമായത്താ ഇമാം ഹാഫീസ് ഷഫീക്ക് ജൗഹരി മുഖ്യപ്രഭാഷണം

നടത്തി. എസ്.എൻ.ഡി.പി.യോഗം മുൻ ബോർഡ് മെമ്പർ എം.ജി. ചന്ദ്രമോഹനൻ, ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമനിക്ക് ജോസഫ് എന്നിവർ ആശംസയും മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് റാസെ ജെ.റ്റി. മെതിക്കളം ആമുഖ സന്ദേശവും നല്കി. മദ്യവിരുദ്ധ സമിതി സെക്രട്ടറി തോമസുകുട്ടി മണക്കുന്നേൽ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. റാലിയിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അംഗങ്ങൾ, വിവിധ ഇടവകകളിൽ നിന്നും എത്തിയ നിരവധി ആളുകൾ, അതിരൂപതയുടെ ഓരോ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമെത്തിയ സ്റ്റാഫ് അംഗങ്ങൾ, ചെത്തിപ്പുഴ നേഴ്സിംഗ് കോളജ് വിദ്യാർത്ഥികൾ കൂടാതെ ഈ റാലിയുടെ വിജയത്തിനായി പ്രവർത്തിച്ച കമ്മിറ്റി കൺവീനർമാരായ റവ.ഫാ. ജോസഫ് ഇറ്റോലിൽ, റവ.ഫാ. സെബാസ്റ്റ്യൻ ചാമക്കാല, റവ.ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ.ഫാ. ജോർജ്ജ് മാന്തുരുത്തി, കോഡിനേറ്റർമാരായ തോമസുകുട്ടി മണക്കുന്നേൽ, ആൻസി മാത്യു ചേന്നോത്ത്, ഡോ. ഡൊമനിക്ക് ജോസഫ്, ജെസ്റ്റിൻ ബ്രൂസ്, കമ്മിറ്റി മെമ്പേഴ്സ് ആയ ജോസി കല്ലുകളം, ആന്റണി മലയിൽ, ലൈസാമ്മ പീലിപ്പോസ്, അഡ്വ. ജോതി മാത്യു, റ്റിന്റോ സെബാസ്റ്റ്യൻ, ജോജൻ സെബാസ്റ്റ്യൻ, സണ്ണി അഞ്ചിൽ, കെ.പി. മാത്യു, ബേബിച്ചൻ പുത്തൻപറമ്പിൽ, എ.പി. തോമസ്, അഡ്വ. സിജോ ജേക്കബ്, അഡ്വ. ജോർജ്ജ് ജേജൻ, ലൗലി ബാബു, ഷാജി മാത്യു, സെബാസ്റ്റ്യൻ കോട്ടപ്പുറം, റാംസെ ജെ.റ്റി, വറുഗീസ് ആന്റണി, റോസമ്മ കാടശ്ശേരി, ടി.എം. മാത്യു തച്ചിലേട്ട്, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ഈശോയുടെ പ്രേക്ഷിത തീക്ഷ ണതയുടെ 'തീ' ജ്വലിപ്പിക്കുന്ന പെന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ! അപ്പോസ്തലന്മാരിൽ പെന്തക്കുസ്ത തിരുനാൾ സൃഷ്ടിച്ച അത്ഭുതകരമായ രൂപാന്തരീകരണം പരിശുദ്ധത്മാവ് ആവസിച്ചാൽ ഓരോ ക്രിസ്തു ശിഷ്യനി ലും സംഭവിക്കും. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

**1. സഭയുടെ വളർച്ചയ്ക്കായി പുനർ സമർപ്പിക്കാം:-**

അപ്പസ്തോല പ്രവർത്തനം 4:32 'വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു' സഭാ കൂട്ടായ്മയുടെ വളർച്ചയ്ക്കായി നമ്മളെതന്നെ സമർപ്പിക്കാനാണ് ഈ പെന്തക്കുസ്താക്കാലത്ത് ദൈവം നമ്മെ വിളിക്കുന്നത്.ദീ പിക ഫ്രണ്ട്സ് ക്ലബ് (DFC) ഭാരവാഹികളുടെ ദൗത്യം സഭയുടെയും സമൂ ദായത്തിന്റെയും വളർച്ചയ്ക്ക് നേതൃത്വം നൽകുകയാണ്. ആ വലിയ ദൗത്യ ത്തിനായി കഠിനാദ്ധ്വാനം ചെയ്യാനും നേതൃത്വമെടുക്കാനും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാനും പെന്തക്കുസ്താക്കാലം നമ്മുക്ക് പ്രത്യേകം പരിശ്രമിക്കാം.

**2. എല്ലാ ഇടവകകളിലും DFC യെ ശക്തിപ്പെടുത്തുക, പെന്തക്കുസ്ത കൺവെൻ ഷനുകൾ നടത്തുക.**

ജൂൺ മാസം എല്ലാ ഇടവകകളിലും DFC ഭാരവാഹികൾ ഒന്നിച്ച് കൂടി പെന്ത ക്കുസ്ത സംഗമങ്ങൾ നടത്തുകയും സഭയിലും സമൂഹത്തിലും പരിശുദ്ധാത്മാ വിന്റെ നിറവിനായി പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. യൂണിറ്റ് പ്രസിഡന്റ്മാർ വികാരിയച്ചന്മാരുമായി ആലോചിച്ച് DFC യുടെ നേതൃത്വത്തിൽ ഇടവകയിലെ നേതൃനിരയെ പങ്കെടുപ്പിച്ച് 'പെന്തക്കുസ്താ കൺവൻഷനുകൾ' ക്രമീകരിക്കു ന്നത് ഉചിതമായിരിക്കും.

**3. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഫൊറോന സന്ദർശനങ്ങൾ:**

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഫൊറോന സന്ദർശനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. മെയ് മാസം ചങ്ങനാശേരി, തൃക്കൊടിത്താനം ഫൊറോന കൾ സന്ദർശിച്ചു. സജീവ പങ്കാളിത്തംകൊണ്ട് സന്ദർശനങ്ങൾ വിജയിപ്പിച്ച ഫൊറോനാ ഡയറക്ടർമാർക്കും, ഫൊറോന സമിതികൾക്കും അഭിനന്ദനം. ഈ മാസം മറ്റ് ഫൊറോനകൾ സന്ദർശിക്കുന്നതാണ്.

**4. ഫൊറോന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ:**

മെയ് മാസം യൂണിറ്റ് സന്ദർശനങ്ങൾ നടത്താത്ത ഫൊറോന സമിതികൾ ജൂൺ മാസം യൂണിറ്റ് സന്ദർശനങ്ങൾ നടത്തി യൂണിറ്റ് പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവുകൾ ഏകണമെന്ന് അഭ്യർത്ഥിക്കുന്നു. DFC യൂണിറ്റുകൾ

ഇനിയും ആരംഭിക്കാനുള്ള ഇടവകകൾ ഉണ്ടെങ്കിൽ ഈ മാസം യൂണിറ്റുകൾ രൂപീകരിക്കുമല്ലോ.

### 5. ദീപിക പത്രവരിസംഖ്യ പുതുക്കൽ :–

ദീപിക പത്രത്തിന്റെ വരിസംഖ്യ പുതുക്കാനുള്ളത് പൂർത്തീകരിക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ദീപികയുടെ സർക്കുലേഷൻ ഏരിയ മാനേജരുമായി ബന്ധപ്പെട്ട് ഇടവകസ്ഥിതി മനസ്സിലാക്കി DFC എക്സിക്യൂട്ടീവ് കൂടി വരിസംഖ്യ പുതുക്കുവാനുള്ളത് പൂർത്തികരിക്കുവാൻ യൂണിറ്റ് പ്രസിഡന്റുമാർ നേതൃത്വം എടുക്കണം.

### 6. പരസ്യ സമാഹരണത്തിന് ഊന്നൽ നൽകുക:–

DFC യുടെ നേതൃത്വത്തിൽ പല ഇടവകകളിലും ഇടവകതിരുനാളുകളോടനുബന്ധിച്ച് സപ്ലിമെന്റുകൾ ഇറക്കുകയുണ്ടായി അവർക്ക് പ്രത്യേക അഭിനന്ദനം എല്ലാവർക്കും ഇത് മാതൃകയാക്കാവുന്നതാണ്. വ്യക്തിപരമായ പരസ്യങ്ങളും പരമാവധി ഇടവകാംഗങ്ങളിൽ നിന്ന് സമാഹരിക്കൻ ശ്രദ്ധിക്കുമല്ലോ. വിവാഹം, വിവാഹ വാർഷികങ്ങൾ, ജന്മദിന വാർഷികങ്ങൾ, ബിസിനസ്സ് പരസ്യങ്ങൾ, ഉപകാരസ്മരണകൾ, ചരമം, ചരമവാർഷിക പരസ്യങ്ങൾ എന്നിവ അവരെ ബന്ധപ്പെട്ട് ശേഖരിക്കുക. വിശദവിവരങ്ങൾക്ക് ദീപിക പരസ്യ വിഭാഗം ഏരിയ മാനേജർമാരുമായി ബന്ധപ്പെടുക.

### ഉപസംഹാരം

പെന്തക്കുസ്താ കാലം സഭയുടെയും സഭയുടെ നാവായ ദീപികയുടെയും വളർച്ചയുടെ കാലമായി മാറട്ടെ. അതിനായി എല്ലാവരുടെയും സഹകരണവും നേതൃത്വവും അഭ്യർത്ഥിക്കുന്നു.

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
(ജന:സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(അതിരൂപത ഡയറക്ടർ)
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് – 9400390539 കോര സി. – 9495445827, വർക്കി ഇ.വി. – 9349599028**

---

# ദലിത് കത്തോലിക്കാ മഹാജനസഭ
## DCMS

### 1 ചങ്ങനാശേരി അതിരൂപതാ മദ്യവിരുദ്ധ റാലി

സംസ്ഥാന സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ അതിരൂപതയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംയുക്ത മദ്യവിരുദ്ധ സമിതി ചങ്ങനാശേരി ബൈപ്പാസ് മുതൽ പെരുന്ന പ്രൈവറ്റ് സ്റ്റാൻഡ് വരെ നടത്തിയ മദ്യവിരുദ്ധ റാലിയിലും പൊതുസമ്മേളനത്തിലും DCMS അതിരൂപതാ സമിതിയംഗങ്ങളും, വിവിധ ഫൊറോനാ, യൂണിറ്റ് ഭാരവാഹികളും, DCYL അംഗങ്ങളും പങ്കെടുക്കുകയും ആശയപ്രാധാന്യമുള്ള ഫ്ളോട്ട് പ്രദർശിപ്പിക്കുകയും ചെയ്തു. പ്രസിഡന്റ് ഡോ. സിജോ ജേക്കബ് ഓർഗനൈസർ മാത്യു ജോസഫ്, സെക്രട്ടറി ഷൈജു ജോസഫ്, DCYL സെക്രട്ടറി ജിബിൻ സാബു എന്നിവർ നേതൃത്വം നൽകി.

### 2 മീഡിയാ സെൽ എക്സിക്യൂട്ടീവ് മീറ്റിംഗ്

സംഘടനാ സംബന്ധമായ വാർത്തകളും വിവരങ്ങളും ഫൊറോനാ യൂണിറ്റ് തലങ്ങളിൽ പ്രത്യേകിച്ച കുടുംബങ്ങളിൽ എത്തിക്കുന്നതിനായി രൂപീകരിച്ച മീഡിയാ സെല്ലിന്റെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് 21.05.2022 ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് ഓൺലൈനായി ഗൂഗിൾ മീറ്റ് പ്ളാറ്റ്ഫോമിൽ നടന്നു. വിവിധ ഫൊറോനാ യൂണിറ്റ് തലങ്ങളിൽ പ്രത്യേകിച്ച് കുടുംബങ്ങളിൽ എത്തിക്കുന്നതിനായി രൂപീകരിച്ച മീഡിയാ സെല്ലിന്റെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് 21.05.2022 ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് ഓൺലൈനായി ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടന്നു. വിവിധ ഫൊറോനാ കോർഡിനേറ്റർമാരും, അതിരൂപതാ മീഡിയാ സെൽ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്ത മീറ്റിംഗിൽ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷത വഹിക്കുകയും, ഡയറക്ടർ ഫാ. ജോൺസൺ ചാലക്കൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. മീഡിയാ സെൽ കോർഡിനേറ്റർ അൻസൺ ദേവസ്യാ മീഡിയാ സെല്ലിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഓർഗനൈസർ മാത്യു ജോസഫ്, സെക്രട്ടറി ഷൈജു ജോസഫ് എന്നിവർ സംസാരിച്ചു. മീഡിയാ സെല്ലിന്റെയും, എംപ്ലോയ്മെന്റ് സെല്ലിന്റെയും ഔദ്യോഗികമായ ഉദ്ഘാടനം യുവജനക്യാമ്പിന്റെ ഉദ്ഘാടന വേളയിൽ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ നിർവ്വഹിക്കുന്നതാണ്.

### 3 ത്രിദിന യുവജന ക്യാമ്പും അതിരൂപതാ സമിതി തിരഞ്ഞെടുപ്പും

DCYL യുവജനക്യാമ്പും അതിരൂപതാ സമിതി തിരഞ്ഞെടുപ്പും 'LUMEN 2022' എന്ന പേരിൽ മെയ് 27, 28, 29 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ക്യാമ്പിന്റെ ഉദ്ഘാടനം മെയ് 27 ന് വൈകുന്നേരം അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവ്വഹിക്കുന്നതാണ്. ഉദ്ഘാടന സമ്മേളനത്തിൽ DCMS ഡയറക്ടർ ഫാ. ജോൺസൺ ചാലക്കൽ, പ്രസിഡന്റ് ഡോ. സിജോ ജേക്കബ് എന്നിവർ സന്നിഹിതരായിരിക്കും. പ്രസ്തുത ക്യാമ്പിൽ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളെ അധികരിച്ച് ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി, ഫാ. ജെയിംസ് മഠത്തിൽച്ചിറ CMI, നർക്കോട്ടിക്സ് സെൽ SI. അരുൺകുമാർ തുടങ്ങി പ്രഗത്ഭർ ക്ലാസ്സുകൾ നയിക്കും. ക്യാമ്പ് മദ്ധ്യേ 2022-25 പ്രവർത്തന വർഷത്തേക്കുള്ള DCYL അതിരൂപതാ സമിതി തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

**ഫാ. ജോൺസൺ ചാലക്കൽ**
(ഡയറക്ടർ)

**ഷൈജു ജോസഫ്**
(സെക്രട്ടറി)

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവൽക്രമവും'. തുടർച്ച രണ്ടാം ഭാഗം കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്ക് വി. ഫ്രാൻസീസ് കൊടുക്കുന്ന ഉദ്ബോധനം.

### തപശ്ചര്യ അനുഷ്ടിക്കാത്തവർ

അന്ധരേ, ലോകം പിശാച് ശരീരം എന്നീ നിങ്ങളുടെ ശത്രുക്കളാൽ നിങ്ങൾ വഞ്ചിതരായിരിക്കുന്നു എന്ന് നിങ്ങൾ അറിയുക; എന്തെന്നാൽ, പാപം ചെയ്യുക എന്നത് ശരീരത്തിന് മധുരതരമാണ്, ദൈവത്തെ സ്നേഹിക്കുക എന്നത് അതിന് തിക്തകവുമാണ്. മാത്രവുമല്ല കർത്താവ് സുവിശേഷത്തിൽ അരുൾ ചെയ്യുന്നതു പോലെ എല്ലാ തിന്മകളും പാപങ്ങളും മനുഷ്യഹൃദയത്തിൽനിന്ന് പുറപ്പെടുന്നു (മർക്കോ 7:21) ഈ ലോകത്തിലോ വരാനിരിക്കുന്ന ലോകത്തിലോ നിങ്ങൾക്ക് ഒന്നും ഉണ്ടായിരിക്കുകയില്ല. അല്പ നേരത്തേയ്ക്ക് ഈ ലോകത്തിലെ മഥ്യകളെ സ്വന്തമാക്കിയെന്ന് നീ വിചാരിക്കുന്നു. പക്ഷേ, നീ വഞ്ചിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, നിനക്കറിവില്ലാത്തതും അജ്ഞാതവുമായ ആ ദിവസവും ആ മണിക്കൂറും (മത്താ. 25:13). നീ നിനച്ചിരിക്കാത്ത വിനാഴികയിൽ വരും. ശരീരം രോഗഗ്രസ്തമാവുന്നു. മരണം അടുത്തുവരുന്നു ഈ മനുഷ്യൻ തിക്തമായ മരണത്തിന് വിധേയനാവുകയും ചെയ്യുന്നു. അനുതപിക്കാതെയും തപശ്ചര്യ അനുഷ്ഠിക്കാതെയും പാപക്കറയോടെ മരിക്കുവാൻ അവൻ എവിടെയായാലും. എപ്പോഴായാലൂം ഏതുവിധത്തിലും മരിച്ചാൽ പരിഹാരമനുഷ്ഠിക്കാൻ കഴിയുമെന്നിരിക്കെ അതു ചെയ്യാതെ മരിച്ചാൽ ശരീരത്തിൽനിന്ന് അവന്റെ ആത്മാവിനെ പിശാച് തട്ടിയെടുക്കുന്നു. ഇക്കാര്യം സ്വയം അനുഭവിച്ചറിയാത്ത ഒരുവനും ഇതിന്റെ വേദനയോ കാഠിന്യമോ മനസ്സിലാക്കാനാവുന്നതല്ല. അവർക്കുണ്ടെന്ന് അവർ കരുതുന്ന എല്ലാ കഴിവുകളും ശക്തിയും ജ്ഞാനവും വിവേകവും (2 ദിന. 1:12) അവരിൽനിന്ന് എടുക്കപ്പെടും (ലൂക്കാ. 8:18, മാർ. 4:25) തങ്ങളുടെ സമ്പാദ്യമെല്ലാം ബന്ധുമിത്രാദികൾക്കായി അവർ വിട്ടുകൊടുക്കു. ഇവരോ അവയെല്ലാം പങ്കിട്ട് എടുത്തശേഷം പറയുന്നു: അവൻ ഇതിലും കൂടുതൽ സമ്പാദിക്കാത്തതിനാലും ഈ തന്നതിലും കൂടുതൽ നമുക്ക് തരാത്തതിനാലും അവന്റെ ആത്മാവ് ശപിക്കപ്പെട്ടതാകട്ടെ''

പുഴുക്കൾ അവന്റെ ശരീരം തിന്നൊടുക്കുന്നു: അങ്ങനെ അവർക്ക് ഈ നശ്വരലോകത്തിൽ തങ്ങളുടെ ശരീരവും ആത്മാവും നഷ്ടപ്പെടുന്നു. നിത്യ കാലത്തേയ്ക്ക് ക്ലേശം സഹിക്കുവായായി അവ രണ്ടു നരകാഗ്നിയിൽ പതിക്കുന്നു. ഈ വാക്കുകൾ ലഭിക്കുന്ന എല്ലാവരോടും സ്നേഹം തന്നെയാകുന്ന ദൈവത്തിൽ (1 യോഹ. 4:16) ഞങ്ങൾ അപേക്ഷിക്കുന്നു. മുകളിൽ എഴുതപ്പെട്ട നമ്മുടെ കർത്താവീശോമിശിഹായുടെ സുരഭില വചനങ്ങൾ അനുകമ്പയോടും, ദിവ്യസ്നേഹത്തോടുംകൂടെ സ്വീകരിക്കുവിൻ. വായിക്കാൻ അറിയാത്തവർ തങ്ങൾക്കുവേണ്ടി മറ്റുള്ളവരെക്കൊണ്ട് ഇവ കൂടെക്കൂടെ വായിപ്പിക്കണം. ഇവ ആത്മാവും ജീവനും (യോഹ. 6:63) ആകയാൽ അവസാനംവരെയും പ്രവർത്തനക്ഷമമമാകുന്ന വിശുദ്ധമായ രീതിയോടൊപ്പം അവർ ഇവയെ കാത്തുസൂക്ഷിക്കേണ്ടതാണ്! ഇവ ചെയ്യാത്തവർ ആരുതന്നെയായാലും വിധി ദിവസത്തിൽ നമ്മുടെ കർത്താവീശോമിശിഹായുടെ ന്യായാസനത്തിൽ മുമ്പാകെ (റോമ. 14:10) കണക്കു കൊടുക്കേണ്ടിവരും (മത്താ. 12:36).

കടപ്പാട്:- 'നിയമാവലിയും ജീവിതക്രമമവും'

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(SFO അതിരൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ്)

*'നിങ്ങൾ എനിക്കു സമർപ്പിക്കപ്പെട്ട വിശുദ്ധ ജനമായിരിക്കണം'*
*(പുറ. 22:31)*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

നമുക്കേവർക്കും സന്തോഷവും ആവേശവും നൽകിയ അനുഭവമായിരുന്നല്ലോ മെയ് 22 നു നടന്ന നമ്മുടെ സെൻട്രൽ കൗൺസിലിന്റെ 68-ാമതു വാർഷികം. നീണ്ട ഇടവേളയ്ക്കുശേഷം നമുക്കൊത്തുചേരാൻ അവസരം തന്ന ദൈവത്തിനു നന്ദി. സമ്മേളനത്തിന്റെ വിജയത്തിനായി പരിശ്രമിച്ചവരെയും, പങ്കെടുത്തവരെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. മുഴുനീള സാന്നിധ്യം കൊണ്ട് നമ്മെ അനുഗ്രഹിക്കുകയും, നല്ല സന്ദേശങ്ങളിലൂടെ നമ്മെ ഉത്തേജിപ്പിക്കുകയും ചെയ്ത അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിനെയും, നമ്മുടെ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരക്കൽ അച്ചനെയും ഏറെ നന്ദിയോടെ ഓർക്കുകയും, അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യാം. അവരുടെ സന്ദേശങ്ങളിലൂടെ പകർന്നുതന്ന ആശയങ്ങളും, നിർദ്ദേശങ്ങളും കോൺഫറൻസ് യോഗങ്ങളിൽ ചർച്ചയാക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്യാൻ നമുക്കു പരിശ്രമിക്കാം. കേൾക്കുക മാത്രം ചെയ്യുന്ന ശ്രോതാക്കൾ ആകാതിരിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

വാർഷിക സമ്മേളനത്തിൽ പങ്കുവക്കപ്പെട്ട ഏതാനും കാര്യങ്ങൾ എല്ലാവരുടെയും പ്രത്യേക ശ്രദ്ധക്കു വിഷയമാകണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അഭിവന്ദ്യ പിതാവു സൂചിപ്പിച്ച ഒരു പ്രധാന കാര്യം സംഘടനാ പ്രവർത്തനം തലമുറകളിലേക്കു കൈമാറ്റപ്പെടുമ്പോൾ അതിന്റെ ചൈതന്യവും ആവേശവും കുറയുന്നു എന്നതായിരുന്നു. ഒരു ഉദാസീന മനോഭാവം പല അംഗങ്ങളെയും ബാധിച്ചിരിക്കുന്നു, സംഘടനയുടെ പ്രവർത്തനങ്ങൾ ഏതാനും പേരുടെ മാത്രം ഉത്തരവാദിത്വം പോലെ ആയിത്തീരുന്നു. നമ്മുടെ സൊസൈറ്റിയുടെ ഏറ്റവും പ്രധാന പ്രവർത്തനമായ നമ്മുടെ സന്ദർശനങ്ങൾ നമ്മുടെയും, നാം സന്ദർശിക്കുന്ന വ്യക്തികളുടെയും സഭയുടെയും വളർച്ചയിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. ബഹു. വാണിയപ്പുരക്കൽ അച്ചന്റെ സന്ദേശത്തിൽ സഭയോടു ചേർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയുണ്ടായി. സഭയുടെ പ്രസ്ഥാനമായി, ബലിപീഠത്തോടു ചേർന്നുനിന്നുകൊണ്ട് വിശുദ്ധ കൂദാശകളിൽ നിന്നു ശക്തിയും ചൈതന്യവും ഉൾക്കൊണ്ടു പ്രവർത്തിക്കുമ്പോഴാണ് നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ അർത്ഥവത്തും അനുഗ്രഹപ്രദവുമാകുക. അംഗങ്ങളുടെ വിശുദ്ധിയും കൂട്ടായ്മയുടെ ചൈതന്യവും വളരെ പ്രധാനപ്പെട്ടതാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. നമ്മുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. ചാക്കോ പുതിയാപറമ്പിലച്ചൻ പുതിയ അംഗങ്ങളെ പ്രത്യേകിച്ചും യുവജനങ്ങളെ സംഘടനയിലേക്ക് കൂടുതലായി കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ജൂനിയർ കോൺഫറൻസുകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെയും കുട്ടിക

ളെയും അവരുടെ ഇടവക കോൺഫറൻസ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്ക ണമെന്ന നിർദ്ദേശവും അദ്ദേഹം നൽകുകയുണ്ടായി. ഈ നിർദ്ദേശങ്ങളൊക്കെ യും പ്രായോഗികമാക്കുവാനുള്ള പരിശ്രമം എല്ലാവരിൽനിന്നും ഉണ്ടാവുമെന്നു പ്രതീക്ഷിക്കുന്നു.

പെന്തക്കുസ്താ തിരുനാളിന്റെയും, പരിശുദ്ധ ത്രിത്വത്തിന്റെയും തിരുനാളു കളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. സർവ്വഥാ പ്രവർത്തനനിരതനായ പരിശുദ്ധാത്മാവിനു നമ്മെത്തന്നെ വിട്ടുകൊടുക്കുമ്പോഴാണ് നമുക്കും പ്രവർത്ത നനിരതരാവാൻ സാധിക്കുക. 'പരിശുദ്ധാത്മാവു വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും, ജറുസേലേമിലും, യൂദയാ മുഴുവനിലും, സമരിയായിലും, ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും' (നടപടി 1:8). നമ്മുടെ പ്രവർത്തനങ്ങളെല്ലാം നമ്മുടെ ക്രൈസ്തവസാ ക്ഷ്യത്തിന്റെ പ്രതിഫലനമാണല്ലോ. ഈ സാക്ഷ്യത്തിന് നമ്മെ ശക്തരാക്കുക പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ നിറവിനായി തീഷ്ണമായി ആ ഗ്രഹിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ക്രിസ്തു നാഥൻ പറയുന്നുണ്ട് ''സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല'' (ലൂക്കാ 11:13) എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ ആത്മാവിനാൽ നിറയാനുള്ള നമ്മുടെ ആഗ്രഹ ത്തിന്റെ ആവശ്യകതയാണ് സൂചിപ്പിക്കുക. ആത്മാവിനാൽ നിറയുമ്പോൾ ലോകത്തിന്റെ മോഹങ്ങളെ നിയന്ത്രിക്കാനും ഒരേ മനസ്സോടെ യേശുവിനു സാക്ഷ്യം വഹിക്കാനും നമുക്കു സാധിക്കും. 'സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്' (നടപടി 2:5) എന്ന ബോധ്യം ആത്മാവു നമുക്കു നൽകുകയും ചെയ്യും.

നമ്മുടെ വാർഷിക റിപ്പോർട്ട് ഭംഗിയായി തയ്യാറാക്കുന്നതിൽ ഏറെ ബുദ്ധി മുട്ടിയ അസി. സെക്രട്ടറി, ബ്ര. എ.ഡി. തോമസ് ആലംപറമ്പിൽ, ജോ. ട്രഷറർ ബ്ര. തോമസുകുട്ടി ആന്റണി കുരിശുംമൂട്ടിൽ എന്നിവരോടുള്ള പ്രത്യേക നന്ദി യും സ്നേഹവും ഈയവസരത്തിൽ രേഖപ്പെടുത്തട്ടെ.

ഏവർക്കും പെന്തക്കുസ്താ തിരുനാളിന്റെയും പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

# കരിസ്മാറ്റിക് നവീകരണം
## CHARISMATIC RENEWAL


ചങ്ങനാശേരി കരിസ്മാറ്റിക് സോണിന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി നടക്കുന്നു. LSS നാലാം ബാച്ച് 21 ഗ്രൂപ്പുകളിലായി സജീവമായി മുന്നേറുന്നു. തിരുവല്ല കേന്ദ്രമാക്കി ഒരു പുതിയ സബ്സോൺ രൂപപ്പെട്ടു. അതിന്റെ ആനിമേറ്ററായി ബഹു. തോമസ് തൈക്കാട്ട് അച്ചനെ അഭിവന്ദ്യ തിരുവല്ല ബിഷപ്പ് നിയമിച്ചു. LSS ഇതുവരെ കൂടിയവരും ഇപ്പോൾ കൂടിക്കൊണ്ടിരിക്കുന്നവരുമായിട്ടുള്ള എല്ലാവരേയും പങ്കെടുപ്പിച്ച് LSS ഗാതറിംഗ് 23-ാം തീയതി ചെത്തിപ്പുഴ സേക്രട്ട് ഹാർട്ട് ചർച്ച് പാരിഷ്ഹാളിൽ നടത്തപ്പെട്ടു. KCSC ചെയർമാൻ ബഹു. ജോസഫ് താമരവള്ളി അച്ചന്റെ നേതൃത്വത്തിൽ സെൻട്രൽ മോണിറ്ററിംഗ് ടീം പങ്കെടുത്തു. ആനിമേറ്റർ ബഹു. മാത്യു താന്നിയത്തച്ചനും സോണൽ കോഡിനേറ്റർ ശ്രീ. മോൻ ചെത്തിമറ്റവും നേതൃത്വം നൽകി.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



177

# അബ്രാഹം: വിശ്വാസത്തിന്റെ മാതൃക

(തിരുവചനഭാഗം: റോമാ 4,1–25)

യഹൂദരുടെ നിലപാടിനെതിരായി, അബ്രാഹത്തിന്റെ മാതൃക എടുത്തുകാണിച്ചുകൊണ്ട് വിശ്വാസമാണ് വിശുദ്ധീകരണത്തിന് നിർണായകമായിത്തീരുന്നതെന്ന് പൗലോസ്ശ്ലീഹാ സ്ഥാപിക്കുന്ന ലേഖനഭാഗമാണിത്. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവത്തിൽ വിശ്വസിച്ച അബ്രാഹം (4,1–8)
2. അബ്രാഹം: വിശ്വാസികളുടെ പിതാവ് (4,9–12)
3. എല്ലാം ദൈവത്തിന്റെ കൃപ (4,13–17)
4. വിശ്വാസത്താൽ ശക്തി പ്രാപിച്ച അബ്രാഹം (4,18–22)
5. വിശ്വസിക്കുന്നവർക്ക് നീതീകരണം (4,23–25)

വിശ്വാസികളുടെ സമൂഹമായ അജഗണങ്ങളെ നയിക്കുന്ന അജപാലകർക്ക് ഈ അദ്ധ്യായം നല്കുന്ന സന്ദേശം എന്തെന്ന് നമുക്കു പരിശോധിക്കാം.

### 1. ദൈവത്തിൽ വിശ്വസിച്ച അബ്രാഹം

*''ആകയാൽ, ജഡപ്രകാരം നമ്മുടെ പൂർവപിതാവായ അബ്രാഹത്തെക്കുറിച്ച് എന്താണു പറയേണ്ടത്? അബ്രാഹം പ്രവൃത്തികളാലാണ് നീതീകരിക്കപ്പെട്ടതെങ്കിൽ അവന് അഭിമാനത്തിന് വകയുണ്ട്-ദൈവസന്നിധിയിലല്ലെന്നു മാത്രം. വിശുദ്ധലിഖിതം പറയുന്നതെന്താണ്? അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു; അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു''* (4,1–3).

പൗലോസിന്റെ സുവിശേഷപ്രഘോഷണഫലമായി മാമ്മോദീസായും വിശ്വാസവും സ്വീകരിച്ച വിജാതീയ ക്രൈസ്തവർ പരിച്ഛേദനം സ്വീകരിക്കണമെന്നും യഹൂദതിരുനാളുകൾ ആഘോഷിക്കണമെന്നും യഹൂദനേതൃത്വം ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണ് (ഗലാ 4,10; 5,24) പൗലോസ്ശ്ലീഹാ ഇക്കാര്യങ്ങൾ പറയുന്നത്. പൗലോസിന്റെ വാദഗതിപ്രകാരം വിശ്വാസംവഴി നീതീകരിക്കപ്പെടുമെന്നും (ഉല്പ 15,6), അബ്രാഹംവഴി സകലരും അനുഗ്രഹിക്കപ്പെടുമെന്നും (ഉല്പ 12,3) ഉള്ള വാഗ്ദാനം സീനായ്മലയിലെ നിയമദാനത്തേക്കാൾ പഴക്കമുള്ളതാണ്. നിയമം നല്കപ്പെട്ടത് പാപംമൂലമാണ് (ഗലാ 3,19–21). എന്നാൽ പാപത്തിനധീനരായവരെ രക്ഷിക്കാൻ കഴിവുള്ള മദ്ധ്യസ്ഥൻ

ഈശോമിശിഹാ മാത്രമാണ്. ആ വിശുദ്ധീകരണമാകട്ടെ മിശിഹായിലുള്ള വിശ്വാസംവഴിയുമാണ് (ഗലാ 3,22).

അബ്രാഹം ക്രൈസ്തവരുടെയും പിതാവാണ് (4,1). അദ്ദേഹത്തെ ദൈവം തിരഞ്ഞെടുത്തത് ഏതെങ്കിലും നന്മപ്രവൃത്തികൾ ചെയ്തതുകൊണ്ടോ നിയമങ്ങൾ അനുഷ്ഠിച്ചതുകൊണ്ടോ അല്ല, ദൈവകൃപയായിരുന്നു ആ തെരഞ്ഞെടുപ്പിന്റെ കാരണം. വിശുദ്ധഗ്രന്ഥം പറയുന്നത് അബ്രാഹത്തിന്റെ നീതികരണത്തിന്റെ കാരണം വിശ്വാസമാണെന്നാണ് (4,3). പാപിയെ നീതീകരിക്കുമ്പോൾ അവന്റെ വിശ്വാസമാണ് നീതീകരണത്തിനു കാരണം. വിശ്വാസമെന്നത് വെറും അനുസരണമല്ല. ദൈവം ദാനമായിത്തരുന്ന പുതിയൊരു ബന്ധത്തിന്റെ ആവിഷ്കരണമാണ്. മിശിഹായാണ് അതിന്റെ ഏറ്റം വലിയ സാക്ഷി. അതിനാൽ മിശിഹാവഴി ദൈവവുമായി ബന്ധത്തിൽ ഏർപ്പെടുകയും രക്ഷയിലേക്കുള്ള വാഗ്ദാനം സ്വീകരിക്കുകയും ചെയ്യുന്ന ക്രൈസ്തവവിശ്വാസിയുടെ ആദിമാതൃകയാണ് അബ്രാഹം. അബ്രാഹത്തെപ്പോലെ പൂർണമായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതം നയിക്കുവാൻ അജപാലകർ വിശ്വാസികളെ പഠിപ്പിക്കണം.

## 2. അബ്രാഹം: വിശ്വാസികളുടെ പിതാവ്

*''അപരിച്ഛേദിതനായിരുന്നപ്പോൾ വിശ്വാസംവഴി ലഭിച്ച നീതിയുടെ മുദ്രയായി പരിച്ഛേദനം എന്ന അടയാളം അവൻ സ്വീകരിച്ചു. ഇതു പരിച്ഛേദനംകൂടാതെ വിശ്വാസികളായിത്തീർന്ന എല്ലാവർക്കും അവൻ പിതാവാകേണ്ടതിനും അങ്ങനെ അത് അവർക്കു നീതിയായി പരിഗണിക്കപ്പെടേണ്ടതിനുമായിരുന്നു''* (4,11).

അബ്രാഹത്തിനു ലഭിച്ച അനുഗ്രഹം പരിച്ഛേദനം ചെയ്യപ്പെട്ടവർക്കുമാത്രമുള്ളതല്ലെന്നാണ് പൗലോസ്ശ്ലീഹായുടെ നിലപാട്: ''അബ്രാഹംതന്നെയും ദൈവത്തെ വിശ്വസിച്ചു. അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു. അതിനാൽ, വിശ്വാസമുള്ളവരാണ് അബ്രാഹത്തിന്റെ മക്കൾ എന്നു നിങ്ങൾ മനസ്സിലാക്കണം'' (ഗലാ 3,6-7). അബ്രാഹത്തിന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെട്ടത് (ഉല്പ 15,6) അദ്ദേഹം പരിച്ഛേദനം ചെയ്യപ്പെടുന്നതിനു മുമ്പോ അതിനു ശേഷമോ? അപരിച്ഛേദിതനായിരുന്നപ്പോഴാണ് എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത് (ഉല്പ 17,9-11). അങ്ങനെയാണെങ്കിൽ അദ്ദേഹം സ്വീകരിച്ച പരിച്ഛേദനം അദ്ദേഹത്തിന്റെ വിശ്വാസംവഴിയുള്ള നീതീകരണത്തിന്റെ അടയാളമാണ്. അതുകൊണ്ട് പരിച്ഛേദനം സ്വീകരിക്കാത്ത വിശ്വാസികളുടെയുംകൂടി പിതാവായി അബ്രാഹം മാറുന്നു. അങ്ങനെ ഇരുകൂട്ടരുടെയും പിതാവാണ് അബ്രാഹം. പരിച്ഛേദനം സ്വീകരിക്കാത്ത വിശ്വാസികളുടെയും പരിച്ഛേദനം സ്വീകരിച്ച യഹൂദരിൽനിന്നുള്ള വിശ്വാസികളുടെയും പിതാവ്.

അബ്രാഹത്തിന്റെ വിളിയുടെയും, അബ്രാഹത്തിന്റെമേലുള്ള ദൈവാനുഗ്രഹത്തിന്റെയും ചരിത്രം ഉല്പത്തി 15,6 ലാണ്. അബ്രാഹത്തിന്റെ പരിച്ഛേദനത്തിന്റെ ചരിത്രം ഉല്പത്തി 17,10 മുതലാണ്. ദൈവവിളിക്ക് പ്രത്യുത്തരംകൊടുത്ത് ദൈവവുമായി ശരിയായ ബന്ധത്തിൽ പ്രവേശിച്ചതിനുശേഷം 14 വർഷങ്ങൾ കഴിഞ്ഞിട്ടാണ് അബ്രാഹം പരിച്ഛേദനം സ്വീകരിച്ചത്. ദൈവവുമായി ശരിയായ ബന്ധത്തിൽ പ്രവേശിച്ചതിനു ശേഷമാണ് അബ്രാഹം പരിച്ഛേദനം സ്വീകരിച്ചത്. പരിച്ഛേദനം ദൈവവുമായുള്ള ബന്ധത്തിന്റെ അടയാളവും മുദ്രവയ്ക്ക

ലുമാണ്. അതുകൊണ്ട് അബ്രാഹം വിശ്വാസികളുടെയെല്ലാം പിതാവാണെന്ന് യാതൊരു സംശയവുമില്ല. അബ്രാഹത്തിന്റെ വിശ്വാസജീവിതം ക്രിസ്തീയവിശ്വാസികൾക്കെല്ലാം മാതൃകയായി എടുത്തുകാണിച്ച് അജപാലകർ വിശ്വാസികളെ ബോധവൽക്കരിക്കണം.

### 3. എല്ലാം ദൈവത്തിന്റെ കൃപ

*''ലോകത്തിന്റെ അവകാശിയാകും എന്ന വാഗ്ദാനം അബ്രാഹത്തിനോ അവന്റെ സന്തതിക്കോ ലഭിച്ചത് നിയമത്തിലൂടെയല്ല, വിശ്വാസത്തിന്റെ നീതിയിലൂടെയാണ്. നിയമത്തെ ആശ്രയിക്കുന്നവർക്കാണ് അവകാശമെങ്കിൽ വിശ്വാസം നിരർത്ഥകവും വാഗ്ദാനം നിഷ്ഫലവുമായിത്തീരും. എന്തെന്നാൽ, നിയമം ക്രോധത്തിനു ഹേതുവാണ്. നിയമം ഇല്ലാത്തിടത്തു ലംഘനമില്ല. അതിനാൽ, വാഗ്ദാനം നല്കപ്പെട്ടത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അത് ഒരു ദാനമായിരിക്കുന്നതിനും അങ്ങനെ അബ്രാഹത്തിന്റെ എല്ലാ സന്തതിക്കും -നിയമം ലഭിച്ച സന്തതിക്കുമാത്രമല്ല, അബ്രാഹത്തിന്റെ വിശ്വാസത്തിൽ പങ്കുചേരുന്ന സന്തതിക്കും- ലഭിക്കുമെന്ന് ഉറപ്പുണ്ടായിരിക്കുന്നതിനും വേണ്ടിയാണ്. അവൻ നമ്മളെല്ലാവരുടേയും പിതാവാണ്.''* (4,13-16).

അബ്രാഹത്തിനു ലഭിച്ച വാഗ്ദാനം വിശ്വാസത്തിന്റെ നീതിയുടെ ഫലമായിട്ടായിരുന്നു. ആ വാഗ്ദാനത്തിന് എല്ലാ വിശ്വാസികൾക്കും അർഹതയുണ്ട് (ഉല്പ 15,4-5; 17,4-5). അദ്ദേഹത്തിന്റെ സന്തതികൾ ഭൂമി മുഴുവനും അവകാശമാക്കുമെന്നും ഭരിക്കുമെന്നുമായിരുന്നു യഹൂദസങ്കല്പം. പൗലോസ്ശ്ലീഹാ ഈ ആശയം അംഗീകരിക്കുന്നുണ്ട്. പക്ഷേ ഈശോമിശിഹായോടൊപ്പമുള്ള ഒരു രാജ്യത്തിലാണത് (ഗലാ 3,16). പൗലോസിന്റെ വിമർശകർ കരുതുന്നത് അബ്രാഹം നീതീകരിക്കപ്പെട്ടത് നിയമാനുഷ്ഠാനം വഴിയാണ് എന്നത്രേ. ശ്ലീഹാ അത് അംഗീകരിക്കുന്നില്ല. വാഗ്ദാനത്തിന്റെ അവകാശം നിയമാനുഷ്ഠാനം വഴിയാണെങ്കിൽ വിശ്വാസം അപ്രസക്തമാകും. വാഗ്ദാനവും അർത്ഥശൂന്യമാകും. പൗലോസ്ശ്ലീഹായുടെ അഭിപ്രായത്തിൽ അബ്രാഹത്തിന്റെ നീതി വിശ്വാസത്തിന്റെ നീതിതന്നെയാണ്. ആ വിശ്വാസം ദൈവകൃപയ്ക്കും വാഗ്ദാനത്തിനും കാരണമായി. യഹൂദരിൽനിന്നും വിജാതീയരിൽനിന്നും വിശ്വാസം സ്വീകരിച്ച എല്ലാവർക്കും അതു കൃപയ്ക്കു കാരണമായി.

അബ്രാഹത്തിനു നല്കപ്പെട്ട വാഗ്ദാനം, ഒരു വലിയ ജനതയാകുമെന്നും, ഭൂമിയിലെ എല്ലാ കുടുംബങ്ങളും അബ്രാഹത്തിലൂടെ അനുഗ്രഹിക്കപ്പെടും എന്നുമുള്ള വാഗ്ദാനങ്ങളുമെല്ലാം അബ്രാഹത്തിനു ലഭിച്ചത് അബ്രാഹത്തിന്റെ നേട്ടമല്ല; ദൈവത്തിന്റെ കൃപയുടെ ഫലമായിട്ടാണ് - അബ്രാഹത്തിന്റെ പൂർണമായ വിശ്വാസത്തിനു മറുപടിയായിട്ടുള്ള ദൈവത്തിന്റെ കൃപയുടെ ഫലം. ദൈവത്തിന്റെ കൃപ മനുഷ്യർക്കു നേടാനും അവകാശപ്പെടാനും സാധ്യമല്ല. അതു ദൈവം പൂർണമായും ദാനമായി നല്കുന്നതാണ്. ദൈവത്തിന്റെ സവിശേഷതയാണ് നിലയ്ക്കാത്ത സ്നേഹവും മാറ്റം വരാത്ത വിശ്വസ്തതയും. ദൈവജനത്തിന്റെ നേതാവായ മോശയുടെ മുമ്പിലൂടെ ദൈവത്തിന്റെ മഹത്ത്വം കടന്നുപോയത് നിലയ്ക്കാത്ത സ്നേഹവും മാറ്റം വരാത്ത വിശ്വസ്തതയും വെളിപ്പെടുത്തിക്കൊണ്ടാണ് (പുറ 34,6). അതുകൊണ്ട് ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അവിടുത്തെ കൃപ മാത്രമാണ്. ഈ യാഥാർത്ഥ്യം വിശ്വാസികളെ ബോദ്ധ്യപ്പെടുത്താൻ അജപാലകർ നിരന്തരം ശ്രദ്ധിക്കണം.

### 4. വിശ്വാസത്താൽ ശക്തിപ്രാപിച്ച അബ്രാഹം

*''നിന്റെ സന്തതി ഇപ്രകാരമായിരിക്കും എന്നു പറയപ്പെട്ടിരുന്നതനുസരിച്ച് താൻ അനേകം ജനതകളുടെ പിതാവാകും എന്ന്, പ്രതീക്ഷയ്ക്കു സാധ്യത ഇല്ലാതിരുന്നിട്ടും, പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു. നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായമായിരിക്കുന്നെന്നും സാറായുടെ ഉദരം വന്ധ്യമാണെന്നും അറിയാമായിരുന്നിട്ടും അവന്റെ വിശ്വാസം ദുർബലമായില്ല. വിശ്വാസമില്ലാത്തവനെപ്പോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച്, ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് അവൻ വിശ്വാസത്താൽ ശക്തിപ്രാപിച്ചു. വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയുമെന്ന് അവനു പൂർണബോധ്യമുണ്ടായിരുന്നു''* (4,18-21).

ദൈവത്തിലും അവിടുത്തെ വാഗ്ദാനത്തിലും അബ്രാഹം അചഞ്ചലമായി വിശ്വസിച്ചു. ജനതകളുടെ പിതാവാകും എന്ന വാഗ്ദാനം വാർദ്ധക്യത്തിലെത്തിയ അബ്രാഹം വിശ്വസിച്ചത് ദൈവത്തിന്റെ ശക്തിയിലുള്ള ബോദ്ധ്യംകൊണ്ടാണ്: ''നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായമായിരിക്കുന്നെന്നും സാറായുടെ ഉദരം വന്ധ്യമാണെന്നും അറിയാമായിരുന്നിട്ടും അവന്റെ വിശ്വാസം ദുർബലമായില്ല. വിശ്വാസമില്ലാത്തവനെപ്പോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച്, ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട് അവൻ വിശ്വാസത്താൽ ശക്തിപ്രാപിച്ചു. വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയുമെന്ന് അവനു പൂർണബോധ്യമുണ്ടായിരുന്നു'' (4,19-21). താനും സാറായും പ്രായം കവിഞ്ഞവരാണ് എന്ന വിചാരം അദ്ദേഹത്തെ സംശയചിത്തനാക്കിയില്ല. അപ്പോൾ നൂറു വയസ്സായിരുന്നു അബ്രാഹത്തിന്റെ പ്രായം (ഉല്പ 17,17). ദൈവത്തിൽ വിശ്വസിച്ചുകൊണ്ട്, വിശ്വാസത്തിൽ ശക്തിപ്രാപിച്ചുകൊണ്ട് അദ്ദേഹം ദൈവത്തെ മഹത്ത്വപ്പെടുത്തി.

അബ്രാഹത്തിന്റെ വിശ്വാസത്തിന്റെ അന്തഃസത്ത ഇതായിരുന്നു: ''മനുഷ്യന് അസാദ്ധ്യമായവയെ സാദ്ധ്യമാക്കുവാൻ ദൈവത്തിനു കഴിയും''. എല്ലാം നമ്മുടെ കഴിവിനെയും പരിശ്രമത്തെയും ആശ്രയിച്ചിരിക്കുന്നു എന്നു നാം ചിന്തിച്ചാൽ, അത് ഏറ്റം വലിയ മഠയത്തരമായിരിക്കും. ജീവിതാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് നമുക്കു വളരെ പരിമിതികളുണ്ടെന്നതാണ്. നമ്മുടെ പരിശ്രമങ്ങൾക്കൊണ്ട് വളരെ കുറച്ചുമാത്രമേ നമുക്ക് നേടാൻ സാധിക്കൂ. നമ്മുടെ കഴിവുകളല്ല ദൈവത്തിന്റെ കൃപയും ശക്തിയുമാണ് പ്രവർത്തിക്കുന്നത് എന്നു വിശ്വസിച്ചാൽ നമുക്ക് ശുഭാപ്തിവിശ്വാസികളായിത്തീരുവാൻ കഴിയും. നാം പ്രതീക്ഷിക്കുന്നതിലുമുപരിയായി പലതും ചെയ്യുവാൻ നമുക്കു കഴിയും. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്നു വിശ്വസിച്ചുകൊണ്ട്, ശുഭാപ്തിവിശ്വാസത്തോടെ എല്ലാ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

### 5. വിശ്വസിക്കുന്നവർക്ക് വിശുദ്ധീകരണം

*''അവന് അതു നീതിയായി പരിഗണിക്കപ്പെട്ടു എന്നെഴുതിയിരിക്കുന്നത് അവനെ സംബന്ധിച്ചുമാത്രമല്ല, നമ്മെ സംബന്ധിച്ചുകൂടിയാണ്. നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത നമ്മുടെ കർത്താവായ ഈശോയെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും അതു നീതിയായി പരിഗണിക്കപ്പെടും''* (4,23-25).

നിയമത്തിലൂടെയാണ് രക്ഷയും വിശുദ്ധീകരണവും എന്ന യഹൂദനിലപാടിനെതിരേയുള്ള പൗലോസ്ശ്ലീഹായുടെ നിലപാടിന്റെ പശ്ചാത്തലത്തിലാണ് ഈ അദ്ധ്യായത്തിൽ അബ്രാഹത്തിന്റെ വിശ്വാസത്തെക്കുറിച്ച് ശ്ലീഹാ പറയുന്നത്. അത് ആവർത്തിച്ചുകൊണ്ടാണ് ഈ അദ്ധ്യായം ശ്ലീഹാ അവസാനിപ്പിക്കുന്നത്. നിയമം മനുഷ്യനിലുള്ള രോഗം തിരിച്ചറിയാൻ സഹായിക്കുന്നു. പക്ഷേ രോഗത്തിൽനിന്നും വിടുതൽ നല്കി സൗഖ്യം നല്കാൻ നിയമത്തിനു സാധ്യമല്ല. ഒരു മനുഷ്യന് തന്റെ തെറ്റു കണ്ടുപിടിക്കുവാൻ നിയമം സഹായിക്കുന്നു. പക്ഷേ ആ തെറ്റ് ഒഴിവാക്കുവാൻ നിയമം സഹായിക്കുന്നില്ല. മാത്രമല്ല, തെറ്റു ചെയ്യാൻ പ്രവണതയുള്ള മനുഷ്യന് അത് കുറ്റബോധത്തിനും അസമാധാനത്തിനും കാരണമായിത്തീരുന്നു. അതോടൊപ്പം തെറ്റു ചെയ്യുന്നതുകൊണ്ട് ശിക്ഷാവിധിക്ക് അർഹനായിത്തീരുകയും ചെയ്യുന്നു.

അതേസമയം അബ്രാഹത്തെ വിശ്വാസത്തിന്റെ മാതൃകയായി അവതരിപ്പിച്ചുകൊണ്ട്, ആ വിശ്വാസം അദ്ദേഹത്തിന് എപ്രകാരം രക്ഷാകരമായിത്തീർന്നുവെന്നത് ശ്ലീഹാ സമർത്ഥിക്കുകയാണ്. അദ്ദേഹത്തിനു മാത്രമല്ല, ദൈവത്തിൽ വിശ്വസിക്കുന്ന സകലർക്കും അതു നീതിയും വിശുദ്ധിയുമായി പരിഗണിക്കപ്പെടും എന്ന് പൗലോസ്ശ്ലീഹാ എടുത്തുപറയുകയാണ്. യഹൂദരിലും വിജാതീയരിൽനിന്നും വിശ്വാസം സ്വീകരിച്ച് ദൈവജനമായിത്തീർന്ന സകലർക്കും അതു രക്ഷയ്ക്കും വിശുദ്ധിക്കും നിദാനമായിത്തീരും. അവർ ദൈവത്തിലും ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാക്കിയ ഈശോമിശിഹായിലും അവിടുത്തെ മരണോത്ഥാനങ്ങളിലും വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലം അനുഭവിക്കുന്നവരുമാണ്. അപ്രകാരം മിശിഹായിൽ വിശ്വസിക്കേണ്ടത് ദൈവതിരുമനസ്സിന് അനുയോജ്യമായ പ്രവൃത്തിയാണ് എന്നു സ്ഥാപിച്ചുകൊണ്ടാണ് ഈ അദ്ധ്യായം ശ്ലീഹാ അവസാനിപ്പിക്കുന്നത്. മിശിഹായിലുള്ള വിശ്വാസത്തിന്റെ പ്രസക്തിയും പ്രാധാന്യവും സഭാംഗങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ അജപാലകർ ഇക്കാലഘട്ടത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. വിശ്വാസം ദൈവവുമായുള്ള സ്നേഹബന്ധമായി കാണുവാനും അപ്രകാരം വിശ്വാസികളെ പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. അബ്രാഹത്തെ വിശ്വാസികളുടെ മാതൃകയായി എടുത്തുകാണിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. എല്ലാം ദൈവത്തിന്റെ കൃപയാണെന്ന ബോദ്ധ്യം എത്രമാത്രം എന്നിലുണ്ട്?
4. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്നു വിശ്വസിക്കുവാനും അപ്രകാരം ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
5. നിയമങ്ങൾ കേവലം അനുസരിക്കുന്നതിലുപരി വിശ്വാസജീവിതത്തിന് ഞാൻ പ്രാധാന്യം നല്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ 2022**

25 രാവിലെ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ പറമ്പിൽ ബഹു. എബ്രാഹം അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു. അതിനുശേഷം ചേർപ്പുങ്കൽ മാർ സ്ലീവാ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

26 രാവിലെ പാറേൽ SH കോൺവെന്റിൽ പതിനാല് സന്യാസിനികളുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മാന്നാനം കെ.ഇ സ്കൂളിൽവെച്ചു നടന്ന ദീപിക PRO മാത്യൂ സാറിന്റെ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

27 രാവിലെ ഇരവുചിറ സെന്റ് മേരീസ് ദൈവാലയത്തിൽ മാത്തൂർ ബഹു. ജോസഫച്ചന്റെ അനുസ്മരണ കുർബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകി.

28 രാവിലെ കുറമ്പനാടം സെന്റ് ആന്റണിസ് ദൈവാലയത്തിൽ ഇടവക തിരുന്നാളിനോടുനുബന്ധിച്ച് പരിശുദ്ധ കുബാനയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി മാർതോമ്മ വിദ്യാനികേതനിൽ ആദ്യ നാലുവർഷക്കാരുടെ റീ യൂണിയനിൽ പങ്കെടുത്ത് അവർക്കു സന്ദേശം നൽകി. വൈകുന്നേരം ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ ഓൺലൈനായി പങ്കെടുത്ത് സന്ദേശം നൽകി.

29 രാവിലെ വാഴപ്പള്ളി SABS മഠം ചാപ്പലിൽ ബഹു. സി. ലില്ലി തെരേസയുടെ മൃതസംസ്കാരശുശ്രൂഷയുടെ ആരംഭഘട്ടത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു അനുശോചനം അറിയിച്ചു. വൈകുന്നേരം കുട്ടമംഗലം സെന്റ് ജോസഫ്സ് കുരിശുപ്പള്ളി ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് സെന്റ് ജോസഫ്സ് കുരിശുപ്പള്ളി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു.

30 രാവിലെ പൊങ്ങുംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ പതിമൂന്ന് കുട്ടികളുടെ ആഘോഷമായ കുർബാനസ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. ശേഷം തിരുവന്തപുരം ലൂർദ് മാതാ കെയർ സന്ദർശിച്ചു.

**മേയ് 2022**

01 രാവിലെ ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ 37 കുട്ടികളുടെ

ആഘോഷമായ കുർബാനസ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിലുള്ള മതാധ്യാപക നേതൃസംഗമം എസ്.ബി ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കേരള ലേബർ മൂവ്മെന്റ് 'മെയ്ദിന റാലി'യെ തുടർന്നു കത്തീഡ്രൽ പാരീഷ് ഹാളിൽ സംഘടിപ്പിച്ച തൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചങ്ങനാശേരി എസ്.ബി കോളജിൽ നടന്ന 'എസ്ബി@100 അലുമ്നി ഗ്ലോബൽ മീറ്റ് 2022' ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

02 വൈകുന്നേരം വെള്ളിയാംകുടി സെന്റ് ജോർജ് ദൈവാലയത്തിൽവെച്ച് വിവാഹ നിശ്ചയകർമ്മം ആശീർവ്വദിച്ചു.

03 രാവിലെ എടത്വാ സെന്റ് ജോർജ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് കോളേജ് ഓഡിറ്റോറിയത്തിൽ പുതിയ ബാച്ചിന്റെ ലാമ്പ് ലൈറ്റിങ് ചടങ്ങിൽ തിരിതെളിച്ചു സന്ദേശം നൽകി. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദികവിദ്യാർത്ഥികൾക്കു ക്ലാസ്സെടുക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു.

04 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ മേജർ സെമിനാരി ഗാതറിങ്ങിന്റെ ഭാഗമായി നടന്ന പ്രൊഫസേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് ചാഞ്ഞോടി സെന്റ് സെബ്യാസ്റ്റ്യൻസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ പാണപിലാവുമുള്ളങ്കുഴി തോമസ് ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മം നിർവഹിച്ചു.

05 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനാ, ഹെവുപ്പദ്യാക്ക്ന, കാറോയ പട്ടങ്ങൾ നൽകി പരിശുദ്ധ കുർബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് സെന്റ് തോമസ് മൈനർ സെമിനാരിയുടെ സുവർണ്ണജൂബിലി ആഘോഷസമ്മേളനത്തിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കുന്നന്താനം LSDP മഠത്തിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിന്റെ തിരുകർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം സന്ദർശകരെ സ്വീകരിച്ചു.

06 വെട്ടിത്തുരുത്ത് കരിമറ്റം ഔസേപ്പ് ദേവസ്യായുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. അതിനുശേഷം കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് ദൈവാലയത്തിൽ ചേക്കാതടത്തിൽ ബഹു. ജോർജ് അച്ചന്റെ മാതാവ് ഏലമ്മ വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു.

07 രാവിലെ കായൽപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് 28 കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു. അതിനുശേഷം ചെത്തിപ്പുഴ കാർമ്മൽ മൗണ്ടിൽവെച്ചു നടന്ന CMC സന്യാസസമൂഹത്തിന്റെ 8 സന്ന്യാസാർത്ഥികളുടെ പ്രഥമവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ സംയുക്ത മദ്യവിരുദ്ധസമിതിയുടെ അഭിമുഖ്യത്തിൽ ചങ്ങ

നാശേരിയിൽ നടത്തിയ റാലിക്ക് നേതൃത്വം നൽകുകയും തുടർന്നുള്ള പൊതുസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

08 രാവിലെ ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടുനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം ഇടവകദിനാഘോഷചടങ്ങു ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുന്നന്താനം സെന്റ് ജോസഫ് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ തൃക്കൊടിത്താനം ഫൊറോനയുടെ മാതൃവേദി-പിതൃവേദിയുടെ നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ മാതൃവേദിയുടെ അഭിമുഖ്യത്തിൽ നടന്ന മാതൃദിനാഘോഷചടങ്ങ് ഉദ്ഘാടനം ചെയ്ത് അവരുമായി സംവദിച്ചു.

09 രാവിലെ പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. തുടർന്ന് പാദുവ സെന്റ് ആന്റണീസ് ദൈവാലയത്തിൽ പ്രവേശക കൂദാശ പരികർമ്മം ചെയ്യുകയും പരിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു.

10 രാവിലെ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹഒരുക്ക ധ്യാനത്തിൽ ക്ലാസ്സെടുത്തു. അതിനുശേഷം പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ആലയ്ക്കൽ ഏലിക്കുട്ടിക്കുവേണ്ടി അനുസ്മരണ കുർബാനയർപ്പിച്ചു. വൈകുന്നേരം അതിരൂപതകേന്ദ്രത്തിൽ പുതുജീവൻ ട്രസ്റ്റിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

11 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ കോൺഫ്രൻസ് ഹാളിൽ നടന്ന ചങ്ങനാശേരി അതിരൂപതയുടെ CNGI കൂട്ടായ്മയിൽ പങ്കെടുത്ത് ഈ വർഷത്തെ CNGI പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കുടുംബക്കൂട്ടായ്മ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഹോം മിഷൻ സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് അവർക്കു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് വായ്പ്പൂർ സെന്റ് ജോസഫ് പുത്തൻപള്ളിയിൽ പുളിച്ചമാക്കൽ ബഹു. മാത്യു അച്ചന്റെ മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ തിരുവല്ല മുത്തൂരിൽ പുതിയതായി ആരംഭിച്ച സെന്റ് ജോസഫ് പ്രസ്സ് ആന്റ് ബുക്ക്സ്റ്റാളിന്റെ ആശീർവ്വാദകർമ്മം നിർവഹിക്കുകയും ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് ഓൺലൈനായി നടന്ന പെർമെനന്റെ സിനഡിൽ പങ്കെടുത്തു. അതിനുശേഷം മണിമല ഹോളി മാഗി ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന നേഴ്സസ് ഡേയുടെ സമാപനസമ്മേളനത്തിൽ പങ്കെടുത്തു അനുഗ്രഹപ്രഭാക്ഷണം നടത്തി.

13 രാവിലെ കരുനാഗപ്പള്ളി തേവലക്കര ഗ്രാമത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസ്സേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ നാല്പതു വർഷമായി തരിശുകിടന്ന പാടശേഖരം എറ്റെടുത്ത് കൃഷി ചെയ്തതിന്റെ വിളവെടുപ്പ് ഉദ്

ഘാടന കർമ്മം നിർവഹിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപ താകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അതിനുശേഷം ഇത്തിത്താനം പ്രീസ്റ്റ് ഹോം സന്ദർശിച്ച് സ്രാമ്പിക്കൽ ബഹു. തോമസ് അച്ചനു രോഗീ ലേപനം കൂദാശ നൽകി.

14 രാവിലെ പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് കോഴിമറ്റത്തിൽ കുടുംബയോഗത്തിനു ഉദ്ഘാടന കർമ്മം നിർവഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പുന്നക്കുന്നത്തുശേരി സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു. വൈകുന്നേരം അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന സെന്റ് ജോസഫ് ഓൺലൈൻ വിശ്വാസ പരിശീലന അധ്യായനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

15 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഏഞ്ചൽസ് മീറ്റിന്റെ ഭാഗമായി പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ച കഴിഞ്ഞ് തുരുത്തി മർത്ത് മറിയം ദൈവാലയത്തിൽ മുള്ളൻകുഴി ബഹു. ഫ്രാൻസിസ് അച്ചന്റെ അനുസ്മരണ കുർബാന മദ്ധ്യേ സന്ദേശം നൽകി.

16 രാവിലെ ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് CMC കോൺവെന്റിൽ സന്യാസവ്രതവാഗ്ദാനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം കുരിശുംമൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ നടന്ന അധ്യാപകരുടെ യാത്രയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് തിരുവല്ലയിൽ പുതിയതായി നിർമ്മിച്ച ഇമ്മാനുവേൽ ഹോളിഡേസ് എന്ന ഏജൻസിയുടെ ആശീർവ്വാദകർമ്മം നിർവഹിച്ചു. തുടർന്ന് പാമ്പാടി HGN സഭാസമൂഹത്തിന്റെ ധ്യാനകേന്ദ്രത്തിൽ പരേതനായ ആലഞ്ചേരി ബഹു. ഫ്രാൻസിസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

17 രാവിലെ പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ 8 കുട്ടികളുടെ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ സിസ്റ്റർ കുളത്തൂപുരയിടം അന്നാമ്മയുടെ മൃതസംസ്ക്കാരചടങ്ങിന്റെ ആരംഭഘട്ടത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു അനുശോചനം അറിയിച്ചു. ഉച്ചയ്ക്കു കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രൽ ദൈവാലയ സിമിത്തേരിയിൽ പറമ്പിൽ ബഹു. എബ്രാഹം അച്ചന്റെ അനുസ്മരണദിനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം കുറിച്ചി മൈനർ സെമിനാരിയിൽ പുതിയതായി ഈ വർഷം സെമിനാരിയിൽ ചേരാനുള്ള കുട്ടികളെയും അവരുടെ മാതാപിതാക്കളെയും കണ്ടു സംസാരിച്ചു. വൈകുന്നേരം റീജൻസിയിലായിരിക്കുന്ന വൈദികവിദ്യാർത്ഥികളുമായി സംവദിച്ചു. ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

18 രാവിലെ ആയൂർ ക്രിസ്തുരാജ ദൈവാലയത്തിൽ വിവാഹനിശ്ചയ കർമ്മത്തിനു പങ്കെടുത്തു.

19 രാവിലെ കിളിമല SMMI സസ്യാസിനീസമൂഹത്തിലെ നാല് സന്യാസിനികളുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിനു

ശേഷം ചങ്ങനാശേരി അതിരൂപതകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കോട്ടയം ലൂർദ് ഫൊറോനപ്പള്ളിയുടെ ഓഡിറ്റോറിയത്തിൽ അതിരൂപതാ ദിനത്തോടനുബന്ധിച്ചു സിനഡാത്മക സംബന്ധിച്ചു നടന്ന എക്യുമിനിക്കൽ മീറ്റിംഗിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകി.

20 രാവിലെ കോട്ടയം ലൂർദ് ഫൊറോന ദൈവാലയ നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ നടന്ന 136-ാമത് ചങ്ങനാശേരി അതിരൂപതാ ദിനാഘോഷ ഔദ്യോഗിക ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് ഓൺലൈനായി നടന്ന ലിറ്റർജിക്കൽ കമ്മീഷൻ സ്പെഷ്യൽ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മാന്നാനം സെന്റ് ജോസഫ്സ് ദൈവാലയങ്കണത്തിൽ നടക്കുന്ന കുടമാളൂർ ഫൊറോനായിലെ യുവജനങ്ങൾക്കായി യുവദീപ്തി SMYM ഒരുക്കിയ മൂന്നു ദിവസങ്ങൾ നീണ്ട ഈ വർഷത്തെ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

21 രാവിലെ കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ ആയിരവേലി എഡ്വിൻ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. അതിനുശേഷം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ ചൂരപ്പുഴ മേരി മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു അനുശോചനം അറിയിച്ചു. പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം നിരണം മാർ തോമ്മാ സ്ലീവാ പിൽഗ്രിം സെന്ററിൽ ബ്രദേഴ്സ് വരച്ച ഐക്കണുകൾ ആശീർവ്വദിച്ചു. തുടർന്ന് പുന്നപ്ര മാർ ഗ്രിഗോറിയോസ് ദൈവാലത്തിന്റെ ഇടവക ഡിറക്ടറിയുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

22 രാവിലെ ചെങ്ങന്നൂർ മർത്ത് മറിയം ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ മുരിങ്ങയിൽ എം.ഡി. കുര്യന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു അനുശോചനം അറിയിച്ചു. വൈകുന്നേരം കൈനകരി അറുനൂറ്റംപാടം തിരുഹൃദയ കുരിശുപള്ളി സ്വതന്ത്ര ഇടവകയായി പ്രാഖ്യാപിച്ചു.

23 രാവിലെ മായം സെന്റ് മേരീസ് ദൈവാലയത്തിന്റെ പുതിയതായി നിർമ്മിക്കപ്പെട്ട പാരീഷ് ഹാളിന്റെ ആശീർവ്വാദകർമ്മം നിർവഹിച്ചു. തുടർന്ന് ഇടവകദൈവാലത്തിൽവെച്ചു വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് കുറ്റിച്ചൽ ലൂർദ്ദ്സ് മാതാ കോളേജ് സന്ദർശിച്ചു അധികാരികളോടൊപ്പം കോളേജിന്റെ പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അതിനുശേഷം വിതുര ആയിരവേലി എസ്റ്റേറ്റ് സന്ദർശിച്ചു വിലയിരുത്തി.

24 രാവിലെ നീണ്ടകര സാൻജോസ് സെന്ററിൽ CCCHI ജനറൽ ബോഡീ കൗൺസിലിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയ പാരീഷ് ഹാളിൽ അഭിവന്ദ്യ ജോസഫ് പതാലിൽ പിതാവിന്റെ 41-ാം ചരമദിനത്തോടുനുബന്ധിച്ചു നടന്ന ചടങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി.

# മാർ തോമസ് തറയിൽ

**ഏപ്രിൽ 2022**

28 കുറിച്ചി എം.എൽ.എഫ് കോൺവെന്റിൽ സന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വെളിയനാട് സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പുതിയതായി നിർമ്മിച്ച സിമിത്തേരിയും പരിശുദ്ധ കന്യകാമറിയത്തിന്റെ ഗ്രോട്ടോയും ആശീർവദിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. 'കരുതൽ 2022'ന്റെ ഭാഗമായി ആലപ്പുഴ ഫൊറോന നടത്തിയ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

29 കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിൽ ആലഞ്ചേരി ബഹു. ഐസക് അച്ചന്റെ മുപ്പതാംചരമദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വാഴപ്പള്ളി എസ്.എ.ബി.എസ് കോൺവെന്റിൽ ബഹു. സിസ്റ്റർ ലില്ലി തെരേസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പൊങ്ങ മാർ സ്ലീവാ ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. 'കരുതൽ 2022'ന്റെ ഭാഗമായി തുരുത്തി ഫൊറോന നടത്തിയ ഓൺലൈൻ കൺവെൻഷനിൽ സംസാരിച്ചു.

30 വടക്കേ അമിച്ചകരി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്യുകയും ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകാംഗമായ മാമ്പറ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പിതാവ് എം.സി. ജോസഫിന്റെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും തുടർന്ന് വിശ്വാസോത്സവത്തിൽ പങ്കെടുത്ത സൺഡേസ്കൂൾ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. കോട്ടയം അതിരൂപത നീണ്ടൂർ ഇടവകാംഗമായ അഭിവന്ദ്യ മാർ കുര്യൻ വയലുങ്കൽ പിതാവിന്റെ മാതാവ് അന്നമ്മ മത്തായിയുടെ മൃതസംസ്ക്കാരത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു. പാറേൽ പള്ളി ഓഡിറ്റോറിയത്തിൽ 'കരുതൽ 2022' ന്റെ ഭാഗമായി ചങ്ങനാശേരി ഫൊറോന നടത്തിയ കൺവെൻഷനിൽ സംസാരിച്ചു.

**മെയ് 2022**

01 ചെങ്ങന്നൂർ മർത്ത് മറിയം ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. എടത്വാ മഹാജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ ചാപ്പൽ കൂദാശ ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ കെ.എൽ.എം ന്റെ ആഭിമുഖ്യത്തിൽ നടത്തിയ മെയ്ദിനറാലിയിൽ ആമുഖപ്രഭാഷണം നടത്തുകയും റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു. എസ്.ബി ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ അതിരൂപത മതാധ്യാപക നേതൃസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പുത്തനങ്ങാടി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് നടത്തിയ പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി. എസ്.ബി കോളേജിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ 'ഗ്ലോബൽ അലുമ്നി മീറ്റ് 2022'ൽ സംസാരിച്ചു.

02 താഴത്തുവടകര ലൂർദ്ദുമാതാ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരി വിദ്യാർത്ഥികളുടെ ഗ്യാതറിങ്ങിൽ ക്ലാസ്സെടുത്തു. ചങ്ങനാശേരി അതിരൂപത നടപ്പാക്കുന്ന ഓൺലൈൻ സോഫ്റ്റ്വെയർ 'My Parish'മായി ബന്ധപ്പെട്ട് അമ്പൂരി, തിരുവനന്തപുരം, കൊല്ലം-ആയൂർ, എടത്വാ ഫൊറോനകൾക്കായി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു. വെരൂർ സെന്റ് ജോസഫ് ഇടവകാംഗം ആലപ്പുറത്തുകാട്ടിൽ മേരിക്കുട്ടി തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

03 വെളിയനാട് സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. കുടമാളൂർ, മണിമല, തൃക്കൊടിത്താനം ഫൊറോനകൾക്കായി സംഘടിപ്പിച്ച 'My Parish' ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

04 മുട്ടാർ സെന്റ് തോമസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. ചമ്പക്കുളം, പുളിങ്കുന്ന്, തുരുത്തി ഫൊറോനകൾക്കായി സംഘടിപ്പിച്ച 'My Parish' ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

05 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർഥികൾക്ക് മ്ശംശാനാ, ഹെവുപ്പദ്യാക്ക്ന, കാറോയ പട്ടങ്ങൾ നൽകി പരിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. തുരുത്തി മർത്ത് മറിയം ഫൊറോന ഇടവകാംഗം ഏലിയാമ്മ ജോസഫ് ചക്വായിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയുടെ സുവർണ്ണജൂബിലി ആഘോഷസമ്മേളനത്തിൽ ആശംസകൾ അറിയിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ബേബി തോമസ് ഇല്ലിപ്പറമ്പിലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കബറിട ദൈവാലയത്തിൽ 'കരുതൽ 2022'നോടനുബന്ധിച്ചു നടത്തിയ കൺവെൻഷനിൽ സംസാരിച്ചു. കുറുമ്പനാടം, നെടുംകുന്നം, കോട്ടയം ഫൊറോനകൾക്കായി സംഘടിപ്പിച്ച 'My Parish' ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

06 വെട്ടിത്തുരുത്ത് കരിമറ്റം ഔസേഫ് ദേവസ്യയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് ഇടവകാംഗം ചേക്കാതടത്തിൽ ബഹു. ജോർജ്ജ് അച്ചന്റെ മാതാവ് ഏലമ്മ വർക്കിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കേരള സർക്കാരിന്റെ മദ്യനയത്തിനെതിരെ കോട്ടയം ഗാന്ധി സ്ക്വയറിൽ കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഏകദിന പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു. തെള്ളകം-പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ സിസ്റ്റർ ജസീറ്റാ മരിയ ചൂനാട്ട് എസ്.എച്ച്ന്റെ സന്യാസവസ്ത്രസ്വീകരണത്തോടും പ്രഥമവ്രതവാഗ്ദാനത്തോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇരിങ്ങാലക്കുട രൂപത പുല്ലൂർ സെന്റ് സേവ്യേഴ്സ് ഇടവകാംഗം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിന്റെ മാതാവ് സാറ ടി.എൽന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് സഹകാർ

മ്മികത്വം വഹിച്ചു. ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി ഫൊറോനകൾക്കായി സംഘടിപ്പിച്ച 'My Parish' ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു. വെട്ടിത്തുരുത്ത് കാർത്തികപ്പള്ളി കുഞ്ഞൂഞ്ഞമ്മ ജോയിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

07 തിരുവനന്തപുരം ലൂർദ്ദുഫൊറോന ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പട്ടം സീറോ മലങ്കര മേജർ ആർച്ചുബിഷപ്പ്സ് ഹൗസിൽ നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ മാർ മാത്യു മനക്കരക്കാവിൽ തിരുമേനിയെ സന്ദർശിച്ചു. തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ സീറോ മലങ്കര സഭയുടെ നിയുക്ത കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ ആന്റണി കാക്കനാട്ട് തിരുമേനിയെ സന്ദർശിച്ചു.

08 ഇറ്റാവായിലെ സൈഫൈ സെന്റ് അൽഫോൻസാ മിഷൻ ദൈവാലയം കൂദാശ ചെയ്ത് പരിശുദ്ധ കുർബാന അർപ്പിച്ചു.

09 ഇറ്റാവായിലെ സെന്റ് മേരീസ് സി.എം.സി കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

10 വായ്പൂർ സെന്റ് ജോസഫ്സ് ഇടവകാംഗം പുളിച്ചമാക്കൽ ബഹു. മാത്യു അച്ചന്റെ മാതാവ് ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. തെള്ളകം സി.എം.സി കാർമ്മൽ സദനിൽ ഭോപ്പാൽ പ്രോവിൻസ് അംഗമായ ബഹു. സിസ്റ്റർ ആൻ ജ്യോതിസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

12 പുഴവാത് സെന്റ് തോമസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു.

13 പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് ഇടവകയിൽ പുതുതായി നിർമ്മിച്ച 'ഫാ. ജോസഫ് മുരിങ്ങയിൽ മെമ്മോറിയൽ' പാരീഷ് ഹാൾ വെഞ്ചരിച്ചു. കേളമംഗലം വ്യാകുലമാതാ ദൈവാലയത്തിൽ കൽക്കുരിശ് വെഞ്ചരിക്കുകയും ഇടവകതിരുനാളിന് കൊടിയേറ്റുകയും ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു. സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

14 എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ദൈവാലയത്തിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. വായ്പൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ ഇല്ലംപുരയിടം ത്രേസ്യാമ്മ ജോണിന്റെ 41-ാം ചരമദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. നെടുംകുന്നം മദർ തെരേസാ ഹോമിൽ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന പുഞ്ചയിൽ ബഹു. മാത്യു അച്ചന് ആശംസകളറിയിച്ചു. ചങ്ങനാശേരി ഫൊറോനാ ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ വെരൂർ സെന്റ് ജോസഫ്സ് ഇടവക ഓഡിറ്റോറിയത്തിൽ നടത്തിയ കുട്ടികളുടെ 'എയ്ഞ്ചൽസ് മീറ്റ്'ൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ കുടുംബക്കൂട്ടായ്മാ-ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കൂട്ടായ്മാ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പുന്നക്കുന്നത്തുശ്ശേരി

സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ കൂദാശാകർമ്മത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ വിശ്വാസപരിശീലനം 2022-2023 അധ്യയന വർഷ ഉദ്ഘാടനത്തിൽ അനുഗ്രഹസന്ദേശം നൽകി.

15 തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'കുടുംബോത്സവം-2022'ൽ സംസാരിച്ചു. പാലക്കാട് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനെയും പാലക്കാട് യുവക്ഷേത്ര കോളേജിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനെയും സന്ദർശിച്ചു.

16 എസ്.ബി ആൻഡ് അസംപ്ഷൻ അലുംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ മീറ്റിൽ മുഖ്യപ്രഭാഷണം നടത്തുകയും ദ്വൈവാരിക ന്യൂസ്‌ലെറ്റർ പ്രകാശനം ചെയ്യുകയും ചെയ്തു. ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 'അപ്പോസൽ' ന്റെ മീറ്റിംഗിൽ പങ്കെടുത്തു

17 കോട്ടയം മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ അപ്പസ്തോലിക് ഒബ്ളേറ്റ്സ് സന്യാസസഭാംഗം സിസ്റ്റർ അന്നമ്മ കുളത്തൂപുരയിടത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പാമ്പാടി ഗുഡ്ന്യൂസ് ധ്യാനകേന്ദ്രത്തിൽ ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹത്തിന്റെ സഹസ്ഥാപകനായ ആലഞ്ചേരി ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പൊടിമറ്റം സി.എം.സി അമലാ പ്രൊവിൻഷ്യൽ ഹൗസിൽ 5 സന്യാസിനികളുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഇന്റർഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

18 അതിരൂപത പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. ആയൂർ ക്രിസ്തുരാജാ ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

19 നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും വൈദികവിദ്യാർത്ഥികളുമായി സംസാരിക്കുകയും ചെയ്തു. കണ്ണാടി സെന്റ് റീത്താസ് ദൈവാലയത്തിൽ പുളിങ്കുന്ന് ഫൊറോന മാതൃപിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പതിമൂന്നാമത് കണ്ണാടി തീർത്ഥാടനത്തിന് സമാപനസന്ദേശം നൽകി. വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ 136-ാമത് ചങ്ങനാശേരി അതിരൂപതാദിനത്തോടനുബന്ധിച്ചുള്ള വിളംബരദിനത്തിൽ നടന്ന റംശാ പ്രാർത്ഥനയിൽ സന്ദേശം പങ്കുവയ്ക്കുകയും തുടർന്ന് ഛായാചിത്രവും ദീപശിഖയും ഏറ്റുവാങ്ങുകയും സഭൈക്യകൂട്ടായ്മയിൽ പങ്കെടുത്ത് പ്രാർത്ഥനയ്ക്കു നേതൃത്വം നൽകുകയും ചെയ്തു.

20 കോട്ടയം ലൂർദ് ഫൊറോന ദൈവാലയ നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ 136-ാമത് അതിരൂപതാദിനത്തോടനുബന്ധിച്ച് നടത്തിയ പൊതു

സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. കൊച്ചിയിൽ നടന്ന 'XIME' ന്റെ ലീഡർഷിപ്പ് കോഴ്സിൽ ക്ലാസ്സെടുത്തു.

21 പുനലൂർ തിരുഹൃദയ ദൈവാലയത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. പത്തനംതിട്ട രൂപത ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് തീർത്ഥാടന ദൈവാലയത്തിൽ നടത്തിയ 'ഹോറേബ് 2022' രൂപത മതബോധന അദ്ധ്യാപക സംഗമത്തിൽ ക്ലാസ്സെടുത്തു. കുറ്റിച്ചൽ ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

22 തേക്കുപാറ സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. സിസ്റ്റേഴ്സ് നടത്തിയ ഹോം മിഷന്റെ സമാപനത്തിൽ വചനസന്ദേശം നൽകി. കുച്ചപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ ഇടവകയുടെയും സെന്റ് ജോസഫ് ആശ്രമത്തിന്റെയും സുവർണ്ണജൂബിലിയോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഓഡിറ്റോറിയത്തിൽ നടന്ന ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോനാ മാതൃപിതൃവേദി നടത്തിയ 'ദമ്പതികൾ ഇടയനോടൊപ്പം' പ്രോഗ്രാമിൽ സംസാരിച്ചു. തിരുവല്ലം ക്രൈസ്റ്റ് നഗർ സീനിയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ തിരുവല്ലം സേക്രട്ട് ഹാർട്ട് ഇടവകദിനാഘോഷം 'ഏകത 2022'ൽ അനുഗ്രഹപ്രഭാഷണം നടത്തുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

23 തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു.

24 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽവെച്ച് അതിരൂപതയിലെ നവവൈദികരുമായി സംസാരിച്ചു. പാണ്ടി ഫാത്തിമ മാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്യുകയും ആഘോഷപൂർവ്വമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

25 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. കുരിശുംമൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.




# E N G A G E M E N T S

## 2022 JUNE

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 02 | 07:00 am | *Holy Qurbana* 97th Anniversary of Venerable Mar Thomas Kurialassery |
| | 10:00 am | SVD Seminary Day |
| 04 | 11:30 am | Marriage @ Thottakadu |
| | 04:00 pm | Ramsa @ MOC |
| 05 | 08:00 am | *Holy Qurbana* @ Kottayam Lourde |
| | 11:00 am | MOC Jubilee |
| 07 - 09 | | KCBC |
| 10 | | Engaged |
| 11 | 10:00 am | CML Inauguration |
| 12 – 28 | | Out of Station |
| 28 | 10:00 am | Jubilee of Vadavathoor Seminary |
| 29 – 30 | | Engaged |

# E N G A G E M E N T S

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2022 JUNE

| | | |
|---|---|---|
| 01 | 05.00 pm | Mathru Sangamam@ Ramankary |
| 02 | 06.00 am | *Holy Qurbana* @ Cathedral |
| | 11.30 am | Marriage @ Nedumkunnam |
| 03 | 10.30 am | Class @Pathanamthitta |
| 04 | 10.30 am | First Communion @ Purakkad |
| | 07.00 pm | Family Apostolate Pro-life online Meeting |
| 05 | 04.00 pm | *Holy Qurbana* @ Kattadimalai |
| 06 | | TVM |
| 07-09 | | KCBC |
| 10 | 07.00 pm | Devalokam |
| 11 – 25 | | Out of station |
| 26 | 02.00 pm | Young Couples Meet @ Parel |
| 27- 30 | | Engaged |

# 136-ാമത് ചങ്ങനാശേരി അതിരൂപതാദിനത്തിൽ പ്രഖ്യാപിക്കപ്പെട്ട പുതിയ ഫൊറോനകൾ, അതിർത്തിതിരിഞ്ഞ കുരിശുപള്ളികൾ



ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോനാ



മുഹമ്മ സെന്റ് ജോർജ്ജ് ഫൊറോനാ



വെട്ടിതുരുത്ത് സെന്റ് ആന്റണീസ്



വിരുപ്പാല സെന്റ് ജൂഡ്



വെള്ളായണി ലിറ്റിൽ ഫ്ളവർ

**VEDAPRACHARA MADHYASTHAN VOL.94 No.11 May 2022**
Date of Publication : 30-04-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**പരിശുദ്ധാത്മാവിനെ ലോകത്തിലേക്കയച്ചുകൊണ്ട് എല്ലാവർക്കും രക്ഷയുടെ മാർഗ്ഗം കാണിച്ചുതന്ന ദൈവമേ, പാപികളായ ഞങ്ങളിലും നിന്റെ കൃപ ചൊരിയണമേ. നിന്റെ പ്രമാണങ്ങളുടെ വഴിയിലൂടെ സദാ വ്യാപരിക്കാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ.**

**(ശ്ലീഹാക്കാലം, ഞായർ ററംശ)**

Estd. 1928 Phone 2410101
Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org